KOTTAYAM PUBLIC LIBRARY

Call No. MAI GOV-S Acc. No. 13415

Author ഗോവിന്ദപിള്ള, പി.കെ.

Title സാഹിത്യ ചന്ദ്രിക

# സാഹിത്യചന്ദ്രിക

## രണ്ടാം ഭാഗം.

13415

ഗ്രന്ഥകർത്താ,

സാഹിത്യശിരോമണി

**പി. കെ. ഗോവിന്ദപ്പിള്ള ബി. ഒ. എൽ.**

(ശ്രീനന്ദൻ, ആദികവി, വംശനാരി, രാജർഷി
മുതലായ ഗ്രന്ഥങ്ങളുടെ രചയിതാവ്)

KAMALALAYA BOOK DEPOT
POST BOX 82,
TRIVANDRUM-1.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

കമലാലയാ പ്രിൻറിംഗ് വർക്സ്,
തിരുവനന്തപുരം.

ഒന്നാംപതിപ്പ്, പ്രതി 500.] [വില രൂ. 1.

MA1

# സമർപ്പണം

പാവനാത്മികയായ

അമ്മയുടെ

ദിവ്യവാത്സല്യത്തിനു

മുമ്പിൽ.

# പ്രസ്താവന

കവിത ഹൃദയത്തിൽ കിടന്നു രൂപമെടുത്തു ബഹിർഗ്ഗമിക്കുന്നതുവരെയുള്ള ആനന്ദം അസീമമാണു്. കടലാസ്സിലേക്കു പകൎത്തുക, മാസികാപത്രങ്ങളിൽ കൂടി ദിക്കുകളിലെല്ലാം വ്യാപിക്കുക എന്നീ സമയങ്ങളിൽ ഉണ്ടാകാവുന്ന ആഹ്ലാദം മററതിനെ അപേക്ഷിച്ചു് നിസ്സാരം തന്നെയെന്നാണു് എൻെറ അനുഭവം. അങ്ങനെ ഹൃദയത്തിൽകിടന്നു് കവിത സുന്ദരമായ ഒരു രൂപം കൈക്കൊള്ളുന്ന അനഘനിമിഷങ്ങൾ ജീവിതത്തിലെ അനുഗൃഹീതങ്ങളായ അവസരങ്ങളായി ഗണിക്കപ്പെടാവുന്നവയാണു്. ആ അവസരങ്ങൾ അഥവാ നിമിഷങ്ങൾ, ക്ലേശഭൂയിഷ്ഠമായ ജീവിതത്തിൽ, പനിനീർക്കുസുമങ്ങൾ മുൾച്ചെടിയിൽ എന്നപോലെ അവൎണ്ണനീയമായ ഒരു ശോഭാതിശയത്തെ പോഷിപ്പിക്കുന്നു. ഏതാദൃശനിമിഷങ്ങളിലുള്ള ആനന്ദത്തെ ആസ്വദിക്കാൻ വേണ്ടി ഞാൻ ചിലപ്പോഴെല്ലാം കവിതാരചനയിൽ മുഴുകാറുണ്ടു്. അങ്ങനെയുണ്ടായ കവിതകളിൽ ചിലതിനെയാണു് ഈ ലഘുഗ്രന്ഥം ഉൾക്കൊള്ളുന്നതു്.

ആദ്യത്തെ കവിത (സ്വാതന്ത്ര്യമിതാ വന്നു) ആധുനികമാണു്. തകൎന്ന വീണ, വെള്ളിനക്ഷത്രം എന്നിവ മഹാകവി ടാഗോറിൻെറ നിൎയ്യാണത്തോടടുപ്പിച്ചു് ഉണ്ടായവയാകുന്നു. മററുള്ളവയെല്ലാം ഒരു പത്തുവർഷങ്ങൾക്കു മുമ്പുതന്നെ മാസികകളുടേയും പത്രങ്ങളുടേയും മൂലകളിൽ

സ്ഥലം പിടിച്ചു കഴിഞ്ഞവയാണ്. ഇവയെ 'ചന്ദ്രിക' യിൽ ഒന്ന് അണിനിരത്തിയാൽ എങ്ങനെയിരിക്കും, സഹൃദയന്മാർക്ക് എത്രമാത്രം രസിക്കും? എന്നുള്ള ജിജ്ഞാസയാണ് ഈ സാഹിത്യചന്ദ്രിക രണ്ടാംഭാഗത്തിന്റെ ആവിർഭാവത്തിന് ആദിഹേതു. അതിന്റെ ഫലം ഇനിയും അറിയേണ്ടതായിരിക്കുന്നതേയുള്ളു.

അവതാരികാകർത്താവായ മഹോപാധ്യായ എൻ. രാഘവൻനായർ അവർകൾ എന്റെ പ്രിയസുഹൃത്തായിട്ടുള്ളതുകൊണ്ടോ പ്രതിഫലേച്ഛയില്ലാതെ ചെയ്ത ഉപകാരത്തിന് കൃതജ്ഞത പ്രദർശിപ്പിച്ചാൽ അദ്ദേഹത്തിനു നീരസം ഉണ്ടായേക്കുമെന്നു ഭയന്നോ ഞാൻ കൃതജ്ഞത പറയാതിരിക്കാൻ നിശ്ചയിച്ചിട്ടില്ല. കൃതജ്ഞതാപ്രകടനം ഇവിടെ എന്റെ അവശ്യകർത്തവ്യമാണ്! അദ്ദേഹം കവിതകളെ എല്ലാം ഒന്നു സമഗ്രമായി അവലോകനം ചെയ്യുകയും അങ്ങിങ്ങു കണ്ട ഗുണപരമാണുക്കളെ പർവ്വതീകരിച്ചു കാണിക്കുകയും ചെയ്തിരിക്കുന്നു. വിമർശനശക്തിയുടെ നയനങ്ങളെപ്പോലും പലപ്പോഴും അന്ധീഭവിപ്പിക്കുമാറ് അനർഗ്ഗളം പായുന്ന അദ്ദേഹത്തിന്റെ സ്നേഹപ്രവാഹത്തിന് അനേകകോടി നമസ്കാരം!

അവതാരികയിലെ ഒരു പ്രസ്താവന അല്പം തെററിദ്ധാരണയ്ക്ക് ഇടംകൊടുക്കുകയില്ലേ എന്നു സംശയം. 'ആനന്ദകവിത'യെ വിമർശിക്കുന്ന കൂട്ടത്തിൽ "കവനകർമ്മത്തിന് ഒരുമ്പെട്ടിരുന്ന അദ്ദേഹത്തിന്റെ മടിത്തട്ടിൽ ഓമനസന്താനം വലിഞ്ഞിഴഞ്ഞുകയറി പേന ബലാൽ പിടിച്ചെടുത്തു". എനിക്കു സാഹിത്യസന്താനങ്ങളല്ലാതെ മററു സന്താനങ്ങളാരും ഇല്ലെന്നു

ഞാൻ ഇതേവരെ വിവാഹബദ്ധനായിട്ടുപോലും ഇല്ലെന്നുള്ള പരമാർത്ഥം അദ്ദേഹം വിസ്മരിച്ചതുപോലെതോന്നുന്നു. ഈ തെററിദ്ധാരണ ഇന്നു് ചിലരുടെ മനസ്സിനെ വിഷമിപ്പിച്ചേക്കുമെന്നു ശങ്കിച്ചാണു് ഇത്രയും പ്രസ്താവിച്ചതു്. എന്നാൽ അതു് അദ്ദേഹത്തിന്റെ അകളങ്കമായ ആശംസമാത്രമാണെങ്കിൽ ഞാൻ അതു് "നതേന മൂർദ്ധ്നാ" സ്വീകരിച്ചേക്കാം!

സാഹിത്യചന്ദ്രിക ഒന്നാംഭാഗം പുറത്തു വന്നിട്ടു് പത്തു വർഷം കഴിഞ്ഞതാണു് രണ്ടാംഭാഗം ഇപ്പോൾ രംഗപ്രവേശം ചെയ്തിരിക്കുന്നതു്. അതും ഇപ്പോഴെങ്കിലും പുസ്തകരൂപം കൈക്കൊണ്ടതു് കമലാലയപ്രസ്സുടമസ്ഥനായ ശ്രീമാൻ പി. നാരായണൻനായർ അവർകളുടെ പ്രോത്സാഹനം കൊണ്ടു മാത്രമാകുന്നു. അദ്ദേഹത്തെ ഞാൻ കൃതജ്ഞതാപുരസ്സരം സ്മരിച്ചുകൊള്ളട്ടെ.

ഇനിയും അനേകം കവിതാശകലങ്ങൾ മാസികകളിലും മററും ഒളിഞ്ഞു കിടക്കുന്നതേയുള്ളു. അവയേയും പുസ്തകരൂപത്തിൽ അചിരേണ പ്രകാശിപ്പിക്കാമെന്നു പ്രതീക്ഷിക്കുന്നു.

University publications　　　പി. കെ. ഗോവിന്ദപ്പിള്ള
Trivandrum,
11—3—1123.

# അവതാരിക.

—:o:—

ശ്രീമാൻ സാഹിത്യശിരോമണി പി. കെ. ഗോവിന്ദപ്പിള്ള അവർകളുടെ 'സാഹിത്യചന്ദ്രിക' രണ്ടാംഭാഗം സഹൃദയസമക്ഷം അവതരിപ്പിക്കാനുള്ള ആനന്ദം അപരിമിതമാണു്. ഒരു ഒന്നാന്തരം പണ്ഡിതനും സഹൃദയനും ആയ ഈ സരസകവി ചില വിഷയങ്ങളെ ആസ്പദമാക്കി പല അവസരങ്ങളിലായി നിർമ്മിച്ചിട്ടുള്ള കവനങ്ങളുടെ ഒരു സമാഹാരമാണു് പ്രസ്തുതകൃതി. മാനവസമുദായത്തിൻെറ സംസ്കാരകേദാരമായ ശ്രീ ഭാരതാംബികയുടെ നിസ്തുലവും വിശേഷോത്തരവുമായ സ്വാതന്ത്ര്യചരിത്രത്തിൽ സമാരംഭിച്ചു് 'തപോബലസ്മാരകമാം പുണ്യവാസര'ത്തിലെ വിഷുക്കണികണ്ടു് മധുസ്യന്ദിവാണിയായ ആനന്ദകവനത്തെ ഉപസർപ്പണം ചെയ്തു്, തകർന്ന വീണയിൽ എന്നും എങ്ങും മുഴങ്ങീടുന്ന ആദ്ധ്യാത്മികഗാനത്തെ സാനന്ദം ശ്രവിച്ചു് (ഗാനലോലുപനായി) തിരുനാൾമംഗളത്തിൽ ആ കോമളഹൃദയം കുളിർത്തു്, ആകപ്പാടെ ചിത്രമൊന്നു മാറി, ജീവിതത്തിൻെറ വികാസമായ യൗവനത്തിലെത്തി, വീരശൃംഖലാവലംബിയായ 'റബീന്ദ്രനെ സാന്ത്വനം ചെയ്തു്', ശുഷ്കബീജത്തിൻെറ അന്തഃസത്തയുടെ ഭാവിജീവിതത്തെ വാഴ്ത്തി ജീവിതാശയെ മുറുകെപ്പിടിച്ചു് ഇന്ദ്രജാലം നടിച്ചു്, വെള്ളിനക്ഷത്രത്തിൻെറ ദിവ്യമഹസ്സിൽ വിഷാദത്തെ ആറാടിച്ചു്, നിന്നെ നീ സമർപ്പിക്കാത്തതിൽ ദുഃഖിച്ചു് നാളെ ഉണ്ടാകാൻ പോകുന്ന സൗഭാഗ്യത്തെ ഓർത്തു് സമാധാനപ്പെട്ടു്, ഉൽകണ്ഠയിൽ ഉഴലാതെ ഓടക്കുഴലൂതിൻെറ മഞ്ജുമരന്ദപാനത്തിൽ ലയിച്ചു് എൻെറ യഥാ

ത്ഥക്ഷേത്രത്തിൽ പ്രവേശിക്കുന്ന ഒരു വസ്തുസ്ഥിതിയാണു് ഈ കാവ്യതല്ലജത്തിൽ കാണുന്നതു്.

യഥാർത്ഥമായ കലാബോധത്തിൽനിന്നും സംജാതമായ കവിതാവിലാസവും, സൂക്ഷ്മാന്വേഷണത്തിൽനിന്നും ലഭിച്ചിട്ടുള്ള തത്വസഞ്ചയവും പ്രസ്തുതകൃതിയിൽ സർവാങ്ഗീണമായി പരിലസിക്കുന്നുണ്ടു്. സർവജനസമാരാധ്യയായ പ്രകൃതിയുടെ സൗന്ദര്യത്തെ വികാരനിർഭരമായി ആസ്വദിക്കുന്നതിലും ഗ്രന്ഥകർത്താവു് ഒട്ടും പിന്നോക്കമല്ല. കാവ്യകലയുടെ ഏതുനിലയെ അവലംബമാക്കി ആലോചിച്ചാലും ഈ കാവ്യം ആലോചനാമൃതമാണെന്നു് പറയാതിരിക്കാൻ തരമില്ല. അലങ്കാരശാസ്ത്രമർമ്മജ്ഞന്മാരും സഹൃദയന്മാരുമായ ഒരാൾക്കു് ഈവക സംഗതികൾ ഒരു വിഹഗവീക്ഷണം കൊണ്ടുതന്നെ മനസ്സിലാക്കാൻ സാധിക്കുന്നതാണു്.

ചന്ദ്രികയും, മന്ദാനിലനും, കുയിൽനാദവും മററും ആനന്ദസന്ദായകങ്ങളാണു്. സാഹിത്യചന്ദ്രികയുടെ കഥ പറയേണ്ടതുമില്ലല്ലോ. "കാവ്യം സുഗേയം കഥ രാഘവീയം, കർത്താവു തുഞ്ചത്തുളവായ ദിവ്യൻ........" എന്ന മട്ടിൽ കാവ്യം സാഹിത്യചന്ദ്രിക, പ്രതിപാദ്യങ്ങൾ— ഏതൊരുജീവിയും കൊതിക്കുന്ന സ്വാതന്ത്ര്യാദികൾ; കർത്താവു് സരസാഗ്രണിയായ ശ്രീമാൻ ഗോവിന്ദപ്പിള്ള ശാസ്ത്രികൾ; പിന്നെ, അതിന്റെ ഗുണങ്ങളെപ്പററി പറയുന്നതു സാഹസമാകയില്ലേ എന്നു ഞാൻ സംശയിക്കുന്നു.

സംസാരസാഗരത്തിലെ ദുരിതതരംഗപരമ്പരകളിൽ അകപ്പെട്ടു് നീക്കുംപോക്കുമില്ലാതെ വീർപ്പുമുട്ടി നട്ടംതിരിയുന്ന മനുഷ്യരാശിയെ സാന്ദ്രാനന്ദാത്മകമായ മധുര

വചനങ്ങൾകൊണ്ടു് സമാശ്വസിപ്പിച്ചു്, യഥാർത്ഥത്തിലുള്ള ജീവിതലക്ഷ്യത്തിലെത്താൻ ആത്മാർത്ഥമായി പ്രേരണംചെയ്യുന്ന ഒരു ധർമ്മം കാവ്യത്തിനുണ്ടായിരിക്കണമല്ലോ. ആ ധർമ്മം പ്രസ്തുതകൃതിയിൽ എത്രമാത്രം ഉണ്ടെന്നും, അതു് എത്രകണ്ടു് ഹൃദ്യമായിരിക്കുന്നുവെന്നും ഒന്നു ചിന്തിക്കണം. ഈ കാവ്യസമാഹാരത്തെ—സമഗ്രമായി പരിശോധിക്കുന്നതും ഒന്നൊന്നായി അവതരിപ്പിച്ചു് സഹൃദയലോകത്തെ കാവ്യാപഗയിൽ ആറാടിക്കുന്നതും, ഉപന്യാസവിസ്താരംകൊണ്ടു് കേവലം സാഹസമായിപ്പോകും. അതിനാൽ "സ്ഥാലീപുലാകന്യായേന" ചില ഭാഗങ്ങൾമാത്രം ഉദ്ധരിച്ചു് രസികലോകത്തെ രസാസ്വാദനോന്മുഖരാക്കാമെന്നുമാത്രം ആശിക്കുന്നു.

'സ്വാതന്ത്ര്യമിതാവന്നു' എന്ന കവിതയിലെ 'ഇതാവന്നു' എന്ന പ്രയോഗംതന്നെ സ്വാതന്ത്ര്യലബ്ധിയിൽ, പരതന്ത്രരായ നമുക്കുള്ള അത്യാശയും ആനന്ദവും അതനുഭവിക്കാനുള്ള ഔത്സുക്യവും അതീവ പ്രകടമാകുന്നു. അതിലെ ഓരോഭാഗമായി വായിക്കുമ്പോളാണു് ഭാവനാചന്ദ്രൻ ഉദിച്ചു് മാനസാകാശത്തെ ആനന്ദക്കുളിർനിലാവിലാറാടിക്കുന്നതു്. സ്വാതന്ത്ര്യം സമാഗതമായ ആ സുദിനത്തിൽ— ഭീകരനിശീഥത്തിൽ— പ്രകൃതിദേവിക്കുണ്ടായ വിക്ഷോഭങ്ങളെ—ഭാവഭേദങ്ങളെ കവി വർണ്ണിക്കുന്നതു നോക്കുക:—

"വൃക്ഷവല്ലികളെല്ലാം, ഞെട്ടിപ്പോയുലഞ്ഞുപോയ്
അപ്രതീക്ഷിതമേതോ സംഭവിച്ചെന്നതുപോലെ
വൃഷ്ടിയുമേറി, ശാന്തിഹീനയായ് പ്രകൃതീശി-
രുഷ്ടപോൽക്ഷോഭിച്ചതിഭീകരാരവംപൂണ്ടു!"

ഈ വിക്ഷോഭത്തിന് അദ്ദേഹം കാണുന്ന സമാധാനം എത്ര ഗംഭീരവും സുന്ദരവുമായിരിക്കുന്നു എന്നുള്ളതും അറിയേണ്ടതാണ്.

"അഴലിൻഫലംചെയ്യാമാനന്ദമേറിപ്പോയാൽ!
ഇരുളിൻ ഫലം ചെയ്യാം പ്രകാശംകൂടിപ്പോയാൽ"!

മഹാകവി കുമാരനാശാൻ സ്വകൃതിയായ പ്രരോദനത്തിൽ—ഭാവത്തിൻ പരമകോടിയിൽ സ്വയമഭാവത്തിൻ സ്വഭാവംവരാം എന്നുച്ചരിച്ചിട്ടുള്ള ആശയത്തിന്റെ സാഹോദര്യം ഈ വരികൾ വരിക്കുന്നുണ്ടെന്ന് സസന്തോഷം പറയാം.

"എത്രയോകാലങ്ങളായ് ഞങ്ങൾകണ്ടീട്ടുംദിവ്യ-
സ്വപ്നങ്ങൾയഥാർത്ഥമായ്തീർക്കുന്ന നിമേഷമേ!
അങ്ഗ്ലീയിൽ വൈദേശികർതൻഉഗ്രോരടിമത്ത-
ച്ചങ്ങല മുറിക്കുന്ന മങ്ഗളമുഹൂർത്തമേ!
നൂററാണ്ടു രണ്ടോളവും നീണ്ടൊരന്തമിസ്രയെ
മാററുവാനടിക്കുന്ന പൊന്നുഷഃപ്രകാശമേ!
ഭാരതത്യാഗത്തിന്റെ ദുഗ്ദ്ധസിന്ധുവിൽനിന്നു
ഭാസുരമുയർന്നൊരു ശീതാംശുമണ്ഡലമേ!
ചിരമാമഹാത്മജി തീവ്രമായനുഷ്ഠിച്ച
പരമതപസ്സിന്റെ പാവനസാഫല്യമേ!
'സത്യവുമഹിംസയും വെല്ലുന്നു മേന്മേലെ'ന്നു
നിസ്തുലം മുഴങ്ങുന്നൊരാനന്ദസംഗീതമേ!
സ്വാതന്ത്ര്യമഹാലക്ഷ്മി! വിശൈ്വകവന്ദ്യേ! പരി-
പൂതമാംനിൻപാദത്തിൽസാഷ്ടാങ്ഗം നമസ്കാരം!

എന്നിങ്ങനെ സ്വച്ഛന്ദസുന്ദരവും മധുരമധുരവുമായ ആ മുഹൂർത്തത്തെ, സ്വാതന്ത്ര്യലബ്ധിയിൽ ആനന്ദപരവശ

നായ കവി ഉല്ലേഖനം ചെയ്തിരിക്കുന്നതിന്റെ ഔചിത്യം പറഞ്ഞറിയിക്കത്തക്കതല്ല. അനവധിധർമ്മങ്ങൾ ഉള്ള ഒരു വസ്തുവിനെ അവയ്ക്കനുഗുണമായി ഉല്ലേഖനം ചെയ്യുന്നതാണല്ലോ ഉപമോൽപ്രേക്ഷാദികളേക്കാൾ ഉചിതമായിട്ടുള്ളത്. ഇങ്ങനെ ഔചിത്യത്തിനു കോട്ടംതട്ടാതെയും, ആശയത്തിനു ക്ലേശം അണയാതെയും കാവ്യത്തെ പുരോഗമിപ്പിക്കുന്നതിൽ കവി പ്രകടിപ്പിച്ചിട്ടുള്ള കൗശലം സ്തുത്യർഹം ആണ്. ഇതേ കവനത്തിൽതന്നെ.

"ശത്രുവിൽപോലും മംഗളാശിസ്സുകൾ തൂകും വീരയോധരെയും" "ശാന്തിയിൽക്കൂടിത്തന്നെ മംഗളസ്വാതന്ത്ര്യത്തിൽ ഗമിച്ചവരേയും" പ്രസവിച്ച വീരസൂവായ ഭാരതാംബയുടെ 'ആയുധമാം ആദ്ധ്യാത്മികശക്തി'യേയും 'തോക്കുതൊട്ടാററംബോംബുവരെയുള്ളുഗ്രായുധം —— തോല്ക്കുമാറുള്ള അഹിംസയേയും ചർക്കയുടെ അന്യാദൃശമായ മേന്മയേയും, കാവ്യമർമ്മജ്ഞനായ കവി സമുചിതാലങ്കാരങ്ങൾ അണിയിച്ച് നമുക്കു പ്രത്യക്ഷമാക്കിയിരിക്കുന്നതും ദർശനീയമായിരിക്കുന്നു. അനന്തരം അദ്ദേഹം,

"സത്യത്തിൻ പതാകികേ! ത്യാഗത്തിൻവൈജയന്തി
സാത്ത്വികധർമ്മത്തിന്റെ പൊൻകൊടിക്കൂറേ! തൊഴാം!

എന്നു ത്രിവർണ്ണപതാകയെ ഭക്തിപൂർവ്വം നമിക്കുകയും,

"ഈ മഹാഹ്ലാദത്തിന്റെ ശുഭ്രമാം വിഹായസ്സിൽ
ശ്യാമരേഖയൊന്നതാ കാണുവാൻ—ഭാഗം, ഛേദം!

എന്നു ഹൃദയം തകർന്നു വിലപിക്കുകയും ഉത്തരക്ഷണത്തിൽത്തന്നെ ആത്മബോധം ഉദിച്ച്—

"ഹാ! വിഭാഗത്തെപ്പററി കണ്ണുനീർവാർക്കേണ്ട നാം
പാവനസ്നേഹാമൃതം മുറിവിൽ നിറയുമ്പോൾ

ഇന്നിമേൽ മുറിയാത്തമട്ടിലൊന്നിക്കും, ദൃഢം
പിന്നെയുമഖണ്ഡമായ് ഭാരതം വിരാജിക്കും''

എന്നു സമാശ്വസിക്കുകയും ചെയ്യുന്നു. കാലാന്തരത്തിൽ ഭാരതം, പാകിസ്ഥാനെന്നും ഇൻഡ്യയെന്നുമുള്ള വിഭാഗം നശിച്ച് അഖണ്ഡഭാരതമാകുമെന്നും എല്ലാപേരും ഏകോദരസഹോദരങ്ങളെപ്പോലെ സസ്നേഹം കഴിഞ്ഞുകൂടുമെന്നും ഇന്നിമേൽ ഒരവസരത്തിലും ഭാരതം—

“പാരതന്ത്ര്യഘോരശൃങ്ഖലയാലേ ബദ്ധയാവുകയില്ല'' എന്നും ക്രാന്തദർശിയായ അദ്ദേഹം ദൃഢമായി വിശ്വസിക്കുന്നു. ആ വിശ്വാസത്തിൽ അടിയുറച്ച കവി സമത്വസുന്ദരവും, സുഭിക്ഷതയും നിറഞ്ഞ ഭാവിയെ വീക്ഷിക്കുകയും, ആ ദിവ്യവും ഭവ്യവുമായ സ്വാതന്ത്ര്യത്തിന്.........

“സ്വാഗതം മഹാത്മാവേ! ഭൂമിയിൽ ദിവ്യോജ്ജ്വല-
സ്വാരാജ്യം സുധർമ്മകന്ദരം സ്ഥാപിക്കുവാൻ
വന്നാലും പൂവിട്ടിതാ നില്ക്കുന്നു ഞങ്ങൾ നിത്യാ-
നന്ദത്തിലുയരട്ടെ ഭൂലോകം, സുമംഗളം''

എന്നിങ്ങനെ ഹാർദ്ദമായി സ്വാഗതമരുളുകയും, പൂവിട്ടു വന്ദിക്കുകയും, മംഗളം ആശംസിക്കുകയും ചെയ്യുന്നു. ആദ്യന്തം ഈ നവീനകവനം സ്വാതന്ത്ര്യാമൃതംപോലെ ആസ്വാദ്യവും, ആനന്ദകരവും ആണെന്നു വീണ്ടും പറയുവാൻ വളരെ കൗതുകമുണ്ട്.

സകല കവിതകളേയും ഒന്നൊന്നായി ഉദ്ധരിച്ച് അവയുടെ രസികത വെളിപ്പെടുത്താമെന്നു വിചാരിച്ചാൽ അവതാരിക വളരെ ദീർഘിച്ചുപോകുമെന്നു വലിയ ഭയം ഉണ്ട്. എങ്കിലും “വിഷുക്കണി'' കാണാതെപോകുന്നതു്

തീരെ ഉചിതമല്ലല്ലോ. അതിനാൽ അതിൽ അന്തർഭവിച്ചിട്ടുള്ള തത്വശകലം എന്താണെന്നു് അന്വേഷിക്കേണ്ടതു് അവശ്യം വേണ്ട ഒരു സംഗതിയാണു്. തത്വപ്രതിപാദനം ഇല്ലാത്ത കവിത വാസന ഇല്ലാത്ത സൂനംപോലെയോ ജീവനില്ലാത്ത ശരീരംപോലെയോ ആണെന്നു പറയുന്നതിൽ അപാകമില്ല. ജ്യോതിഃശാസ്ത്രസമ്മതവും സമ്മാന്യവുമായ വിഷു സകലജനസമാരാധ്യമാണെന്നു് പറയേണ്ടതില്ലല്ലോ. വിഷുക്കണിയുടെ ഫലം സംവത്സരവ്യാപിയാണു്. കണികാണുന്നതിനു് പൂർവ്വാചാരവും, ശാസ്ത്രവും അനുസരിച്ചു് ചില മങ്ഗലപദാർത്ഥങ്ങൾ നേരത്തേതന്നെ ശേഖരിച്ചുവയ്ക്കുന്നതു സാധാരണമാണു്. കൊന്നപ്പൂവു്, മാങ്ങ, തേങ്ങ, കണ്ണാടി (ആദർശം) നെല്ലു്, അരി മുതലായവയാണു് ആവക സാധനങ്ങൾ. അവയിൽ ഓരോന്നിലും അടങ്ങിയിട്ടുള്ള തത്വം എന്താണെന്നു തത്വജ്ഞനായ കവി പാടീട്ടുള്ളതു് മനസ്സിലാക്കി രസിക്കുന്നതിനു് ഈ ചെറുകവിത മുഴുവനും ഒന്നു വായിച്ചുനോക്കണമെന്നു് സഹൃദയന്മാരായ വായനക്കാരോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

എല്ലാവരും ഏകയോഗക്ഷേമമായി ഒരു നൂലിൽ കോർത്ത മണികൾപോലെ തിളങ്ങണമെന്നും, കാരുണ്യാമൃതമുള്ള ഹൃദയത്തോടുകൂടിയവരായിരിക്കണമെന്നും

“സദ്വ്യവസായവും കാരിരുമ്പിൻമെയ്യും
സ്നേഹപയസ്സെഴുമുൾത്തളിരും
സ്വച്ഛമായുള്ളിൽ നിഗ്രഢം ലസിക്കുന്ന
സച്ചിദാനന്ദസുധാപൂരവും

മനുഷ്യന് എപ്പോഴും വേണമെന്നും, സകല മഹത്തത്തിനും ആഹാരം അടിസ്ഥാനം ആണെന്നും, ആഹാരമില്ലെങ്കിൽ ജ്ഞാനവും, വീര്യവും, ദിവ്യപ്രതിഭയും, ഗാനാദി സൽകലാചാതുര്യവും, ഉൽകൃഷ്ടരമ്യാശയങ്ങളും—എന്തിനാണൊക്കെ ഒളിക്കും ജഠരാഗ്നിയിൽ! (വിശപ്പുള്ളവൻ ഈശ്വരനെപ്പോലും ആഹാരത്തിൻെറ ആകാരത്തിലാണു കാണുന്നതെന്ന് മഹാത്മാ ഈയിടെ പ്രസംഗിച്ച കാര്യം സ്മരണീയമാണ്.) എന്നും അതിനാൽ വിശപ്പുള്ളവൎക്ക് ആഹാരം നൽകി സ്നേഹപൂർവ്വം പെരുമാറുന്നതാണ് ക്ഷേമത്തിനു നിദാനമെന്നും മററും അനവധി തത്ത്വങ്ങൾ ഈ കവനത്തിൽ നിഗമനംചെയ്തിട്ട് പൂർവ്വകാലസൗഭാഗ്യങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട് കവി തത്ത്വൌഘസ്മാരകമായ ആ പുണ്യവാസരത്തിനു മംഗളം അരുളുന്നു.

വിഷുക്കണിക്കുള്ള സാധനങ്ങളിലടങ്ങീട്ടുള്ള തത്ത്വങ്ങളെ ഇത്ര ഹൃദ്യമായി നമ്മെ മനസ്സിലാക്കിത്തന്നതിന് പരമാർത്ഥത്തിൽ നാം അദ്ദേഹത്തോടു കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്.

ആനന്ദകവിത അതീവ നന്നായിട്ടുണ്ടെന്നും, സരസമായി പല അറിവുകളും അതിൽ അടക്കിയൊതുക്കി വച്ചിട്ടുണ്ടെന്നും അതിലൊന്നു കണ്ണോടിച്ചാലറിയാവുന്നതാണ്. വഴിപിഴച്ച പ്രേമത്തേയും. അയഥാർത്ഥമായ സൗന്ദര്യത്തേയും കവി പരിഹസിക്കുന്നതു നോക്കുക.

“കമനിതൻെറ പുറന്തൊലിപ്പുച്ചിനെ
വിമലസൗന്ദര്യമെന്നപേക്ഷിതിയും
പരമതിലെഴും കാമം പ്രണയമെ–
ന്നരുളിയുമഹോ! വിഭ്രമിക്കുന്നതാം

നരരെയൊക്കെ വെറുത്തിരിക്കാമവറം
പരമനിർമ്മലപ്രേമസ്വരൂപിണി"

കാവ്യകമനിയെ ആശ്ലേഷിക്കുവാൻ കൊതിക്കുന്ന കവിക്കുണ്ടായ ഒരനുഭവമെന്തെന്നു നോക്കാം. കവനകർമ്മത്തിനു് ഒരുമ്പെട്ടിരുന്ന അദ്ദേഹത്തിന്റെ മടിത്തട്ടിൽ ഓമനസ്സന്താനം ഒരുമട്ടു വലിഞ്ഞിഴഞ്ഞുകയറി പേന ബലാൽ പിടിച്ചെടുത്തു. കടലാസ്സിൽ എന്തൊക്കെയോ കുത്തിവരച്ചു; എന്തൊക്കെയോ തോന്നിയപോലെ വായിച്ചു; തിരിഞ്ഞു മുഖത്തുനോക്കി കുന്നു് അർത്ഥഗർഭമായി പുഞ്ചിരിതൂകി, ചിലരസ്സരസ്സുകയും ചെയ്തു. അതു്:—

"ഭവാൻ സദാകുലതയോടും പരിശ്രമിച്ചെങ്കിലും
കഴിവെഴാഞ്ഞു; ഗതശ്രമം ഞാനിരുന്നെഴുതിട്ടംസത്-
[കവിത

കാൺകെന്നതാം—" എന്നതാണുപോലും.

ആ പിഞ്ചുപൈതലിന്റെ പുഞ്ചിരിയിൽ—കാവ്യം സുകൃതലഭ്യമാണെന്നും; നരാധമനു് സുലഭമല്ലെന്നും കവനനായിക രണ്ടുപേൎക്കുമാത്രമാണു് വിധേയയായിട്ടുള്ളതെന്നും ഉള്ള സാരം അന്തർഭവിച്ചിട്ടുണ്ടു്. ആ രണ്ടുപേർ

"അഘമശേഷവും വെന്ന മുനീന്ദ്രനു-
മഘമൊരല്പവുംതീണ്ടാത്ത കുഞ്ഞും"

മാത്രമാണു്. നോക്കണേ കവിയുടെ യോഗ്യത! കവിതപത്തിന്റെ മാററു്! വല്ല ഉദ്ദേശ്യത്തോടുകൂടി വല്ലതും പറയുന്നവരൊക്കെയാണോ കവികൾ!

ആ അരുമസന്താനം കുത്തിവരച്ചതിൽ പല നിഗൂഢാർത്ഥവും വിലസിയിരുന്നതായി കവി കാണുന്നു-

വിലാപം മുഴുവൻ തിങ്ങിവിളങ്ങുന്ന പരമസൌന്ദര്യപൂരം ആ ശിശുവിന് ദൃശ്യമാണെന്ന്:—

"അവനദൃശ്യമാം—കണ്ണൻചിരട്ടയിൽ-
മണലിൽ—ആയതുകണ്ടുരസിച്ചവൻ
നിയതമോതുന്ന തോന്നുന്നഭാഷയിൽ
പ്രിയതമങ്ങൾ മധുസ്യന്ദിവാണികൾ—"

ഈ വരികൾകൊണ്ടു് സമത്ഥിക്കുന്നു. ഇവിടെയെല്ലാം ഒളിഞ്ഞും തെളിഞ്ഞും വിളങ്ങുന്ന കാവ്യസൌന്ദര്യം അനിർവചനീയമെന്നല്ലാതെ എന്തു പറയേണ്ടൂ?

അടുത്ത കവിത തകന്നവീണയാകുന്നു്. മഹാകവി രവീന്ദ്രനാഥടാഗോറിൻെറ ചരമവാത്തയാണു് തകന്ന വീണയിലെ പ്രതിപാദ്യവസ്തു. വിലാപകവനങ്ങൾ പലതും നമ്മുടെ ഭാഷയിൽ ആവിർഭവിച്ചിട്ടുണ്ടു്. വിലാപം ആക്കും ഹൃദ്യമല്ലെങ്കിലും തത്സംബന്ധമായ കവിത ആസ്വദിക്കുന്നവർ തീരെ വിരളമല്ല. അത്തരം ഹൃദ്യങ്ങളായ പദ്യങ്ങളെടങ്ങിയ ഉത്തമകാവ്യങ്ങളോടു കിടനില്ക്കാൻ കെല്പുള്ള ഒരു കൃതിയാണിതെന്നു് മനസ്സിരുത്തിവായിച്ചുനോക്കുന്ന സഹൃദയന്മാർ തലകുലുക്കി സമ്മതിക്കതന്നെ ചെയ്യും. വിശിഷ്യ, ടാഗോർകൃതികൾ വായിച്ചു രസിക്കുന്നതിലും, കാര്യം ഗ്രഹിക്കുന്നതിലും അസാമാന്യമായ താൽപര്യവും വാസനയും ഉള്ള പ്രസ്തുതഗ്രന്ഥകത്താവിന്നു് അതിയായ ദുഃഖം, ആ കവിയുടെ ചിരവിരഹത്തിൽ സംജാതമായതു് അത്ഭുതമല്ലല്ലോ. ആ മഹാനുഭാവൻെറ വിയോഗത്തിൽ ഉണ്ടായ ഉൽകടമായ സങ്കടത്തെ:—

"വാഗംബ താൻമീട്ടിടുമിമ്മനോജ്ഞ-
വിപഞ്ചിതൻതന്ത്രിതകർന്നനേരം
അതിൻപ്രതിധ്വാനമുയർന്നിടുന്നു
ബ്രഹ്മാണ്ഡ സംക്രന്ദനമെന്നപോലെ"

എന്നു് ഉൽപ്രേക്ഷിച്ചിരിക്കുന്നതിന്റെ സാരസ്യം അത്യന്തം ഹൃദ്യമാണു്. ഈ കവനത്തിൽ ആപാദചൂഡം പരിലസിക്കുന്ന അലങ്കാരങ്ങൾ വാണീദേവിക്കു് അണിയാനുള്ള ഭൂഷണങ്ങളിൽ പ്രാധാന്യമേറിയവയാണു്. മഹാകവിയെ ചിത്രണം ചെയ്തിരിക്കുന്നതു്:—

"സ്വഭാവനാപത്രമൊട്ടും പറന്നു
ലോകേശവാഹൻ ദ്രുതമേതുതാർക്ഷ്യൻ
സ്വർഗ്ഗ്യാമൃതംകൊണ്ടിവിടെത്തി ദുഃഖ-
വിമുക്തയാക്കി വിനതാംബതന്നെ?
മഹാത്മജിക്കും ഗുരുദേവനാര-
ഗ്ഗീതാഞ്ജലീപൂജിതനായ് ലസിച്ചു
അക്കാവ്യചിന്മൂർത്തി-രവീന്ദ്രനാഥ-
ടാഗോർ-നമിക്കു മമതൂലികേ! നീ"

എന്നിങ്ങനെയാണു്. ലോകൈകവന്ദ്യനായ മഹാത്മജിക്കുപോലും ഗീതാഞ്ജലി ഉപദേശിച്ച പുണ്യശ്ലോകന്റെ മഹിമ പറയേണ്ടതുണ്ടോ? ഈവിധം മഹിമയേറിയ ഗുരുനാഥന്റെ ദേഹവിയോഗത്തിൽ പരിദേവനം ചെയ്യുന്ന കവി മഹാകവിയെ ദർശിക്കുന്നതെങ്ങിനെ എന്നു നോക്കുന്നതു് രസാവഹമാണു്.

"വിശ്വാന്ധകാരാപഹഗോവിലാസൻ
വിശിഷ്ടനാമാരവിയസ്തമിച്ചു!

ഭൂമണ്ഡലം നിഷ്പ്രഭമായ് ചമഞ്ഞു
ഹാ! ദുർവിധേ! നീ ചരിതാർത്ഥനായി!
ആകാരമത്യുജ്ജ്വലദീർഘരമ്യം
പ്രശസ്തമേററം പ്രതിഭാവിലാസം;
കണ്ഠസ്വനം കമ്രസുധായമാനം;
കാവ്യം സമീർഷ്യാവഹമായ കാവ്യം;—
..............................
..........................................
നരച്ചു നീണ്ടുള്ളൊരു താടി—ഒക്കെ-
കണ്ടാലുടൻ താൻ മനുജന്നു താനേ
കരങ്ങൾ കൂമ്പുന്ന പുരാണദിവ്യ-
മഹർഷിതൻ സന്നിധിയിൽക്കണക്കേ"

മഹാകവി കുമാരനാശാൻ "പ്രരോദന"ത്തിൽ രാജരാജവർമ്മ തിരുമേനിയെ വർണ്ണിക്കുന്നതുപോലെ അതീവസരസമായിട്ടുള്ള ഒരു വർണ്ണനയാണിതെന്നു നിസ്സംശയം പറയാവുന്നതാണു്. ഈ വർണ്ണനയ്ക്കുശേഷം, അദ്ദേഹം 'നോബൽ' സമ്മാനം നേടിച്ച കഥ ഉപന്യസിക്കുകയും, ശാന്തിനികേതനത്തിന്റെ കാന്തിയെ—

"അന്വർത്ഥമാം ശാന്തിനികേതനം തദ്-
യോഗീന്ദ്രയോഗോചിതശാന്തഗേഹം
നില്പൂ യശസ്തൂപികപോലെ വാണി-
മാതിന്റെ കേളീഗിരിയെന്നപോലെ!

എന്നു വിസ്തരിക്കുകയും ചെയ്തിട്ടു് കർത്തവ്യനിർവഹണത്തിൽ വ്യഗ്രനായ കവി

"ശ്രീഭാരതാരാമഗകോകിലേന്ദ്ര!
പതിക്കിലും താവകനാദരാഗം

എന്നും ത്വൽപാദാധ്യാത്മികഗാനമെങ്ങും
മുഴങ്ങിടും; ദേവി നമോനമസ്തേ!"

എന്നു് നമസ്കരിച്ചു് തന്റെ ആധമർണ്ണ്യത്തിൽനിന്നും മുക്തിനേടുന്നു.

അടുത്തതായ ചില കവനങ്ങൾ തിരുനാൾ മങ്ഗളം, ചിത്രംമാറി, വികാസം എന്നിവയാണു്. അവയും വിഷയത്തിനനുരൂപമായ ഭങ്ഗിയായിട്ടുണ്ടെന്നു സന്തോഷസമേതം പറയാവുന്നതാകുന്നു.

"ശ്രീവഞ്ചിവസുന്ധരേ! ശ്രീവാഴുംകോടേ; ഭാഗ്യ
ദേവത കളിക്കുന്ന കാഞ്ചനപ്പൂപ്പന്തലേ!
നിന്നാത്മരമണനാമപ്പൊന്നുതിരുമേനി
തന്നുടെയപദാനഗീതികാസഹസ്രങ്ങൾ
മർത്ത്യമാനസനിഷ്ഠൂടാനന്ദപ്പൂവർഷങ്ങൾ
മങ്ഗളമന്ദാകിനീമഞ്ജുളതരങ്ഗങ്ങൾ
മാതാവേ! മൽഹൃദയചൈതന്യമാകന്ദമകരന്ദ-
മാധുരീധുരീണമാക്കീടുന്നു നിൻവ്യോമത്തെ

..............................................

മാറിവില്ലല്ല— ജയലക്ഷ്മി സാദരം
മാറത്തണിയിച്ച മഞ്ജുളമാലിക
ശ്രീലനവവർണ്ണലീലാവിചിത്രമാ-
നീലജീമൂതത്തിന്നാഭക്രൂട്ടീപരം
ഹാ തമോരൂപരാമായവക്കുള്ളിലായ്
ചൈതന്യമല്പവുമുണ്ടോ നിനയ്ക്കുകിൽ"

ഈ ഭാഗങ്ങളിൽ തെളിഞ്ഞുവിളങ്ങുന്ന ശബ്ദാർത്ഥസൗന്ദര്യം അനുഭവൈകവേദ്യമാണു്.

"വികാസം" മഞ്ജരീവൃത്തത്തിൽ വിരചിതമായ ഒരു കാവ്യമഞ്ജരിതന്നെ. അതിൻെറ സൗരഭ്യവും, രസവും, ഫലവും വളരെ മേന്മയേറിയവയാണു്. വികാസമാണു് എല്ലാസിദ്ധികൾക്കും ഉപരിയായിയട്ടുള്ളതെന്നും, അതാണു് ശോഭനമായ അനുഭൂതികൾ ഉളവാക്കുന്നതെന്നും കവി സമർത്ഥിക്കുന്നതിൽ പ്രകടിപ്പിച്ചിട്ടുള്ള കാവ്യരചനാവൈഭവം ശ്ലാഘ്യമാണു്.

"ജീവിതത്തിൻെറ വികാസമാം യൗവനം
പൂവിൻവികാസം സുഗന്ധിതയാം
ആകാശത്തിൻെറ വികാസമുഡുക്കളൊ-
മാകമ്രദീപ്തിതൻ ചാഞ്ചാട്ടമാം
ഹൃത്തിൻ വികാസം പരോപകാരവ്രതം
മർത്ത്യവികാസം മഹേശ്വരൈക്യം
................................................
................................................
ഹന്ത! വികാസമേ! നീതന്നെ ജീവിതം!
എന്താണതില്ലെങ്കിൽശ്ശൂന്യം ശ്ശൂന്യം!"

ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു് എല്ലാവരും വികസിക്കണമെന്നും, തദ്വാരാ മനുഷ്യജീവിതത്തിൻെറ പരമോദ്ദേശ്യമായ പരമാത്മൈക്യം പ്രാപിക്കണമെന്നും ആകുന്നു. ഈവക ഗഹനങ്ങളായ തത്വങ്ങളെ എത്ര സരസമായി നമ്മെ ധരിപ്പിക്കുന്നു എന്നുള്ളതാണു് കവിയുടെ സാമർത്ഥ്യത്തിനും കവിതയ്ക്കും ഉള്ള മഹിമ.

"റബിയാ" എന്ന കവിത ഹൃദയസ്പർശിയായ ഒരു സംഭവത്തിൻെറ ഒരു ചെറുവിവരണം—ചിത്രം—മാത്രമാണു്. അതിലെ സംഭാഷണമര്യാദയും, വിനയവും, പരോ

പകാരതൽപരതയും മററും ഒററ വായനയിൽതന്നെ മാനവമനസ്സിൽ അടിയുറയ്ക്കുന്നവയാണു്. അത്രയ്ക്കു നന്നായിട്ടുണ്ടു് ഈ ചെറുകൃതി.

സാധാരണമനുഷ്യന്റെ ദൃഷ്ടിയിൽ ശുഷ്കബീജമായി കാണുന്ന പദാർത്ഥം അനവധി മഹച്ഛക്തികളെ ഉള്ളിൽ ഭദ്രമായി സൂക്ഷിച്ചുവച്ചിരിക്കുന്ന വിലയേറിയ ദിവ്യവസ്തുവാണെന്നുള്ള വസ്തുതയാണു് "ശുഷ്കബീജ" മെന്ന കൃതിയിൽ മുഴച്ചുകാണുന്നതു്. കേവലം അസ്വാതന്ത്ര്യതയിൽ അന്യസഹായം ലഭിക്കാതെ അനവധികഴിവുകൾക്കിരിപ്പിടമായ ഒരാൾ വിഷമിക്കുന്നതും, കാലാന്തരത്തിൽ അയാൾക്കുവേണ്ട സാഹായ്യവും, സ്വാതന്ത്ര്യവും, കഴിവുകൾക്കു് സിദ്ധിയും, ലഭിച്ചു് തജ്ജന്യമായി അതു് ലോകോപകാരപ്രദമായി പരിലസിക്കുന്നതുമായ ഒരു വസ്തുതയാണു് ഈ പദ്യഭാഗം നമ്മെ മനസ്സിലാക്കിത്തരുന്നതു്. പ്രകൃതിനിരീക്ഷകനും, തത്വാന്വേഷകനുമായ കവി "കാന്താസമ്മിതതയാ ഉപദേശയുജേ" എന്ന കാവ്യപ്രയോജനത്തെ ഇവിടെ സ്പഷ്ടമായി പ്രകടിപ്പിക്കുന്നുണ്ടു്. അതിൽ അദ്ദേഹം വളരെ വിജയിച്ചിട്ടുമുണ്ടു്.

"ഇല്ലിനിയുമെന്നീശ്വര! മേലിൽനിന്നു-
മിങ്ങെത്തുമെന്നോർത്ത കൃപാകണങ്ങൾ
ഈമട്ടു ഞാനെത്രദിനം തപിച്ചു
വാഴേണമിക്കൂട്ടിനകത്തുമററും"

എന്നു് ഹാർദ്ദമായി വ്യസനിച്ചു്-

"ഹാ! മേലിൽ നിന്നംബുവൃഷ്ടിനാളെ
ലോകേശ്വരാനുഗ്രഹമെന്നപോലെ

പതിക്കു,മെൻകൂട്ടുകാരു, മീണ്ടാൻ
സ്വതന്ത്രനായിട്ടുവെളിക്കുപാടും

എന്നു് സമാശ്വസിച്ചു്—

"മാറ്റുമററും ക്ഷിതിദേവി ചാർത്തും
മാണിക്യരത്നത്തിന്നതുല്യമായി
മിന്നും, കുറേ, പ്പിന്നെവിളങ്ങിടും ഞാൻ
മനോജ്ഞമാകുംമണിമൌലിപോലെ
അനന്തരംമെല്ലെയുയർന്നുരണ്ടു-
ദളങ്ങളോടും മൃദുവായുവിങ്കൽ
ആടുന്നതാ മെന്നെജനങ്ങളെല്ലാരും
പ്രവാളരത്നാഢ്യപതാകയെന്നായ്!
സുശീതളച്ഛായയിൽവിശ്രമിക്കും
സൂര്യാതപക്ലിഷ്ടതരാധ്വഗന്മാർ
അണഞ്ഞുപോകും മമതാപമെല്ലാ-
മന്യോപകാരവ്രതസദ്രസത്തിൽ!
ലാവണ്യപൂരംവികസിച്ചമററു-
മാനന്ദമാധ്വീരസമുദ്ഭവിക്കെ
അഹോ! രസജ്ഞാളികളെത്രവന്നു
സമാസ്വദിക്കും! സ്തുതിഗീതമോതും!

എന്നും മററും ഭാവിയെപ്പററി ജന്മ വിചാരധാര അ ശുഷ്കബീജത്തിനുണ്ടാകുന്നതായി കവി വിഭാവനം ചെയ്യുന്നതു് ഏററവും ശോഭനമായിട്ടുണ്ടു്. അവസാനമായി കവി—

"ഇല്ലൊന്നിനുംശക്തിയെനിക്കുപക്ഷേ
നിസ്സാരമെൻതൂലികയിങ്കലാളും
ആ നീലമഷ്യഞ്ജനമേകനേത്രം
തെളിച്ചുവെന്നാൽ ചരിതാർത്ഥനാം ഞാൻ"

എന്നു് സ്വയം ആശംസിക്കുന്നതാണു് കൃതിയുടെ മാഹാത്മ്യത്തിനു മാററുകൂട്ടുന്നതു്.

"ജീവിതാശ"—ഈശ്വരാ! അതില്ലാത്ത ഒരൊററജീവിപോലും ലോകത്തുണ്ടോ? മഹാത്മാഗാന്ധിദേവനും ഇനിയും ജീവിതാശ വിട്ടിട്ടില്ലപോലും. നോക്കണേ! അതിൻെറ വിശ്വവശ്യത! പക്ഷേ, ചിലർ ആത്മഹത്യ ചെയ്യുന്നതോ എന്നു ചോദിച്ചാൽ, അതു് കേവലം താൽകാലികമായ വികാരത്തിൻെറ ഫലവും, വിചാരരാഹിത്യത്തിൻെറ അനുഭവവും ആണെന്നേ പറയുവാനുള്ളു. ആത്മഹത്യാവ്യഗ്രന്മാരായ ആളുകളെ പെട്ടെന്നു് അതിൽനിന്നും നിവർത്തിപ്പിക്കാൻ സാധിച്ചാൽ പിന്നെ ഒരു കാലത്തും അവരുടെ മനസ്സു് ആ വ്യവസായത്തിൽ ഏർപ്പെടുകയില്ലെന്നുള്ളതു് നിർവിവാദമാണു്. പല "നരത്തുക്കളും" ഇന്നും ജീവിതാശവെടിയാതെ കഴിഞ്ഞുകൂട്ടുന്നകഥ പലക്കും അറിവുള്ളതാണു്.

അതിയായ സങ്കടമോ, അപമാനമോ നേരിട്ടുമ്പോൾ അറിവുണ്ടെന്നു ഭാവിക്കുന്ന ചില വിചാരശീലന്മാർപോലും ഈ സാഹസത്തിനു്—ആത്മഹത്യക്കു്—ഒരുങ്ങുക സാധാരണമാണു്. പിന്നെയാണോ കേവലം അബലയായ ബാല ഭാരതി സകല ജീവിതാശകളും നശിച്ച ആ സാധു—താങ്ങും തണലും നശിച്ച ആ പാവം—പരദേവതയുടെ സന്നിധിയിൽ ചെന്നു് തൻെറ ജീവമരുത്തിനെ പാനവിന്നുതാക്കാൻ അപേക്ഷിച്ചതു് അന്യായമായിപ്പോയതു്?

സർവജ്ഞയും സർവശക്തയും ആയ ആ ഭവാനിയാകട്ടെ ആ അർണയുടെ അഭീഷ്ടദാനത്തിനു സന്നദ്ധയുമായി.

"രുദ്രാക്ഷമണിമാലപിടിച്ചുജപിക്കുമാ
ഭദ്രാംഗി ഭാരതിതൻ പശ്ചിമഭാഗത്തിങ്കൽ
ഉച്ചത്തിലൊരു ചീറ്റൽകേൾക്കായി, യമൻതന്റെ-
യുച്ചണ്ഡകൃപാണികാവീശലിൻ നാദംപോലെ"

അയ്യോ! പാപം തെറ്റി പെട്ടെന്നു തിരിഞ്ഞുനോക്കിപ്പോയി. കഷ്ടം. കണ്ടകാഴ്ച

"മഹാഫണമൊട്ടുക്ക വിടർത്തതാനില്ക്കുന്നു കാളസർപ്പം" "ഈശ്വരാ! ആരാണു് നടുങ്ങിപ്പോകാത്തതു്! പ്രാർത്ഥനായോഗത്തിൽ വന്ന പാമ്പിനെപ്പോലും ജനക്കൂട്ടം ഭയന്നു് അടിച്ചുകൊന്ന കഥ നാംമറന്നില്ലല്ലോ. അവൾ— ആ അനാഥ—വല്ലവിധവും അവിടെനിന്നു് പാഞ്ഞു് ഭഗവത്സന്നിധിയിൽ എത്തി സാഷ്ടാംഗം വടിപോലെ നിലംപതിച്ചു—ഒരുവിധം-കഷ്ടിച്ചു്

"അംബികേ! ക്ഷമിച്ചാലും"

"ഞാൻ മുമ്പുപറഞ്ഞതു കാര്യമായെണ്ണിടൊല്ലേ
ദുർമ്മതി! അഹോ! ഘോരം! എന്നമ്മേ! പൊറുക്കുക!" എന്നു മനമലിഞ്ഞു പ്രാർത്ഥിച്ചുപോകുന്നു.

ഇതിൽനിന്നും മനുഷ്യനു് എത്ര കഷ്ടതനേരിട്ടാലും മരണം ഇഷ്ടമല്ലെന്നും, ജീവിതാശ വർദ്ധിച്ചുവരുമെന്നും, തെളിയുന്നു. ഈ കവനത്തിലെ രസികതയും, വിനോദവും, പ്രതിപാദനരീതിയും എന്നല്ല സകലതും വളരെ തന്മയവും രസപ്രദവും ആയിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

എമേഴ്സൺ എഴുതിയ ഒരു സംഭവത്തെ അവലംബിച്ചു് എഴുതിയ 'ഇന്ദ്രജാലം' ഇന്ദ്രജാലങ്ങൾപോലെ അത്ഭുതാനന്ദങ്ങൾ ഉളവാക്കുന്നതും, അതേ അവസര

ത്തിൽതന്നെ അമൂല്യമായ അറിവു നല്കി അനുഗ്രഹിക്കു ന്നതുമായ ഒരു കാവ്യമാതാവാണു്. സന്ന്യാസിനിയോടു തന്റെ പാദപാംസുക്കറം കഴുകിക്കളയുവാൻ, ആ മഹാ ചിന്തകൻ പറഞ്ഞപ്പോറം യഥാൎത്ഥ ഭക്തയായ ആ തപ സ്വിനിക്കുണ്ടായ ഭാവഭേദങ്ങളേയും, അപ്പോറം ആ മഹാനുണ്ടായ സുസ്മിതത്തേയും വൎണ്ണിച്ചിരിക്കുന്നതു് അത്യ ന്തം ആശാസ്യമായിരിക്കുന്നുവെന്നു തീൎത്തുപറയാം. അദ്ദേഹത്തിനുണ്ടായ പുഞ്ചിരിയെ 'പരിഹാസലതയ്ക്കെഴും മഞ്ജരി'യോടുപമിച്ചിരിക്കുന്നതും ഒരു ഇന്ദ്രജാലമല്ലേ എന്നു ഞാൻ സംശയിക്കുന്നു. മഹാന്മാരുടെ പാദധൂളിക്കു ള്ള മാഹാത്മ്യത്തെ വാഴ്ത്തുന്നതിലും, കവി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. ഈ പദ്യത്തിൽനിന്നും നാം മനസ്സിലാ ക്കേണ്ടതിനെ കവി—

> "ഗർവാഗ്നികൊണ്ടുവരണ്ട ചിത്തോർവിയിൽ
> ദിവ്യകൎമ്മച്ചെടിനേരും മുളച്ചിടാ;
> ആ വന്ദ്യയാമീശഭക്തിയു, മംഹ-
> ഭാവരക്ഷസ്സോടുട്ടുക്കൊൻമയപ്പെട്ടും
> എങ്ങുവിനയമി'ല്ലീശപാദവശമി-
> ല്ലങ്ങുദിവ്യാത്ഭുതകൎമ്മവുമില്ലതാൻ"

എന്നിങ്ങനെ അത്യന്തം ഗൌരവമായി നമ്മെ ധരിപ്പി ക്കുന്നു. ഈ വകകാര്യങ്ങളിൽ അദ്ദേഹം ഒരു ഐന്ദ്രജാ ലികന്റെ ഭാഗം യഥാൎത്ഥത്തിൽ അഭിനയിക്കുന്നുണ്ടു്.

വെള്ളിനക്ഷത്രത്തെ വാഴ്ത്തുന്ന കവികറം വളരെ വിരളമാണു്. ശുക്രൻ എന്നു് അപരനാമത്താൽ അറിയ പ്പെടുന്ന അസുരഗുരു എന്ന ഗ്രഹമാണു് വെള്ളിനക്ഷത്രം. ചന്ദ്രനേയും ചന്ദ്രികയേയും എന്നപോലെ എല്ലാവരും വെള്ളിനക്ഷത്രത്തേയും വാഴ്ത്തുകയും അതിന്റെ ഉദയ ത്തിൽ ആനന്ദപരവശരാവുകയും ചെയ്യാറുണ്ടു്. ഭാവനാ

സമ്പന്നനും സരസനുമായ ഒരു കവിക്ക് എങ്ങനെയെല്ലാം വിധത്തിൽ ആ കോലാഹലങ്ങളെ വർണ്ണിക്കാമോ ആ വിധത്തിലെല്ലാം നമ്മുടെ കവി അതിനെ വർണ്ണിച്ചിട്ടുണ്ട്. അതിൽ അദ്ദേഹത്തിന് ഒരു സമ്മാനം ലഭിക്കാൻ യോഗ്യത തീർച്ചയായും ഉണ്ട്. വെള്ളിനക്ഷത്രത്തിന്റെ ഉദയത്തെ പലവിധത്തിൽ വർണ്ണിച്ചിട്ടുള്ളതു് വളരെ ആസ്വാദ്യകരവും, ഒരു നവീനരീതിയും ആണെന്ന് ആരും സമ്മതിക്കും. ആ മഹസ്സിനെ ഒരു സന്ദേശവാഹകനായി കല്പിച്ചു് വർണ്ണിച്ചിരിക്കുന്നതു് ഏററവും സമഞ്ജസമായിട്ടുണ്ട്, നോക്കുക ......

ഏതോമഹത്തായ ദിവ്യചൈതന്യത്തിൻ
ശ്രീതങ്കം സന്ദേശവാഹകൻ നീ
നിന്നാന്തരാത്ഭുതശക്തിയേററക്ഷണം
നിന്നിദ്രരാമ്ത്തീർന്ന പൂങ്കോഴികൾ
നവ്യയുഗോദയവാർത്തയറിയിപ്പൂ
മവ്യദകാഹളമൂതിയൂതി
ചെട്ടെന്നുണർന്നെഴും ശംഖങ്ങൾ, ക്രൂരിതൾ
ഞെട്ടിടുമാറുച്ചനിസ്വനത്തിൽ
ചൊല്ലുവെഴും നിർമ്മലക്ഷേത്രങ്ങൾ തോറുമേ
പള്ളിയുണർത്തുന്നു ഗംഭീരമായ്

ഈ മഹസ്സിന്റെ ശുഭോദയത്തിൽ ഭക്തവൃന്ദങ്ങൾ ഹരിനാമകീർത്തനം, ഹരിപാദത്തോളം എന്നതതുക്കളെ ഉച്ചത്തിൽ ചൊല്ലുന്നതും, കാമിനീകാമുകന്മാർ

പൂമെത്തമേലിലായ് കാണും ചുളികളാ-
മാമന്മഥാനന്ദവീചികളെ'' മനസ്സില്ലാ

മനസ്സോടെ ഉപേക്ഷിക്കുന്നതും മററും കവിമര്യാദയെ പരിപോഷിപ്പിക്കുമാറ് എത്രഭംഗിയായി വർണ്ണിച്ചിരിക്കു

ന്നവെന്നു മനസ്സിലാക്കുക. ഈ തേജസ്സിന്റെ അന്യാദൃശ സുഷമയിൽ ആ സൗന്ദര്യാരാധകനായ കവി–

"ആ നിത്യനിർമ്മലസൗന്ദര്യനിർമ്മിത–
മാനന്ദസ്വർണ്ണവിമാനത്തിങ്കൽ
ഏറിവിശാലചിദംബരജ്യോതിസ്സി–
ലാറാടി നിത്യം പറക്കുമേതേ!
നിൻ ദർശനത്തിനാണെൻജീവിതമെന്നു–
വന്നാലും വഞ്ചിതനല്ലഹോ! ഞാൻ
നീതന്നെയാനന്ദം, നീതന്നെ സ്വാതന്ത്ര്യം
നീതന്നെ നിർവൃതിസൗന്ദര്യമേ!" എന്നു വിവശനാവുകയാണു ചെയ്യുന്നതു്. ഇതിൽക്കൂടുതൽ ഒരു യഥാർത്ഥകവിക്കു് കാവ്യശോഭ പ്രകടിപ്പിക്കാൻ കഴിവുണ്ടോ?

അമ്പലപ്പുഴ മഹാരാജാവു് തന്റെ രാജ്യം അന്യാധീനപ്പെട്ടപ്പോൾ കുലദേവതയായ ശ്രീകൃഷ്ണഭഗവാനോടു് തന്റെ സങ്കടം ഉണർത്തിക്കുന്നതും' അതിനു് സച്ചിദാനന്ദസ്വരൂപനായ ഭഗവാൻ മറുപടിയരുളുന്നതുമാണു് "നിന്നെ നീ സമർപ്പിച്ചതില്ലല്ലോ:" എന്ന കൃതി. ഈ പദ്യത്തിലെ തത്ത്വം അത്യന്തം ഗഹനമാണെന്നു് പറയേണ്ടതില്ല. ആത്മാർപ്പണമാണു് ദുഃഖനിവൃത്തിക്കും, ആനന്ദപ്രാപ്തിക്കും കാരണം, അതല്ലാതെ മറ്റൊന്നുമല്ല എന്ന ദിവ്യതത്ത്വം ഈ പാഠം നമ്മെ പഠിപ്പിക്കുന്നു.

"നാളെ" എന്ന കവിതയിൽ അനവധി രസികതകളും, ഭാവനാവിലാസങ്ങളും തെളിഞ്ഞുവിളങ്ങുന്നുണ്ടു്. അതിനെ–അപഗ്രഥനം ചെയ്തുകാണിക്കുന്നതിനേക്കാൾ നല്ലതു് അതൊന്നു വായിച്ചുനോക്കാൻ വായനക്കാരെ പ്രേരിപ്പിക്കയാണെന്നെനിക്കുതോന്നുന്നു. ശുഷ്കബീജത്തിന്റെ വിചാരവും, ജീവിതാശയും മരവും 'നാളെ'

കാണാമെന്നു പറയുമ്പോൾ അതു് ഗണപതിയുടെ കല്യാണംപോലെയാണെന്നു് ആരും ധരിച്ചുപോകരുതു്.

"മതിയിങ്കലതീവസുന്ദര-
ദ്യുതിയാം സ്വപ്നശതങ്ങൾ വാർക്കുവാൻ
എതിരേവരുവോരുനാളെയാ-
മതിഥേ! സ്വാഗതമോതിടുന്നു ഞാൻ" എന്നു

സ്വാഗതംചെയ്തു്

അമലാഭനിറഞ്ഞ നാളെയാം
സുമമേ! നീ വിടരുന്നതോർത്തു ഞാൻ
അമരുന്നു— മമ പ്രതീക്ഷയാം
സുമരന്ദം ത്വയി പൂർണ്ണമാംസദാ. എന്നുവിശ്വസിച്ചു് വേറെ പല നല്ലകാര്യങ്ങളും ഉണ്ടാകുമെന്നാശിച്ചു് കവി മുന്നോട്ടുമുന്നോട്ടു പോയി.

വെളിവേററിടുവോരുനാളെ! നീ-
യൊളിവീശുമ്പൊഴതിങ്ങൊരോസുമം
ദളിതാത്മസുഷുപ്തിഫുല്ലമായ്
ത്തെളിയും; തേനൊഴുകുംജിതാമൃതം. എന്നു് പരമാനന്ദമരന്ദധാരയിൽ ലീനചിത്തനാകുന്നു.

സാക്ഷാൽ സച്ചിദാനന്ദമൂർത്തിയായ ഭഗവാനെ കാണാനും, അണയാനും സാധിക്കാത്തതുകൊണ്ടുള്ള വെമ്പൽ ആണു്. 'ഉൾകണ്ണ്' ഒരു യഥാർത്ഥഭക്തന്റെ ഭക്തിപാരവശ്യം ഈ പദ്യത്തിൽ സ്പഷ്ടമായി കാണാം. ഭഗവാന്റെ സാന്നിദ്ധ്യമുണ്ടായാൽ വരുന്ന മേന്മകളെ ഭക്താഗ്രണിയായ കവി കാണുന്നതെങ്ങനെയെന്നു ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

"ത്രിഭുവനേശ്വര! ഭവാനു പാഴ്ത്തൃണം
വിഭവവൃന്ദവും മനോജ്ഞഹർമ്മ്യവും

പൊളിഞ്ഞുദുർബ്ബലം കുടിലിതെങ്കിലും
പളുങ്ങുമേററവും ഭവാനണയുകിൽ:
തിരുവടിതന്റെയെഴുന്നള്ളത്തുകാ-
ത്തിരിപ്പിതെത്രനാൾ സദോല്ക്കലികനായ്”

എന്നാകുന്നു, ഭഗവത്സാന്നിദ്ധ്യത്തിൽ കാടു നാടാകുന്നതും, മാടം മേടയാകുന്നതും, കുചേലൻ കുബേരനാകുന്നതുംമററും. ഇതെല്ലാം ഭഗവാന്റെ ഇന്ദ്രജാലമെന്നല്ലാതെ എന്താണു പറയേണ്ടു്?

ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ വേണുഗാനം ഉത്തമകാവ്യത്തിനുത്തമോദാഹരണമാണല്ലോ. ശ്രീ മുരളീധരന്റെ വേണുഗാനത്താൽ വൃന്ദാവനത്തിലെ സകല ചരാചരങ്ങൾക്കും ഉണ്ടായ ആനന്ദപാരവശ്യത്തെ സരസാഗ്രണിയായ ആ കവിവരൻ മധുരമധുരമായി വർണ്ണിച്ചിരിക്കുന്നതു് വായനക്കാരുടെ മനോമുകുരത്തിൽനിന്നും മായുവാൻ പ്രയാസംതന്നെയാണു്. സാഹിത്യചന്ദ്രികയിലെ ഓടക്കുഴലിന്റെ ദിവ്യനാദത്തിൽ വൃന്ദാവനത്തിലെ പക്ഷിമൃഗാദികളുടെ അനുഭൂതിയേയും, ഗോപവനിതകളുടെ അവസ്ഥാന്തരത്തെയും എന്നല്ല കാളിയന്റെ മാനസപരിവർത്തനത്തെയും സുവ്യക്തമാക്കുന്നതു കൂടാതെ, കവിക്കു് ഉണ്ടാകാറുള്ള നിരർഗ്ഗളാനന്ദാവേശത്തെയും അത്യന്തം സരസമായി പ്രതിപാദിച്ചിരിക്കുന്നു. ദിനോദയാന്തങ്ങളായ പാവനസന്ധ്യകളുടെ ശാന്തതയിൽ, ഏകാന്തശാന്തനായി ധ്യാനച്ചിറകു വിടർത്തി വാനത്തിലേക്കു പറക്കുമ്പോൾ ഗോപികാഭക്തിയേയും അതിശയിക്കുന്ന ഭക്തിപ്രചുരിമയുള്ള നമ്മുടെ കവി:—

“മാനുഷസങ്ഗക്കറയററ നിർമ്മല-
മാനന്ദവിഷ്ണുപദത്തിൽമുററും

ഉല്ലാസദം ഹാ ഹാ കേറംക്കമാരുണ്ടുനിൻ-
പില്ലാംകുഴലിൻെറ ദിവ്യഗീതം"

എന്നുള്ള അനുഭവത്തിനു് വിധേയനാകുന്നു. അതുപോലെ അദ്ദേഹം:—

"സാമർത്ഥ്യഹീനനായ് ദുർബ്ബലസ്വാന്തനാ-
യാമയഭീമപരവശനായ്
ലോകത്തുനിന്നും ബഹിഷ്കൃതനായിഞാ-
നേകാകിയായിത്തപിച്ചിടുമ്പോൾ
ഏകാന്തമെൻചെവിക്കുള്ളിൽമുഴങ്ങുന്നു
ശോകാന്തകാന്തമാ വേണുനാദം"

എന്നും അറിയാതെ പറഞ്ഞുപോകുന്നുണ്ടു്. ഈ വിധം അദ്ദേഹം വിഷമിക്കുന്ന സന്ദർഭങ്ങളിലും, ധ്യാനനിമഗ്നനാകുമ്പോഴും മററും ഭഗവാൻെറ ദിവ്യചൈതന്യാമൃതം വഴിഞ്ഞൊഴുകുന്ന ആ ദിവ്യനാദം ശ്രവിച്ചാനന്ദമടയുന്നു. ഇതു് പരമാർത്ഥത്തിൽ ഒരു വലിയ ഭാഗ്യമല്ലേ? മനുഷ്യജീവിതത്തിൻെറ സാഫല്യം ഇവിടെയല്ലേ നിഴലിക്കുന്നതു്? ഇങ്ങനെ ഗാനലോലുപനായ കവി, ഭഗവാൻെറ എണ്ണമില്ലാത്ത പല ലീലാവിലാസങ്ങളും ഓടക്കുഴൽനാദത്തിൽക്കൂടെ ദർശിക്കുകയും ആനന്ദിക്കുകയും ചെയ്തിട്ടും സംതൃപ്തനാകാതെ:—

"മഞ്ജുളമഞ്ജീരരാജൽപദങ്ങളും
മഞ്ഞപ്പൂഞ്ചേലതൻ വീചികളും
മാറത്തുപൊന്മണിമാലയുമാമയം
മാറിടും മാറെയും പുഞ്ചിരിയും

.........................................

.........................................

ത്രൈലോകഗോകുലവൃന്ദ വനാങ്കത-
മംഗലാകനീയമാം ചമ്മട്ടിയും"

അണിഞ്ഞ ദിവ്യമംഗളവിഗ്രഹത്തെ കാണാൻ കൊതിക്കുന്നു, അതിനായി തിരുമുമ്പിലെത്താൻ വെമ്പുന്നു. ഒടുവിൽ സർവവുമുപേക്ഷിച്ച് ഭഗവാനെ പ്രാപിച്ച 'ഗോപി'യാകൻ നമ്മുടെ ഭക്തശിരോമണിയായ 'ഗോപി'യും സർവവും പരിത്യജിച്ച് പരിശ്രമിക്കുന്നു. അതിനായി അദ്ദേഹം:—

"താപൽപടലിപ്തമാമിമ്മൂഢനെ-
തെല്ലും തിരസ്കരിക്കാതെയംഗീകരി-
ച്ചുല്ലാസമേകുക ജീവനാഥ!
പ്രേമമനോജ്ഞമുരളീലഹരിയി-
ലാമഗ്നമാകട്ടെ ഹൃത്തടം മേ!"

എന്നു് അകമഴിഞ്ഞു് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ഗ്രന്ഥത്തിലെ ഒടുവിലത്തെ കവനമാണു് "എന്റെ ക്ഷേത്രപ്രവേശനം". ഈ പാഠവും ഒരു യഥാർത്ഥതത്വത്തെയാണു് പ്രപഞ്ചനം ചെയ്യുന്നതു്. ഈശ്വരാരാധനയ്ക്കു് അഥവാ ഈശ്വരസാമീപ്യത്തിനു് ആഭിജാത്യം, സമ്പത്തു്, വിദ്യ ഇവയിലുള്ള മദം തീരെ പററിയതല്ലെന്നും, സർവപ്രകാരേണയും മനഃശുദ്ധിയും, വിനയവും മററുമാണു് അത്യാവശ്യമെന്നും ഈ കവിതയിൽ പ്രൗഢമായി പ്രതിപാദിച്ചിട്ടുണ്ടു്. ഗാനാനുകൂലമായി പാനമട്ടിൽ രചിച്ചിരിക്കുന്ന പ്രസ്തുതകവനം മുഴുവനും വായിച്ചു രസിച്ചുകൊള്ളാൻ ഞാൻ വായനക്കാരോടു് അപേക്ഷിക്കുന്നു. സശ്രദ്ധം പാരായണംചെയ്തു്—

"ഏഴയാണിവൻ ദാസരിൽ ദാസനാം
താഴെയാരുമെനിക്കില്ല ഭൂമിയിൽ"

എന്നചിന്തയിൽ മുഴുകുമ്പോഴാം വായനക്കാരും * * * * "ക്ഷേത്രപുണ്യപ്രവേശാധികാരികളായ്" ഭവിക്കുമെന്നു നിസ്സംശയം പറയാം.

ആകൃതിയിൽ ചെറുതാണെങ്കിലും അൎത്ഥത്തിൽ മഹത്തായ ഈ കാവ്യതല്ലജത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ, കേവലം സാധാരണനായ എനിക്കു് സമുചിതസന്ദർഭം നൽകിയ എന്റെ ഉത്തമസുഹൃത്തായ ഗ്രന്ഥകൎത്താവിനോടു് എനിക്കുള്ള അളവററ കൃതജ്ഞതയെ വെളിപ്പെടുത്തുന്നതിനു് ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. ഒരു തികഞ്ഞ പണ്ഡിതനും, ഒന്നാന്തരം പത്രപ്രവൎത്തകനും, സംശയച്ഛേദിയായ വ്യാഖ്യാതാവും, നല്ല ഗദ്യകാരനും, ഫലിതരസത്തിൽ അദ്വിതീയനും, ആദികവി, വാരനാരി, രാജർഷി മുതലായ ഒട്ടനേകം കൃതികളുടെ കൎത്താവും, ബഹുഭാഷാവിചക്ഷണനും ആയ ഈ യുവകവിയുടെ മനോമോഹനമായ "സാഹിത്യചന്ദ്രികയെ" ഇശ ഞാൻ അവതരിപ്പിക്കുന്ന സാഹസത്തിനു് അറിവുള്ളവർ മാപ്പുനൽകുമെന്നു വിശ്വസിക്കുന്നു. സാഹിത്യശാഖിയുടെ എല്ലാശാഖകളിലും സ്വച്ഛന്ദം വിഹരിച്ചു് കളനാദം മുഴക്കുന്ന ഈ കളകോകിലത്തിനു് ദീർഘായുരാരോഗ്യാദി സകല ഭാവുകങ്ങളും ആശംസിക്കുകയും, ഇദ്ദേഹത്തിൽനിന്നും കൈരളീദേവിക്കും, കേരളഭാഷാരാധകന്മാൎക്കും ഇതിലും വിലയേറിയ ഉപഹാരങ്ങൾ ലഭിക്കാൻ കാവ്യമയിയായ ആ ദേവി അനുഗ്രഹിക്കുമാറാകട്ടെ എന്നു് ആത്മാൎത്ഥമായി പ്രാൎത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

കാവ്യമാഹാത്മ്യത്തെപ്പററിയാണെങ്കിൽ അതു് പറഞ്ഞാൽ ഒടുങ്ങുന്നതുമല്ല.

ജാതിമതാദിഭേദങ്ങളേയോ, ദേശകാലാദി വ്യത്യാസങ്ങളേയോ അശേഷം പരിഗണിക്കാതെ മാനവസമുദാ

യമാകുന്ന അഖണ്ഡഖണ്ഡത്തെ, തന്റെ ഭാവനാശക്തികൊണ്ടും, സകല ചരാചരങ്ങളിലും തനിക്കു പൊതുവേയുള്ള സമഭാവന, സാഹോദര്യം മുതലായവകൊണ്ടും, സകലകാലത്തും ഒന്നിച്ചുനിറുത്തുവാൻ കഴിയുന്ന കവിയുടെ വാണീവിലാസം ബ്രഹ്മാനന്ദസന്ദായകമാണു്. ആ ആനന്ദത്തിൽ മനസ്സിനെ ലയിപ്പിക്കാൻ ജീവിതമത്സരക്ലേശം മനുഷ്യനെ പ്രേരണം ചെയ്യുന്നിടത്തോളം കാലം യഥാർത്ഥകാവ്യത്തിന്റെ പ്രചാരവും പ്രഭാവവും മങ്ങുന്നതുമല്ല; മറയുന്നതുമല്ല. "വേദത്തിൽ പ്രഥമം പിറന്നു്, ഉപനിഷത്സംരക്ഷ കൈക്കൊണ്ടു്, സർവാർത്ഥസിദ്ധിപ്രദയായും, ഛാന്ദസമാർഗ്ഗചാരിയായും വർത്തിക്കുന്ന ആ കവിതാവനിതക്കു് ആരും മംഗളാശംസ ചെയ്യേണ്ട ആവശ്യമില്ലല്ലോ. അതു് എല്ലാക്കാലത്തും എല്ലാദേശത്തും ഉച്ചനീചഭേദമെന്യേ നിർവിഘ്നമായി സ്വയമേവ നിലനിന്നുകൊള്ളും എന്ന അഭിപ്രായത്തോടുകൂടി ഈ സാഹിത്യചന്ദ്രികയെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം, } പട്ടം. എൻ. രാഘവൻനായർ

൧൨ — ൩ — ൧൰൩ } മഹോപാദ്ധ്യായൻ.

# വിഷയവിവരം.


| വിഷയം. | | പുറം. |
|---|---|---|
| I. | സ്വാതന്ത്ര്യമിതാ വന്നു | 1 |
| II. | വിഷുക്കണി | 7 |
| III. | ആനന്ദകവിത | 10 |
| IV. | തകൎന്ന വീണ | 14 |
| V. | തിരുനാൾ മംഗളം | 20 |
| VI. | ചിത്രം മാറി | 22 |
| VII. | വികാസം | 25 |
| VIII. | റബിയാ | 29 |
| IX. | ശുഷ്കബീജം | 30 |
| X. | ജീവിതാശ | 37 |
| XI. | ഇന്ദ്രജാലം | 39 |
| XII. | വെള്ളിനക്ഷത്രം | 43 |
| XIII. | നിന്നെ സമൎപ്പിച്ചതില്ലല്ലോ | 49 |
| XIV. | നാളെ | 50 |
| XV. | ഉൽകണ്ഠ | 58 |
| XVI. | ഓടക്കുഴൽ | 61 |
| XVII. | എന്റെ ക്ഷേത്രപ്രവേശനം | 67 |

# സാഹിത്യചന്ദ്രിക

## (രണ്ടാം ഭാഗം)

## I

## സ്വാതന്ത്ര്യമിതാവന്നു

(കേക)

* സ്വാതന്ത്ര്യമിതാവന്നു നമ്മളെയുണർത്തുന്ന
ഗീതവും പാടിക്കൊണ്ടിബ്ഭീകരനിശീഥത്തിൽ!
'നിദ്രവിട്ടമേയമീയുജ്ജ്വലസ്വാതന്ത്ര്യത്തെ
ഭദ്രി നീ യെതിരേല്ക്കൂ'ന്നോതിയക്കൊട്ടും വാതം!
വൃക്ഷവല്ലികളെല്ലാം ഞെട്ടിപ്പോയുലഞ്ഞുപോയ്
അപ്രതീക്ഷിതമേതോ സംഭവിച്ചെന്നാൽ പോലെ
വൃഷ്ടിയുമേറീ, ശാന്തിഹീനയായ് പ്രകൃതീശി
രുഷ്ടപോൽ ക്ഷോഭിച്ചതിഭീകരാരാവം പൂണ്ടു!
ഭാവിതൻ സംശാന്തിക്കീ വിക്ഷോഭം വേണ്ടതാകാം
ഭാസുരോഷസ്സിൻ മുമ്പു നൈശാന്ധകാരം പോലെ
അഴലിൻ ഫലം ചെയ്യാമാനന്ദമേറിപ്പോയാൽ!
ഇരുളിൽ ഫലം ചെയ്യാം പ്രകാശം കൂടിപ്പോയാൽ!

---

* ൧൯൪൭, ആഗസ്റ്റ് ൧൪-ാം തീയതി രാത്രി ൧൨ മണിക്കാണ് സ്വാതന്ത്ര്യം ഉദയംചെയ്യുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നതു്. ആ സമയത്തുണ്ടായ കൊടുങ്കാറ്റും മഴയും മററും ഈ കവിതയിൽ ആദ്യം അനുസ്മരിക്കപ്പെട്ടിരിക്കുന്നു. ആ സമയത്തു തന്നെയാണ് ഇതു എഴുതിയതും.

എത്രയോ കാലങ്ങളായ് ഞങ്ങൾ കണ്ടീടും ദിവ്യ-
സ്വപ്നങ്ങൾ യഥാർത്ഥമായ് തീർക്കുന്ന നിമേഷമേ!
അംഘ്രിയിൽ വൈദേശികർ തളച്ചൊരടിമത്ത-
ച്ചങ്ങല മുറിക്കുന്ന മംഗളമുഹൂർത്തമേ!
നൂററാണ്ടുരണ്ടോളവും നീണ്ടൊരാത്തമിസ്രയെ
മാററുവാനുദിക്കുന്ന പൊന്നുഷഃപ്രകാശമേ!
ഭാരതത്യാഗത്തിൻെറ ദുഗ്ദ്ധസിന്ധുവിൽ നിന്നു
ഭാസുരമുയർന്നൊരു ശീതാംശുമണ്ഡലമേ!
ചിരമാ മഹാത്മജി തീവ്രമായനുഷ്ഠിച്ച
പരമതപസ്സിൻെറ പാവനസാഫല്യമേ!
'സത്യവുമഹിംസയും വെല്ലുന്നു മേന്മേ'ലെന്നു
നിസ്തുലം മുഴങ്ങുന്നൊരാനന്ദസംഗീതമേ!
സ്വാതന്ത്ര്യമഹാലക്ഷ്മി! വിശ്വൈകവന്ദ്യേ! പരി-
പൂതമാം നിൻപാദത്തിൽ സാഷ്ടാംഗം നമസ്കാരം!!
കണ്ണീരു നീന്തിക്കേറിച്ചോരയിൽ കുളിച്ചിട്ടു
ചെന്നുതൻ പ്രാണൻ കൂടിയർപ്പണം ചെയ്യുന്നാകിൽ
കേവലം പ്രസാദിക്കും സ്വാതന്ത്ര്യദുർഗ്ഗാദേവി;
യീവിധമല്ലോ മററുരാജ്യങ്ങൾക്കനുഭവം-
എന്നാലുമഹിംസയിൽ സന്തതം കുളിച്ചിട്ടു-
മുന്നതത്യാഗത്തിൻെറ ചട്ടതാനണിഞ്ഞിട്ടും
സത്യത്തെ നിശ്വസിച്ചും ശാന്തി വർഷിച്ചും ശുഭ-
കൃത്യനാം മഹാത്മാവിൻ വിശ്രുതനേതൃത്വത്തിൽ
പൂതരായ് ധീരവീരയോദ്ധാക്കൾ, സ്നേഹാകുല-
ചേതസ്സോടണിനിരന്നെന്നതു കാണെക്കാണെ,
നിർമ്മലവാത്സല്യയാമമ്മപോലോടിയെത്തി
നമ്മളെപ്പുണർന്നല്ലോ സ്വാതന്ത്ര്യമഹാദേവി!!'

എങ്ങുവാനിതേമട്ടിൽ ശാന്തിയിൽ കൂടിത്തന്നെ
മംഗളസ്വാതന്ത്ര്യത്തിൻ സ്വർഗ്ഗത്തിൽ ഗമിച്ചവർ?
നാശമേകുവാനെത്തും, ശത്രുവിൽപോലും മംഗ-
ളാശിസ്സുതൂകും വീരയോധരെയെങ്ങോ കാണ്മൂ?
വെട്ടുവാൻ വന്നാകിലും ഛായയും സുരഭില-
പുഷ്പഹാസവുമേകും ശൃംഗവൃക്ഷങ്ങൾപോലെ.
ആത്മമാമാദ്ധ്യാത്മികശക്തിയാൽ ശാരീരിക.
വീര്യത്തെ വെല്ലും യുദ്ധമിതുപോലെങ്ങുണ്ടാകും?
തോക്കുതൊട്ടാറ്റംബാംബുവരെയുള്ളുഗ്രായുധം
തോല്ക്കുമാറഹിംസമറ്റെങ്ങുവാൻ പ്രയുക്തമാം?
ചക്രംതൻ നൂൽചുറ്റലിൽ കൂടിയസ്വാതന്ത്ര്യ-
ശ്ശൃംഖലയഴിക്കുന്ന വിദ്യയെങ്ങുണ്ടാമേവം?
ഓതുവതെന്തിന്നേറെ? ഭാരതാംബികേ! നിന്റെ
സ്വാതന്ത്ര്യചരിത്രം ഹാ! നിസ്തുലം! വിശ്വോത്തരം!

ഇന്നു നാം സ്വതന്ത്രന്മാർ! കാൺകതാ, കിളരുന്നു
ഹന്ത! നാല്പത്തുകോടി വിനമ്രശിരസ്സുകൾ!
പാരതന്ത്ര്യത്തിൻ ഭാരം പേറി ഹാ! വശംകെട്ട
ഭാരതം സമാശ്വാസദീർഘനിശ്വാസം ചെയ്‌വൂ!
ഭാരതജനൗഘത്തിൻ ശീർഷങ്ങൾ തന്നിൽ കാണും
പാരദേശികർതന്റെ ചെരിപ്പിൻ രജസ്സുകൾ
സ്വാതന്ത്ര്യപതാകതൻ നിർദ്ധൂതമാലിന്യമാം
സ്ഫീതമാം വീശലിനാലൊക്കവേ പറന്നുപോയ്!
നിർമ്മലസ്വാതന്ത്ര്യത്തിൽ കുളിച്ചു വിശുദ്ധരായ്
നമ്മളൊക്കെയുമിന്നു ശാന്തിതൻ കോവിലിങ്കൽ
ആയിരം വർഷത്തിലെ ബന്ധനമഴിഞ്ഞേറ്റം
ശ്രീയെഴും ഭാരതാംബ രാജിപ്പതീക്ഷിച്ചീടാം!

ആനന്ദപ്രസന്നമാമന്തരീക്ഷത്തിൽ ദ്യോത-
മാനമാം സ്ഫുരദ്ധർമ്മമംഗളാസനത്തിങ്കൽ,
പ്രത്യാശതൻ പച്ചയു,മുത്സാഹംതൻതുടിപ്പും
സാത്വികശീലത്തിന്റെ വെണ്മയും കലർന്നേവം
ആകമ്രവർണ്ണത്രയയുക്തമായ് മഹാഭമായ്
ശോകാന്തസൂചകമാമശോകചക്രത്തിനാൽ
ഭംഗിയിലങ്കിതമായ് കരളും കണ്ണും കവ-
ർന്നങ്ങനെ പാറും ഭവ്യസ്വാതന്ത്ര്യപതാകകൾ
തന്നുടെ സുപാവനശീതളച്ഛായയിങ്കൽ
ഖിന്നതയെല്ലാമകന്നത്യന്തം പ്രസന്നമായ്
ദിവ്യമായിട്ടന്നൊരു മന്ദഹാസത്തിൽക്കൂടി
യവ്യയമനോഹരശാന്തിമന്ദാരപ്പൂക്കൾ
വിശ്വത്തിനെല്ലാം വർഷിച്ചുല്ലസിക്കുമെൻ ദേവി!
ശാശ്വതവിദ്യാത്മികേ! ഭാരതാംബികേ! തൊഴാം!!

അംബതൻ വിശ്വോത്തരസ്വാതന്ത്ര്യപതാകക-
ളംബരത്തിങ്കലുയർന്നങ്ങനെ പാറീടുമ്പോൾ,
പാവനസ്വാതന്ത്ര്യത്തിൻ ബലിപീഠത്തിൻ മേലിൽ
ജീവിതരക്തംകൂടി നിർഭയം സമർപ്പിച്ച
സാദരം വീരസ്വർഗ്ഗമേറിയ മഹാത്മാക്കൾ
ഖേദതാപങ്ങളകന്നാശ്വാസം കൊണ്ടീടുന്നു!
ഉയർന്നു പാറീടട്ടെ ലോകത്തിലെവിടെയും
നിയതം സത്യാഹിംസാസ്വാതന്ത്ര്യപതാകകൾ
നമ്മൾതൻ ധർമ്മധ്വജജയവൈജയന്തികൾ
ശർമ്മദാശ്വാസം ദീനലോകത്തിന്നേകീടുവാൻ!
സത്യത്തിൻ പതാകികേ! ത്യാഗത്തിൻ വൈജയന്തി!
സാത്വികധർമ്മത്തിന്റെ പൊൻകൊടിക്കൂറേ! തൊഴാം!

ഭഗ്നമായ് വിനമ്രമായ് പോയതാം ഹിമാലയ-
ത്തുംഗശീർഷങ്ങൾ വീണ്ടുമുയർന്നു ലസിക്കുന്നു!
പൂതമാം പുരാണർഷികാലത്തെ വീണ്ടുമോർത്തു
സ്വാതന്ത്ര്യഗാനം പാടിപ്പോകുന്നു മന്ദാകിനി!
അന്തരീക്ഷത്തിലോരോ പരമാണുവിൽപോലു-
മന്തരാനന്ദം കവിഞ്ഞതങ്ങനെ തുളുമ്പുന്നു
'സ്വാതന്ത്ര്യം സ്വാതന്ത്ര്യ'മെന്നുള്ളൊരു മഹാമന്ത്ര-
ഗീതമിച്ചരാചരമൊക്കെയും മുഴങ്ങുന്നു
കേൾക്കുന്നതില്ലേ ചെവിയോർത്താലും, സമുന്നത-
സ്വർല്ലോകത്തിൻ പരമാനന്ദഭേരീരവം!
നൂനമിബ് ഭാരതത്തിൻ സ്വാതന്ത്ര്യം സുരന്മാരും
സാനന്ദം പ്രതീക്ഷിച്ചു വാഴുകയല്ലോ നിത്യം!
ഈ മഹാഹ്ളാദത്തിൻെറ ശുഭ്രമാം വിഹായസ്സിൽ
ശ്യാമരേഖയൊന്നുണ്ടു കാണുവാൻ-ഭാഗം, ഖേദം!
ആനന്ദമാധുര്യത്തിൽ തിക്തകം, സ്വസ്വാതന്ത്ര്യ-
ഗാനത്തിലപസ്വരമബ് ഭാഗമെന്നാകിലും
ഹാ! വിഭാഗത്തെപ്പുററിക്കണ്ണുനീർ വാർക്കേണ്ടനാം
പാവനസ്നേഹാമൃതം മുറിവിൽ നിറയുമ്പോൾ
ഇന്നിമേലൊ മുറിയാത്ത മട്ടിലൊന്നിക്കും ദൃഢം
പിന്നെയുമഖണ്ഡമായ് ഭാരതം വിരാജിക്കും!
ഭാരതമൊരുനാളും മേലിലപ്പാരതന്ത്ര്യ-
ഘോരശൃംഖലയാലേ ബദ്ധയാകയുമില്ല!
'ഏകമേവാദ്വിതീയ' മന്ത്രത്തിൻ മാഹാത്മ്യത്താ-
ലേകമായ് ഭവിക്കട്ടെ നമ്മൾ തൻ മാതൃരാജ്യം!!
പാവനം പരസ്പരപ്രേമതൃപ്തിഘനം, ശുഭ-
ഭാവനം സമത്വൈകശോഭനം വിലോഭനം

സ്വാതന്ത്ര്യമിതാവന്നു നമ്മളെയുണർത്തുന്ന
ഗീതവും പാടിക്കൊണ്ടിബ്ഭീകരനിശീഥത്തിൽ!
ക്ഷാമവും ദാരിദ്ര്യവുമസമത്വവുമെല്ലാം
ഭൂതകാലത്തിൻ വെറും ദുസ്സ്വപ്നമാക്കിത്തീർത്തും
ദീനർതൻ കണ്ണുനീർ തുടച്ചു,മാശ്വാസവാക്-
സൂനങ്ങൾ പൊഴിച്ചുമിങ്ങെത്തിടും സ്വാതന്ത്ര്യമേ!
സ്വാഗതം മഹാത്മാവേ! ഭൂമിയിൽ ദിവ്യോജ്ജ്വല
സ്വാരാജ്യം സുധർമ്മൈകസുന്ദരം സ്ഥാപിക്കുവാൻ
വന്നാലും പൂവിട്ടിതാ നില്ക്കുന്നു ഞങ്ങൾ, നിത്യാ-
നന്ദത്തിലുയരട്ടെ ഭൂലോകം, സുമംഗളം!!

# II

## വിഷുക്കണി.

(മഞ്ജരി)

മന്നിടം വീണ്ടുമനുഗ്രഹിച്ചീടുവാൻ
വന്നു വിഷുവാമപ്പുണ്യകാലം
ഘോരാന്ധകാരാവഗുണ്ഠനം മാററിയ-
ച്ചാരുനവയുഗലക്ഷ്മിയെത്തി
അവ്യയമേതദരുണോജ്ജ്വലമൗലി
ദിവ്യപ്രകാശം ചൊരിയാറായി!
നിദ്രിതലോകത്തിൻ ലോചനപുഷ്പങ്ങൾ
പേർത്തും വിടുർത്താറായ് ലോകബന്ധു.
ആദിത്യബിംബം, പ്രകൃതി വിഷുക്കണി-
ക്കാനാറാം വിളക്കുവാനാരംഭിക്കെ,
അന്തർഗ്ഗൃഹത്തിങ്കൽ ദീപവിപാടിത-
ധ്വാന്തമാം വാരുററ വേദികയിൽ
അമ്മ വിഷുക്കണിക്കായിട്ടൊരുക്കിനാൾ
നിർമ്മലസാർത്ഥകസാധനങ്ങൾ
പച്ചച്ചരടിൽ കനകമണികോർത്തു
വച്ചിരിക്കും പോലെ കൊന്നപ്പൂക്കൾ
ഭൂലോകം പച്ചപിടിപ്പിച്ച സൗവർണ്ണ-
കാലം സ്മരിപ്പിച്ചുമിന്നിയേററം
ഏകയോഗക്ഷേമഭാഗ്യവാന്മാരന്നു
ഹാ! കാഞ്ചനശ്യാമവർണ്ണരെല്ലാം!

ആരാക്കമെയ്യായിട്ടാർ ഭ്രാന്തരമായി
ശോഭിക്കുമക്കണിവെള്ളരിക്ക
സുസ്ഥിരഹൃത്തായി മാധുര്യപൂർണ്ണമായ്
വർത്തിച്ചിടുമാരസാലപാകം
ചേതസ്സിൽ മെല്ലെയിളക്കുന്നുണ്ടുന്നത-
മാതൃകയൊന്നിൻ മനോജ്ഞോർമ്മികൾ!

പാരം വിളങ്ങുന്നു നാളീകേരമൊന്നു
കേരളകല്പകവൃക്ഷബീജം
നേരേ, ചകിരി, ചിരട്ട, വെള്ളത്തേങ്ങ,
ചാരുമധുരജലമിതെല്ലാം
സദ്വ്യവസായവും കാരിരുമ്പിൻമെയ്യും
സ്നേഹപയസ്സൊഴുമുൾത്തളിരും
സ്വപ്നമായുള്ളിൽ നിഗൂഢം ലസിക്കുന്ന
സച്ചിദാനന്ദസുധാപൂരവും
മർത്ത്യനു സന്തതം വേണമെന്നോതുന്നു
സത്തമനാകാൻ സുകൃതിയാകാൻ!
പൂതമായ്ത്തീർക്കുക ജീവിതമെന്നതാ-
നോതുന്നു മൗനമായ് ശുഭ്രവസ്ത്രം.

നെല്ലുമരികളുമിക്കണിവസ്തുക്കൾ-
ക്കെല്ലാമടിയിൽ വിളങ്ങിടുന്നു
ഔന്നത്യമേതിനും സദ്ഗുണമേതിനും
മന്നിലടിസ്ഥാനമാഹാരമാം.
ജ്ഞാനവും വീര്യവും ദിവ്യപ്രതിഭയും
ഗാനാദിസൽകലാചാതുര്യവും
ഉൽകൃഷ്ടരമ്യാശയങ്ങളും—എന്തിനാ-
ണൊക്കെയുദിപ്പൂ ജഠരാഗ്നിയിൽ!

ആകയാൽ ദീനരില്ലാളും ബുഭുക്ഷാഗ്നി-
യാകമുഭക്ഷണദ്രവ്യം കൊണ്ടും
സന്തപ്തമാകും തദീയഹൃദയത്തെ
സന്തതം സ്നേഹപീയൂഷംകൊണ്ടും
ശീതളമാക്കു, കടിസ്ഥാനമായതാം
ഭൂതലക്ഷേമത്തിനോക്കിലെന്നും!
കണ്ണാടിയൊന്നതാ മിന്നുന്നു, മുമ്പിലായ്
സ്വർണ്ണാലങ്കാരം വിളങ്ങിടുന്നു.
അക്കണിവസ്തുക്കൾ നിശ്ശബ്ദമോതിയോ-
രുൽകൃഷ്ടനിർമ്മലതത്വസാരം
"ആദർശ"മാക്കി മുന്നോട്ടു ഗമിക്കുകി
ലാണിജ്ജഗത്തിൻ "സുവർണ്ണ"കാലം!
ആദർശവും ഹാ! സുവർണ്ണവിഭൂഷയും
സാദരമേവമുരയ്ക്കുകയല്ലോ.
ഹന്ത! വിഷുക്കണി! നീയപ്പുരാതന-
മന്തരാനന്ദദകാലത്തേയും
എന്നേസ്മരിപ്പിപ്പു ഭാവി രചിച്ചിടു-
മന്നമുദീപ്രമാം കാലത്തേയും
പാരം ജയിക്കു വിഷുവമേ! തത്വൗഘ-
സ്മാരകമാം പുണ്യവാസരമേ!

# III

## ആനന്ദകവിത

(ഉപസർപ്പിണി)

പുരുവിചിന്താപയോധിസംഭൃതമാം
സുരുചിരസ്വപ്നമുക്താമണിസ്രജം
ഉപദയായരുളീട്ടുമന്നെന്നിലായ്
കൃപചൊരിഞ്ഞില്ല ഹാ! കവിതേശ്വരി.
വിജിതകാമചതുരാനനൻതാൻ
വിമലവേദനിലയപുമാൻതാൻ
വശഗയാം ദേവി, യിന്ദ്രിയലോലനീ
ഭൃശവിമൂഢനിൽ കണ്മുന നീട്ടുമോ?
ശിവ ശിവ! മുമ്പിൽ ഞാൻ നിവർത്തുള്ളതാം
ധവളപത്രം ഹസിപ്പതായ് തോന്നി മേ!
നിയതമഞ്ജീരമഞ്ജുശിഞ്ജാനമ-
ഞ്ജയരുമാറു നടനം നടത്തിടും
കവനലക്ഷ്മി വരിച്ചില്ല മാം, രുജാ-
വിവശനാണെന്നറിഞ്ഞിരിക്കാമവൾ!
കമനിതന്റെ പുറം തൊലിപ്പൂച്ചിനെ
വിമലസൗന്ദര്യമെന്നു പേരോതിയും
പരമതിലെഴും കാമം പ്രണയമെ-
ന്നരുളിയുമഹോ! വിഭ്രമിക്കുന്നതാം
നരരെയൊക്കെ വെറുത്തിരിക്കാമവൾ
പരമനിർമ്മലപ്രേമസ്വരൂപിണി.

വിവിധചിന്താവിവശനായീവിധം
കവനദേവിയെ ധ്യാനിച്ചിരിക്കെ ഞാൻ,
അമലമന്ദസ്മിതപ്പൂവിടുന്നിട്ടു-
മധരപല്ലവമാർന്നുള്ളോരർഭകൻ
സദനഭീകരധ്വാന്തമകററുവാ.
നദിതനായോരു ബാലദിവാകരൻ
വിമലദമ്പതീപ്രമദശ്രാബ്ധിയിൽ
സുമധുരമായുയർന്ന സുധാകരൻ
നിഹതഭാഗ്യനാമെന്നെത്തുണയ്ക്കുവാ-
നിഹ വരും ജംഗമാനന്ദകന്ദളം
അണയുകയായടു,ത്താകൃതിയെഴും
പ്രണയഗാനം കണക്കെ മനോഹരൻ!

മമ സുഖാംബുധി, പുഞ്ചിരിച്ചന്ദ്രികാ-
മഹിമമൂലം കരകവിയിച്ചവൻ
മധുരമാം പടിമുട്ടിലിഴഞ്ഞുമ-
ന്മടിയിലേക്കു പടന്നുകേറീടിനാൻ
അവിടിരുന്നെൻെറ പേന ബലാൽ ഹരി-
ച്ചവനടനക്കടലാസ്സിലൊക്കെയും
തെരുതെരെയുങ്ങു കുത്തിവരച്ചു, പി-
ന്നരുളി തോന്നിയപോലെയെന്തൊക്കെയോ!
അഥ തിരിഞ്ഞു മമാനനം നോക്കിയി-
ട്ടവനതിത്തൊരു സാകൂതസുസ്മിതം!
ചിലതുരയ്ക്കയും ചെയ്തു "ഭവാൻ സദാ-
കലതയോടും പരിശ്രമിച്ചെങ്കിലും
കഴിവെഴാഞ്ഞു—ഗതശ്രമം ഞാനിതു-
ണ്ണെഴുതിടും സൽകവിത കാൺകെ"ന്നതാം!

ശരി, മമപ്രിയബാലക! നിന്റെ പ-
ഞ്ചിരി പരമാർത്ഥഗർഭം നിനയ്ക്കുകിൽ
സുകൃതലഭ്യമാം കാവ്യമെങ്ങി, ക്ഖല-
പ്രകൃതിയാകും നരാധമനെങ്ങുവാൻ?
കവനനായിക, ലീലയ്ക്കു സസ്പൃഹം
ഭുവി വിധേയയാം രണ്ടു ധന്യകൾ താൻ
അഘമശേഷവും വെന്ന മുനീന്ദ്രനു-
മഘമൊരല്പവും തീണ്ടാത്ത കുഞ്ഞിനും!
ധ്രുവമിടയ്ക്കുഹോ! മാദൃശരോർക്കുന്നു
കവിപദാരോഹണത്തിനു നിസ്തുപം!

അരുളിയെന്തു ഞാൻ 'കൃതിവരച്ചി'ത-
സ്സുരുചിരൻ ശിശുവെന്നോ? സുസാഹസം!
പല നിഗൂഢാർത്ഥസാരവുമായതിൽ
വിലസിടുന്നു,ണ്ടറിയുന്നതില്ല ഞാൻ!
ധരണിയൊക്കെയും തിങ്ങി വിളങ്ങിടും
പരമസൗന്ദര്യപൂരമനാരതം
അവനു ദൃശ്യമാം—കണ്ണൻ ചിരട്ടയിൽ-
മണലിൽ—ആയതുകണ്ടു രസിച്ചവൻ
നിയതമോതുന്നു തോന്നുന്ന ഭാഷയിൽ
പ്രിയതമങ്ങൾ മധുസ്യന്ദിവാണികൾ!

ധവളപത്രത്തിലൊക്കെയുമായവൻ
നവകുതൂഹലത്തോടു വരച്ചതാം
വരകൾ മിന്നുന്നു കാവ്യമഹേശിതൻ
സരസതാണ്ഡവപാദചിഹ്നങ്ങൾ പോൽ!
കവിതതന്റെ പരമമാം ലക്ഷ്യമി-
ങ്ങവികലാനന്ദപൂരം ചൊരിയലാം

അശ്രു നിരന്തരം വർഷിപ്പൂ ഹൃത്തിലേ-
കമലബാലലിപികളോരോന്നുമേ!
അതുലമാനന്ദമക്കവിതാരസം
മതിയിലൊപ്പിയെടുക്കുവാനെന്നപോൽ
കവനപീയൂഷധാരയൊഴുക്കിട്ടു-
മവനെഴും മഞ്ജുളാസ്യ ചന്ദ്രങ്കൽഞാൻ
തെരുതെരെയൊരു നൂറുനൂറുമ്മകൾ
അരുളിനേനരുവാത്സല്യമുദ്രകൾ!

# IV

## തകൎന്ന വീണ.

കേൾക്കുന്നതെന്താണിതു? ഭാരതത്തിൻ
ഹൃത്തട്ടു പൊട്ടിത്തകരുന്ന ശബ്ദം!
അല്ലല്ല, സൗന്ദൎയ്യവിശിഷ്ടഹൎമ്മ്യം
മടന്റുവീഴുന്ന നൃശംസനാദം! 1

വാഗംബ താൻ മീട്ടിടുമിമ്മനോജ്ഞ-
വിപഞ്ചിതൻ തന്ത്രി തകൎന്നനേരം
അതിൻ പ്രതിധ്വാനമുയൎന്നിടുന്നു
ബ്രഹ്മാണ്ഡസംക്രന്ദനമെന്നപോലെ! 2

ഘോരാഹവം—സ്വാൎത്ഥതയാം പിശാചി
മുഴക്കിടും നിഷ്ഠുരമട്ടഹാസം
ഉയൎന്നിടുന്നി,ന്നതുതന്റെമേലും
കേൾക്കാം ജഗത്തിന്റെ വിലാപനാദം. 3

ആചാൎയ്യനാരോ ഭരതോൎവ്വിതന്റെ
സംസ്കാരസമ്പൽകമനീയരത്നം
സമുജ്ജ്വലിപ്പിച്ചു ജഗത്തിനേകി
സൗന്ദൎയ്യശാണോപലഘൎഷണത്താൽ? 4

മാനത്തിലേതാളെ യുയൎത്തി വാണി
കാണിക്കെ, ഹൎഷാത്ഭുതമഗ്നലോകം
മേലോട്ടുനോക്കിത്തൊഴുതു സുധാഢ്യ
ശ്രീമൽകലാനാഥനെയെന്നപോലെ! 5

സ്വഭാവനാപത്രമൊട്ടും പറന്നു
ലോകേശവാഹൻ ദൃഢമേത്തു താർക്ഷ്യൻ
സ്വർഗ്ഗ്യാമൃതം കൊണ്ടിവിടെത്തി ദുഃഖ
വിമുക്തയാക്കീ വിനതാംബതന്നെ? 6

മഹാത്മജിക്കും ഗുരുദേവനാര-
ഗ്ഗീതാഞ്ജലീപൂജിതനായ് ലസിച്ച
ആ കാവ്യചിന്മൂർത്തി— 'രവീന്ദ്രനാഥ-
ടാഗോർ!'—നമിക്കൂ മമ തൂലികേ! നീ— 7

ഗേഹത്തിലേതോ മുറിയൊന്നിലാർന്നു
നിശ്ശബ്ദമായിഗ്ഗുരു പാടിയെന്നാൽ
ജഗത്തിലേതാൾക്കുമുടൻ ശ്രവിക്കാം
സ്വഭാഷയിൽത്തന്നെ മനോജ്ഞമായി!. 8

ആപ്പുണ്യലാവണ്യധരത്തിൽനിന്നു-
മനന്തദിവ്യാമൃതധാര പാരം
ഹാ! മാത്രതോറും പ്രവഹിച്ചിരുന്നു
സന്തപ്തലോകത്തിനു ശാന്തിനല്കാൻ! 9

ഉയർന്നുനിന്നശ്ശുഭലോകബന്ധു
തൻദിവ്യമാകും കരവൈഭവത്താൽ
പാശ്ചാത്യപൗരസ്ത്യവിഭേദമന്യേ
ഭൂവിൻെറ ജാഡ്യം നിഹനിച്ചിരുന്നു! 10

വിശ്വാന്ധകാരാപഹഗോവിലാസൻ
വിശിഷ്ടനാമാ'രവി'യസ്തമിച്ചു!
ഭൂമണ്ഡലം നിഷ്പ്രഭമായ് ചമഞ്ഞു!
ഹാ! ദുർവിധേ! നീ ചരിതാർത്ഥനായി! 11

ആകാരമത്യുജ്ജ്വലദീർഘരമ്യം!
പ്രശസ്തമേററം പ്രതിഭാവിലാസം!
കണ്ഠസ്വനം കർണ്ണസുധായമാനം!
കാവ്യന്നമീർഷ്യാവഹമായ കാവ്യം. 12

എന്തിന്നു ചൊല്ലുന്നധികം? തദീയ-
ഗുണപ്രകർഷങ്ങളൊരോന്നൊരോന്നും
ചേതസ്സമാകർഷകമായിരുന്നു!
മേലാലതെല്ലാം സ്മൃതിമാത്രഗമ്യം! 13

* ജഗദ്വിനാശോദ്യതധൂമകേതു-
വുദിച്ചു പാശ്ചാത്യനഭസ്ഥലത്തിൽ
അതിൻെറ സംഹാരകരൂക്ഷരശ്മി
ടാഗോറിലും ഹന്ത! പതിച്ചുവല്ലോ! 14

സ്വകല്പനാസിന്ധുതരംഗലീലാ-
വിലാസരമ്യം നിടിലം വിശാലം
അശേഷലോകത്തിന്നു മപ്പുറത്തേ-
ക്കാരാഞ്ഞു നോക്കുന്നതിസൂക്ഷ്മനേത്രം 15

അമേയതേജോജ്ജ്വലലാസ്യമാസ്യം
അശേഷലോകോത്സവചാരുരൂപം
അതീതഭ്രൂമണ്ഡലദിവ്യഭാവം
അവന്യനുഗ്രാഹകദൃഗ്വിലാസം 16

---

* രണ്ടാമത്തെ ലോകമഹായുദ്ധമാരംഭിച്ചു കഴിഞ്ഞായിരുന്നു ടാഗോറിൻെറ മരണം. അയിടെ ഒരു ധൂമകേതു (വാലുനക്ഷത്രം) പടിഞ്ഞാറ് ഉദിച്ചിരുന്നു.

നരച്ചു നീണ്ടുള്ളൊരു താടി-കേശ-
കലാപമോടൊത്തുടൻ താൻ മനുജന്നു താനേ
കരങ്ങൾ കൂമ്പുന്നു പുരാണദിവ്യ-
മഹർഷിതൻ സന്നിധിയിൽക്കണക്കേ! 17

കാവ്യം, ചരിത്രം, കഥ, ചിത്രനാട്യ-
മെന്നിമ്മഹാൻ സൽകലയേതിനേയും
ലാളിച്ചിരുന്നു ചെറുപുത്രിമാരെ-
പ്പിതാവുപോലങ്ങനെ മാറി മാറി! 18

ശ്രീഭാരതാംബാചരണേ പ്രതീചി-
യർപ്പിച്ച നവ്യോപദയെന്നപോലെ
ഇസ്സൂരിവര്യന്നു ലഭിക്കെ നോബൽ
സമ്മാന, മന്യാദൃശകീർത്തിചിഹ്നം 19

ഉയർന്നു വീണ്ടും ഹിമവാന്റെ ശീർഷം
ചരിച്ചു വിൺഗംഗ സഹർഷഗാനം
അദ്ധ്യാത്മലക്ഷ്മീവദനം തെളിഞ്ഞു
ഗന്ധർവ്വവീണാക്വണിതം മുഴങ്ങി (യുഗ്മകം) 20

കാവ്യാമൃതം തന്നെ നുകർന്നു, കാവ്യ-
യോഗത്തെശ്ശീലിച്ചു, ചൊരിഞ്ഞുകാവ്യം
ഈ രമ്യഭാവൻ സുരനും യതീന്ദ്രൻ.
താനും സുഗന്ധവാനമായിരുന്നു! 21

വിഭേദ്വ്യജത്താൽ പരിഗീതമായി
അങ്ങ്ഭക്തിപുഷ്പാഞ്ജലിയായ് ലസിപ്പൂ

വിശിഷ്ടഗീതാഞ്ജലി, ഹാ! മഹേശ-
പാദാർപ്പിതം മഞ്ജരിയെന്നപോലെ. 22

തന്മഞ്ജരീനിസ്സൃതമാം മരന്ദം
സമാസ്വദിക്കും സുധികൾക്കശേഷം
സംസാരതിക്തം ബുധിപോലുമേററം
സുധാധികം മാധുരിയാർന്നിടുന്നു! 23

സരസ്വതീദക്ഷിണവാമരമ്യ-
സ്തനാമൃതം തൽകവിതാവിലാസം
ഹാ! ഭാരതത്തിന്നഭിമാനഗാനം
ജഗത്തിനെല്ലാം പുളകപ്രസൂനം! 24

അന്വർത്ഥമാം ശാന്തിനികേതനം തദ്-
യോഗീന്ദ്രയോഗോചിതശാന്തഗേഹാ
നില്പൂ യശസ്സ്തൂപികപോലെ, വാണി-
മാതിൻെറ കേളീഗിരിയെന്നപോലെ! 25

വേണ്ടേറെ-യോരോന്നിവ ചിന്തചെയ്യും-
തോറും ഗളിപ്പൂ നയനാംബുപൂരം
അസാധ്യമയ്യോ! ചിറകെട്ടുവാനെൻ
വേദാന്തമാം ശുഷ്കശിലയ്ക്കുപോലും! 26

ദേശാഭിമാനോജ്ജ്വലമായ് നിതാന്ത-
മത്യാത്മസൗരഭ്യവിശിഷ്ടമായി
ആലോചനാസുന്ദരമായ് സുധാതി-
മാധുര്യമാം തൽകൃതിതല്ലജൗഘം. 27

നന്നായ് പഠിച്ചും തദനഘദിവ്യ-
സന്ദേശസാരം ശരിയായ് ഗ്രഹിച്ചും
സമാചരിച്ചും കപിവര്യനോട്
നമുക്കു കർത്തവ്യമഹോ! നടത്താം! 28

ശ്രീ ഭാരതാരാമഗകോകിലേന്ദ്ര!
പതിക്കിലും താവകനശ്വരാംഗം
എന്നും ത്വദാദ്ധ്യാത്മികഗാനമെങ്ങും
മുഴങ്ങിടും!—ദേവ! നമോനമസ്തേ. 29

—:*:—

# V

## തിരുനാൾ മംഗളം

(കേക)

മംഗളം പ്രാർത്ഥിക്കുവിൻ മംഗളം പ്രാർത്ഥിക്കുവിൻ
ശ്രീ ചിത്രഭൂപാലനു മംഗളം പ്രാർത്ഥിക്കുവിൻ
ആകമ്രദിവ്യാകൃതി കൈക്കൊണ്ടു വിളങ്ങുന്ന
ലോകൈകമഹേശ്വരപാലനമഹാശക്തി
ശ്രീ ലക്ഷ്മീകൃപാമയപീയൂഷരസപാത്രം
ശ്രീ വാണിദേവീസ്തുതനർത്തനമണിമഞ്ചം
ശ്രീ വഞ്ചിധരിത്രിതൻ സുകൃതപരീപാകം
ശ്രീ പത്മനാഭകൃപാംഭോജിനീരാജഹംസം
പാവനശ്രീപാർവ്വതീവാത്സല്യതരംഗിണീ
പാഥോധി ജയിക്കുന്ന പാർത്ഥിവശിഖാമണി!! (മംഗളം—)

ശോഭനപരിഷ്കാരവിജ്വലദീപാവലീ-
ശോഭയാ ധരിത്രിയെ വിളക്കുമിട്ടേവൻ തൻ
വിശ്വമോഹനരൂപമാദ്യമായ് ദർശിച്ചതാ-
വിശ്രുത 'ദീപാവലീ' പുണ്യവാസരമല്ലോ
തെന്നിന്ത്യാവിഭാഗത്തിൻ ദക്ഷിണകോണിലാമി-
മ്മന്നിനെ വിശേഷോത്തരമാക്കുവാനുതകീടും
ചിത്രമാം കർമ്മം ചെയ്യുമിത്തിരുമനസ്സാത്താൽ
ചിത്രമാം നക്ഷത്രത്തിൽത്താനല്ലോ ജനിക്കേണ്ടു!! (മംഗളം—)

നിത്യമെൻ പ്രജകളെന്നല്ലാതെ, സുശോഭന-
കൃത്യമെൻ തിരുമേനിക്കന്യമില്ലല്ലോ ചിന്ത!
ആദ്യമേ ഹൃദയത്തെത്തുറന്നു കൊടുത്തു പി-
ന്നാ ദിവ്യക്ഷേത്രങ്ങളും തുറന്നുനൽകീ ദേവൻ
വിശ്വവിശ്രുതമാകുമാ വിളംബരത്തിന്റെ
ശാശ്വതസുഷമമാമോരോരോ പദത്തിലും

നിർമ്മായം വിളങ്ങുന്നിബ്ഭൂപന്റെ സദ്ഭക്തിയും
ധർമ്മബോധവും പ്രജാവാത്സല്യമഹിമയും!! (മംഗളം)

ഏറ്റുകോളിളക്കത്തിൽ ക്കൂടിയുമീവഞ്ചിയെ
സാദരം വീതാപായം നയിക്കും വഞ്ചീശനോ
സ്വപ്രജാതങ്കത്തിങ്കൽ മാനസം കമ്പീടുന്നു
സ്വപ്രജാസൗഖ്യത്തിങ്കൽ മാനസം വിടിരുന്നു
സ്വപ്രജാപാലനൈകവ്രതനാമിദ്ദേവന്നു
സ്വപ്രജാനന്ദസ്മേരം കാണ്മതേ മഹാഭാഗ്യം
ഭ്രാതാവും തിരുമേനി താനല്ലീ പ്രജകൾക്കു
മാതാവും പിതാവും ഹാ! മററുള്ള ബന്ധുക്കളും!! (മംഗളം)

ശ്രീവഞ്ചിവസുന്ധരേ! ശ്രീവാഴുംകോടേ! ഭാഗ്യ-
ദേവത കളിക്കുന്നു! കാഞ്ചനപ്പൂമ്പന്തലേ!
നിന്നാത്മരമണനാമപ്പൊന്നുതിരുമേനി
തന്നുടെ യഃപദാനഗീതികാസഹസ്രങ്ങൾ
മർത്ത്യമാനസനിഷ്കുടാനന്ദപ്പൂവർഷങ്ങൾ
മംഗളമന്ദാകിനീമഞ്ജുളതരംഗങ്ങൾ
മാതാവേ! മഹൈശ്വര്യമാകന്ദമകരന്ദ-
മാധുരീധുരീണമാക്കീടുന്നു നിൻവ്യോമത്തെ (മംഗളം)

സാനന്ദവഞ്ചിജനമാനസസിംഹാസന-
സ്ഥമാനനാം ചിത്രർക്ഷജ! ഭൂവരശിരോമണേ!
നിർമ്മലയശോദിവ്യഗന്ധവും പ്രജാനന്ദ-
നിർഝരീമരന്ദവുമൈശ്വര്യമഹാഭയും
തിങ്ങിന ജന്മദിനമോഹനസുമൌഘത്തെ
ഭംഗമെന്നിയെ ഭവദ്ദീർഘായുസ്സൂത്രത്തിനാൽ
മഞ്ജുവായ് മധുരമായ് കോർത്തുകോർത്തബ്ജാസനൻ
മംഗളാനന്ദമാല്യം നീരന്ധ്രം രചിക്കട്ടെ!! (മംഗളം)

# VI

## * ചിത്രം മാറി!

(കാകളി)

നാലുഭാഗത്തിലും താഴ്ന്നുകിടന്നിട്ടു-
മാലസൽകാർമേഘജാലത്തിലേക്കതാൻ
സാപഹാസസ്മിതമാർന്നു പരിസ്ഫുരച്ചേ
സഞ്ചരിച്ചു ചില വെണ്മുകിൽമാലകൾ
സമ്പ്രതി, ചിത്രം! സ്ഫുരത്താഭ തന്മുഖം
തൻപ്രസാദം മാഞ്ഞിരുണ്ടു തുടങ്ങിതേ!
ഉന്നതദിവ്യപടാരുരുക്ഷുക്കളായ്
മിന്നിയിരുന്ന നീലാബ്ദങ്ങളൊക്കെയും
ഏറ്റമനുകൂലമായ് വീശിനിന്നൊരു
കാറ്റിലുയരുന്നുയരുന്നു മേൽക്കുമേൽ!
ഹന്ത! നിമേഷൈകമാത്രത്തിലമ്മഹാ-
വിൺതലമൊക്കെയും വ്യാപിച്ചുമറ്റുമേ
വർണ്ണമഹിമയിൽ പാരം ഞെളിഞ്ഞതാം
വെൺമേഘമെങ്ങോ പറന്നങ്ങദൃശ്യമായ്!

വിണ്ണിലെൻ കണ്മുന നീട്ടവെ കണ്ടുഞാൻ
കണ്ണിന്നു കൗതുകം കൂട്ടുന്ന കാഴ്ചകൾ
മാരിവില്ലല്ല—ജയലക്ഷ്മി സാദരം
മാറത്തണിയിച്ച മഞ്ജുളമാലിക

---

* ക്ഷേത്രപ്രവേശനവിളംബരത്തിന് ഒരുവർഷം മുമ്പെഴുതിയതു്.

ശ്രീലനവവർണ്ണലീലാവിചിത്രമാ-
നീലജീമൂതത്തിനാഭക്കൂട്ടീപരം
ഹാ! തമോരൂപരാമായവർക്കുള്ളിലായ്
ചൈതന്യമല്പവുമുണ്ടോ നിനയ്ക്കുകിൽ?
എന്നു ഞാനോർത്തു—മിഴിയഞ്ചുമാറുടൻ
മിന്നിമറഞ്ഞു മഹാമഹസ്സൊന്നു മേൽ!
അന്തർലസദ്ദിവ്യതേജസ്സതൻകണം
ഹന്ത! നിരീക്ഷിച്ചു വിസ്മയം തേടി ഞാൻ!
പാരിടമെങ്ങും നടുങ്ങും പടിയുടൻ
പാരംമുഴങ്ങീ ഗഭീർത്തൂര്യാരവം!

മാലിന്യമാർന്നുതന്നെയോ തൻപുറം-
പോലെയകവുമെന്നാശു ചിന്തിക്കെ ഞാൻ,
അച്ഛസ്ഫടികസങ്കാശമവയിൽ നി-
ന്നഞ്ജസാ വാരികണം പൊഴിഞ്ഞു ഭുവി!
ആയവയ്ക്കുള്ളൊരു ഹൃത്തിൻ പ്രതിബിംബ-
മായിട്ടുതാനതുകണ്ടേൻ വിനിർമ്മലം!
പാരം ജയിക്ക നീ മേചകമേഘമേ!
ചാരുശുദ്ധാമൃതവാഹമേ! വെൽക നീ
നിച്ചലും ശുഷ്കമായ് തീരുന്നൊരു പാരിനു
പച്ച പിടിപ്പതോ നിൻ മഹാവൈഭവം
നിന്നധീനത്തിലെ ജ്ജീവനമില്ലായ്കിൽ
മന്നു നിരാശ്രയം—ഒക്കെ വരണ്ടുപോം!
ഭൂമിയെ ഭസ്മമാക്കീടുവാനും തഥാ
പ്രേമസുശീതളമാക്കീടുവാനുമേ
പോരുന്നതാമിടിത്തീയുമമൃതവും
ചേരുവതല്ലോ ത്വദന്തരംഗം സദാ

ഹാ, മഹാശ്യാമളവർണ്ണ നിൻ ദർശന-
കാമയായ് ഹർഷവർഷാഗമലോലയായ്
ഭൂമീഭഗവതിയെത്രനാളാം കൊണ്ടുതാൻ
കാമം തപിക്കുന്നു വാടുന്നു മുററുമേ
താവകീനാമൃതവൃഷ്ടിയാലമ്മഹാ-
ദേവി സുശീതളസ്വാന്തയാകട്ടുടൻ!

ചിത്രമേ മാറി ഹാ! പാഴ്പൊടി പററിയി-
ട്ടെത്രയും ധൂസരമായ ഭൂതലത്തെ
ശുദ്ധമാം സ്വീയാംബുകൊണ്ടു കഴുകി നൽ-
സ്സിദ്ധതചേർത്തു ഘനചിത്രകാരകൻ
പച്ചമഷികൊണ്ടു നൂതനമായ് പരം
മെച്ചമാമാലേഖ്യമെങ്ങും ചമയ്ക്കയായ്!

കോമളനവ്യാങ്കുരങ്ങളാലാനന്ദ-
രോമാഞ്ചമാളട്ടെ സർവ്വജനിത്രിയാം!
നീലമാം ജീവനവാഹമേ! ഭൂവിതാ
ശ്രീലസത്തായിതേ നിന്നുദകത്തിനാൽ!
ഉന്നതസ്ഥാനമണഞ്ഞു നീ മിന്നുക
മന്നിനും വിണ്ണിനുമാനന്ദദായിയായ്!!

# VII

## വികാസം

(മഞ്ജരി)

൧

വാരുഷസ്സന്ധ്യയിന്നുജ്ജ്വലിപ്പിച്ചതാം
പൌരസ്ത്യതേജസ്സിൻ ചുംബനത്താൽ
ആലസ്യമററിട്ടു ചൈതന്യമൂർത്തിയായ്
ലാലസിച്ചീടുന്നൊരാമ്രകമേ!
പ്രേമമയിയായ കാശ്യപീദേവിതൻ
കോമളചിത്തവികാസമേ! നീ
സ്വാതന്ത്ര്യമർമ്മരഗാനം മുഴക്കിയ-
പ്പൂതവിശാലമാമാകാശത്തിൽ
പൊങ്ങുക പൊങ്ങുക, താഴത്തു ഭൂവിന്മേൽ
മംഗളപക്വഫലം പൊഴിക്കാൻ!

൨

13415

ജീവിതത്തിന്റെ വികാസമാം യൗവനം;
പൂവിൻ വികാസം സുഗന്ധിതയാം;
ആകാശത്തിന്റെ വികാസമുഡുക്കളാ-
മാകമ്രദീപ്തിതൻ ചാഞ്ചാട്ടമാം;
ഹൃത്തിൽവികാസം പരോപകാരവ്രതം,
മർത്ത്യവികാസം മഹേശ്വരൈക്യം.
ആമ്രവികാസം കുസുമഫലാഞ്ചിത-
നാമ്രശാഖാവലീവിസ്തൃതിയാം.
ആ വികാസത്തിലാം തിക്തസംസാരവു-
മാസ്വാദ്യമാക്കുന്ന തൂമരന്ദം!

ആശ്ലേഷ്യവാമേ! വികസ്വരജീവന!
കർമ്മിക്കാലമവന്ധ്യമാക്കൂ!!

൩

മൂലം മറക്കാതെ, സ്വച്ഛാഭിമാനത്താൽ
കാലം കഴിക്കാതെ മുട്ടിൽമാത്രം,
ഉഷ്ണശീതങ്ങൾ സഹിച്ചുയരുന്നു നീ
വിഷ്ണുപദത്തിനെച്ചുംബിക്കുവാൻ
ശാഖാഭുജങ്ങളെ നീട്ടുന്നിതെങ്ങും നീ
ലോകത്തെ മുററും പരിഷ്വജിക്കാൻ.
ഹന്ത! വികാസമേ! നീതന്നെ ജീവിതം!
എന്താണതില്ലെങ്കിൽ-ശൂന്യം ശൂന്യം!!

൪

ശാരീരദാർഢ്യം വരുത്തുക; നൽബലം
ശാഖകൾക്കേററവും വർദ്ധിപ്പിക്ക,
ഹാ! തിഗ്മരശ്മിതൻ ചെന്തീസഹിച്ചിട്ടു-
മാതപഖിന്നരാം പാന്ഥർക്കായി
ശീതളച്ഛത്രം പിടിക്കുവാൻ-സദ്ദ്വിജ-
വ്രാതം വിശന്നു വരുന്നനേരം
ആകമ്രപാകഫലങ്ങളരുളുവാൻ
നീ കടപ്പെട്ടൊരു ദാനവീരൻ!!

൫

ദുർഗ്ഗന്ധസദ്ഗന്ധതിക്തമധുരാദി-
ഭിന്നമാവാഞ്ഛിതഭുവിൽനിന്നും
പേർത്തും സുഗന്ധവും മാധുര്യപൂരവും
മാത്രമെടുത്തിട്ടു പുഷ്പത്തിലും

ചാരുഫലത്തിലും സമ്പൂർണ്ണമാക്കീട്ടു
ചാരം ലസിച്ചിടും സദ്വിവേകിൻ।
ആമധുപങ്ങൾക്കുമണ്ഡജങ്ങൾക്കും നീ
യാനന്ദദായിയാമാതിഥേയി
നീ താനകാര്യ്യസന്താവൃതങ്ങൾക്കു,
നീ തന്നെ ദിവ്യദനൽപതിണ്ണു॥

൫

ചന്തമേറീടുമിപ്പൂവ്യകൾ, താവക-
മാന്തർസൗന്ദര്യ്യസദ്വികാസഃ।
ഏവം ഫലങ്ങൾ ഭവാന്തരമാധുര്യ്യ-
ഭാവവികാസമാണില്ലതക്കം।

ധന്യരസാലമേ! നിൻ സംഗമാരെയു-
മന്യോപകാരൈകദക്ഷരാക്കും
സൂനം വെടിയുന്നു തൻതനു, തന്നേക്കാ-
ളാനന്ദദം ഫലം നിർമ്മിക്കുവാൻ।
തൻദേഹമർപ്പിപ്പൂ പാകമാമപ്ഫല-
മന്യർതൻ ക്ഷുത്തിനെത്തീർത്തീടുവാൻ।
നിത്യം പരാർത്ഥൈകജീവനസദ്വ്രതൻ.
മർത്ത്യക്കൊക്കുന്നതമാർഗ്ഗദർശി॥

൬

ഭൂമിയിൽനിന്നുമമ്മാരുതനിൽനിന്നും
സോമസൂര്യ്യാദിയിൽ നിന്നുമേവം,
ക്ഷുദ്രസ്വജാത്യഭിമാനം വഹിക്കാതെ
ഭദ്രവിവേകാഢ്യചിത്തനായി

ആവശ്യമുള്ളവ,യെങ്ങു നിന്നായാലു-
മാരിൽനിന്നായാലും സ്വീകരിച്ചും
വേണ്ടാത്തതാകവെ തള്ളിയു,മാമോദം
പൂണ്ടുയരുന്നു നീ, വർദ്ധിപ്പൂ നീ.
ഹാ! നിൻവിവേകത്തെക്കണ്ടു പഠിക്കട്ടെ
മാനവന്മാരെല്ലാം മംഗളാത്മൻ!
ഉഗ്രഹിമാനിയും ഘോരമാം വർഷവും
വ്യഗ്രതയേററിടുമാതപവും
ഹന്ത! സഹിച്ചും പ്രതിദിനമുന്നത-
ബന്ധുരനായി നീ വർദ്ധിപ്പതായ്
ധന്യൻ നിരീക്ഷിച്ചു ലോകൈകബാന്ധവൻ
നിന്നെക്കനകാഭിഷേകം ചെയ്വൂ!
പൊങ്ങുക പൊങ്ങുക മേല്ക്കുമേൽ ഭൂമിയിൽ
മംഗളം വർഷിക്കാൻ ധന്യാത്മാവേ!
സന്തതം സുപ്രേമമാധ്വിയാലസ്മാകം
സ്വാന്തം നിറപ്പൂ നിൻ സദ്വികാസം!!

## VIII

### * റബിയാ

(കേക)

താന്തമേനിയായ് ദീനശയ്യയിൽ മഹാരോഗാ-
ക്രാന്തയായ് ശയിക്കുന്ന 'റബിയാ'തൻ പാർശ്വത്തിൽ
എത്തിനാർ മാഹമ്മദലോകമച്ഛികളും പരി-
ശുദ്ധനാം മല്ലികനും ജ്ഞാനിയാം ഹസ്സൻതാനും
ഹസ്സനോതിനാൻ "ശുദ്ധപ്രാർത്ഥനൻ, ദൈവദത്ത-
ദുസ്സഹശിക്ഷയേയും മൗനിയായ് സഹിച്ചീടും"
മല്ലികൻ സുനിർമ്മലമാനസൻ ഗംഭീരാത്മാ.
ചൊല്ലിനാൻ സ്വാനുഭവം "ഈശ്വരേച്ഛയേ മാത്രം
ആരാധിക്കുവോർ ചാർത്തും വൻശിക്ഷാതാപത്തിലു-
മാനന്ദസ്മിതങ്ങളാമമ്ലാനപുഷ്പങ്ങളല്ലേ!!

ഈ രണ്ടു മൊഴിയിലും സാർത്ഥതാദുർഗന്ധത്തിൻ
നേരിയ രേഖയെങ്ങോ ലീനമായിരിപ്പതായ്
കണ്ടോതി റബിയായു "മീശ്വരാനുഗ്രഹത്തിൻ
വിണ്ടലേ പറക്കുന്ന പാവനപക്ഷീന്ദ്രരേ!
ആ ലോകനാഥൻ തന്റെ മംഗളമുഖാരവി-
ന്ദാലോകധന്യന്മാർക്കു പ്രാർത്ഥനാസമയത്തിൽ
ഭാവഗംഭീരാത്മാവിൽ—ശിക്ഷിതനെന്നോ, ശിക്ഷാ-
ഭാവമെന്തെന്നോ തലപൊക്കുമോ സ്മരണകൾ?"

---

* ഒരു പേർഷ്യൻ കവിത.

# IX

## ശുഷ്കബീജം

താഴത്തു മണ്ണോട്ടു മറച്ചു കാണ-
പ്പെടുന്നിതാ ശുഷ്കമൊരാമ്രബീജം
അചേതനംപോലെ കിടപ്പൂ, തന്ത-
സ്സമുൽപതിഷ്ണുത്വവിശിഷ്ടശക്തി. 1

താനാവസിക്കുന്നൊരിരുമ്പുകൂട
തല്ലിത്തുറന്നിട്ടു വെളിക്കു ചാടാൻ
തരം ലഭിക്കാതെയതീ വിധത്തിൽ
താനേ പുലമ്പുന്നതു കേൾക്കുമാറായ്! 2

"ഇല്ലിന്നുമെന്നീശ്വരി! മേലിൽ നിന്നു-
മിങ്ങെത്തുമെന്നോർത്ത കൃപാകണങ്ങൾ!
ഈമട്ടു ഞാനെത്ര ദിനം തപിച്ചു
വാഴേണമിക്കൂട്ടിനകത്തു മററം! 3

അഹോ! പരംക്രൂരിരുള്ളാണ്ടുതന്നെ-
യലഞ്ഞിടേണോ ഹതഭാഗ്യനായി!
അനാരതം ഞാൻ തിരയും പ്രകാശ-
മകന്നകന്നങ്ങു ഗമിക്കയാണോ! 4

ദിനോദയാലോകനമെന്ന്യ നിത്യം
ഘനോഗ്രമാം രാത്രിയിലാണ്ടൊരീ ഞാൻ
മനോഹരസ്വപ്നശതങ്ങൾ തിങ്ങും,
മനോരഥത്തോടിഹ നാൾ കഴിച്ചേൻ! 5

ഷ്ഠാ മേലിൽ നിന്നും ശുഭവൃഷ്ടി നാളെ
ലോകേശ്വരാനുഗ്രഹമെന്നപോലെ
പതിക്കുമെൻകൂട്ടുതുറക്കു, മീ ഞാൻ
സ്വതന്ത്രനായിട്ടു വെളിക്കു ചാടും! 6

തമസ്സെഴും കൂടിതുവിട്ടു പിന്നെ
മണ്ണിൻ രജസ്സിന്നുപരിസ്ഥലത്തിൽ
വിളങ്ങുമാവിഷ്ണുപദത്തിലേറ-
മുയന്നിടാം നിർമ്മലദിവ്യഭൂവിൽ! 7

ധരയ്ക്കുമേലായിരുളിൻ ദുകൂല
പടം തകർത്തിട്ടു വരുന്നൊരെന്നെ
സ്ഫുരൽപ്രതാപൻ രവി ചെയ്യുമല്ലോ
കരങ്ങളാലേ കനകാഭിഷേകം! 8

മാറത്തുമൂറവും ക്ഷിതിദേവി ചാർത്തും.
മാണിക്യരത്നത്തിനു തുല്യമായി
മിന്നും കുറേ,പ്പിന്നെ വിളങ്ങിടും ഞാൻ
മനോജ്ഞമാകും മണിമൗലിപോലെ! 9

അനന്തരം മെല്ലെയുയർന്നു രണ്ടു
ദളങ്ങളോടും മൃദുവായുവിങ്കൽ
ആടുന്നതാമെന്നെ ജനങ്ങളോർത്തും
പ്രവാളരത്നാഢ്യപതാകയെന്നായ്!- 10

നൽക്കുങ്കുമച്ചാറു തളിച്ചുകൊണ്ടു
നില്ക്കുന്നൊരെന്നിൽ കവി വീക്ഷചെയ്യും
ഭൂമാതൃദേവീഹൃദയാനുരാഗ-
ഭൂമാവിനുള്ളാ പ്രതിബിംബനത്തെ! 11

ബാല്യാരുണച്ചട്ട വെടിഞ്ഞു പച്ച-
യുടുപ്പു ചാർത്തും സുകുമാരമെയ്യിൽ
ഏവം ക്രമത്തിൽ ദൃഢമായുയർന്നി-
ട്ടേറും സുതാരുണ്യപദത്തിലീഞാൻ 12

അന്തർന്നിലീനാത്മഗുണം മദീയ-
മാഹന്ത! മുററും പ്രകടീഭവിക്കാൻ
അണഞ്ഞിടും പിന്നെ വസന്തകാലം
ആരമ്യവിശേഷോത്സവമായ കാലം. 13

ആ നാളിലുർവ്വീരുഹവല്ലിവൃന്ദ-
മഹസ്സിലും, വിസ്തൃതമായ വാനം
ആ രാവിലും നല്ലതുപോൽ വിളക്കു-
മാനന്ദസാന്ദ്രം സുഷമാകണൗഘം! 14

ചെഞ്ചായമെന്മേനിയിലൊക്കെയേററം
ചാർത്തിത്തിളക്കും നവപല്ലവങ്ങൾ
സൗഭാഗ്യസൂര്യോദയസൂചനത്തി-
ന്നാവിർഭവിച്ചീടുമുഷസ്സുപോലെ! 15

അനന്തരം മെയ്യിലശേഷമുണ്ടാ-
മനന്തപുഷ്പങ്ങളഭംഗശോഭം
അനന്തരായം ബഹിരാഗമിക്കു-
മന്തഃസ്ഥസൗന്ദര്യഗുണാങ്കുരങ്ങൾ! 16

തേനാസ്വദിച്ചിട്ടു പരം സ്തുതിക്കാൻ
സാനന്ദമെത്തും മധുപങ്ങളന്നാൾ
നീഡങ്ങൾ തീർത്തീടുവതിന്നു കൊമ്പിൽ
നീരന്ധ്രമോളം പതഗങ്ങൾതാനും. 17

സുശീതളച്ഛായയിൽ വിശ്രമിക്കും
സുരാതപക്ലിഷ്ടതരാധ്വഗന്മാർ
അണഞ്ഞുപോകും മമ താപമെല്ലാ-
മന്യോപകാരവ്രതസദ്രസത്തിൽ! 18

ലാവണ്യപൂരം വികസിച്ചുമററു-
മാനന്ദമാധ്വീരസമുത്ഭവിക്കെ,
അഹോ! രസജ്ഞാളികളെത്രവന്നു
സമാസ്വദിക്കും! സ്തുതിഗീതമോതും! 19

"അസ്പൃഷ്‌പീതാംബരമൊക്കെ വിട്ടി-
ട്ടനന്തരം ഞാൻ ഫലനമ്രനായി
ലബ്ധാല്പസജ്ജന്മഫലാഢ്യനായി
ലസിച്ചിടും വാനിലുയർന്നുമററും. 20

സൂനംവടുത്തീടിന ലോകബന്ധു
താനെൻഫലത്തെപ്പരിപക്വമാക്കും
ആരാധ്യനോക്കിൽ സമനാവതീല-
നദ്ദേഹമല്ലോ മഹസാം നികേതം 21

മാധുര്യലേശം മധുപവ്രജത്തി-
നർപ്പിച്ചുമുന്നം, പുനരാഫലത്തിൽ
പതിന്മടങ്ങായതു തിങ്ങുമല്ലോ
ഹാ! മേലിൽ നിന്നെന്നുമനുഗ്രഹത്താൽ! 22

പിന്നീടു മൌനം ചെറുതാർന്നു, വീണ്ടും
നിർവേദമോടോതി "ത്തുരുങ്കിതങ്ങ്യോ!
സ്വർഗ്ഗത്തിൽ നിന്നെന്നിനി വെള്ളിവെള്ള-
ത്താക്കോലുമീളുന്നു തുറന്നുനൽകാൻ? 23

മനോരഥസ്വർണ്ണവിമാനമേറി-
പ്പറക്കു,മെന്നാലതുതന്നെയേററം
കാലം കരാളായുധഘാതമേകി-
ച്ചൂർണ്ണീകരിപ്പൂ, നിപതിപ്പൂ ഹാ! ഞാൻ. 24

നിമേഷമേതും ശിതധാരമാകും
നിസ്ത്രിംശകം—ഹാ! മമ ഭാഗ്യദോഷാൽ
പ്രത്യാശയാകും വ്രതതീവിതാനം
ഛേദിക്കയാണായതുതന്റെ ജോലി! 25

പലപ്പൊഴും കേൾക്കുവതുണ്ടു മേലിൽ
വർഷോത്സവത്തിന്റെ മൃദംഗനാദം
എന്നാലുമിത്താഴ്ന്നവനങ്ങുനിന്നും
കൃപാകണംപോലുമതിർപ്പതില്ല! 26

നിരന്തരം മിത്രകരാവലംബാ-
ലുയർന്നെഴും ജീവനവാഹ,മിപ്പോൾ
ഹാ! ഞങ്ങൾതൻ ദുഃസ്ഥിതി കാണുവാൻ താൻ
വിദ്യുൽപ്രദീപപ്രഭ വീശിനോക്കും! 27

പൊങ്ങട്ടെ, കാററൊന്നു തിരിഞ്ഞടിക്കു-
മവൻപതിക്കും ധരണീതലത്തിൽ!
താഴോട്ടുതാഴോട്ടൊഴുകീട്ടൊടുക്കു-
മപ്പാരന്നെഴും സിന്ധുവിൽ വീണുതാഴും! 28

മനോഹരശ്രീനവവർണ്ണമൊത്തു
മാറത്തുചാർത്തും ജയവൈജയന്തി
മറഞ്ഞു കണ്ണീർക്കടലിൽ നശിക്കും!
മറന്നിടും തൽസ്ഥിതികൂടി വിശ്വം! 29

പിന്നീടതിൻമേലിലെഴുന്ന വാന-
മിരുൾത്തിരശ്ശീലയിലൂടെ മുററും
ഓരായിരം പല്ലുവെളിക്കുകാട്ടി-
പ്പാരാത്തുതിക്കും പരിഹാസഹാസം! 30

ഉയർന്നുയർന്നുള്ളവർ താഴ്ന്നുതാഴ്ന്നു
കിടന്നിടുന്നോരെയിതേവിധത്തിൽ
വിധിപ്രഭാവം ചെറുതോർത്തിടാതെ
ഹസിപ്പതാം ലോകനിസർഗ്ഗരീതി! 31

താഴത്തു താപാത്യയമാർന്നു പാടം
തണ്ണീർ കുടിപ്പാനിഹ വായ്പൊളിപ്പൂ
മാനത്തിലാജീവനദങ്ങൾ കൈവാർ
മിന്നിച്ചു ഗർജ്ജിക്കുകയില്ലി ചെയ്വൂ! 32

കരിഞ്ഞിടട്ടിത്തൃണവും തദീയ-
പ്രത്യാശയും!—മേലിലെഴുന്നലോകം
ചാർത്തട്ടെ രമ്യദ്യുമണിപ്പതക്കം!
നക്ഷത്രമാല്യങ്ങളണിഞ്ഞിടട്ടെ!!" 33

ഈമട്ടുരച്ചാ ഹതഭാവുകൻ ഹാ!
തളർന്നു, താൻ നാവു കുഴഞ്ഞുമുററും
നിരാശതൻ നിമ്നതമസ്ഥലത്തി-
ലെഴും പ്രശാന്തസ്ഥിതിയാർന്നു കാണായ്! 34

അത്യത്ഭുതാനന്തവികാസശക്തി-
യകത്തുവായ്ക്കും ചെറുബീജമെത്ര
അഹോ! വസിക്കുന്നിതു താഴെയെങ്ങു-
മനാരതംവിസ്മൃതി തന്നിരുട്ടിൽ! 35

അവയ്ക്കു തൃഷ്ണാശമനത്തിനല്ല
നവ്യാമൃതം കയ്യിലെഴുന്ന കൂട്ടർ
സ്വമേന്മ ഘോഷിച്ചു ഹസിക്കമാത്രം
ചെയ്‌വൂ കൃപാബിന്ദുവുമേകിടാതെ! 36

ഇരുമ്പുതൂണൊന്നു തുറന്നുമേന്മേൽ
സൂയ്യാളയേറേററമുയർന്നുവെന്നാൽ
നൽഛായകൊണ്ടും സ്വഫലങ്ങൾകൊണ്ടു-
മിളീനരാശാപാസകർ പാരിനെങ്ങും! 37

അവക്കു ഹാ! ജീവനമേകിയെന്നാൽ
കാട്ടുംമഹത്ത്വം നിജ,മായതിന്നായ്
മേലിൽ തുറന്നീടുവതില്ല മിന്നൽ-
പ്പൊന്നുള്ളിലേറീടുമിരുമ്പുപെട്ടി! 38

ഉഗ്രാതപത്താൽ പരമെത്രബീജം
കരിഞ്ഞിടുന്നൂ ജലപാനമെന്യേ
ദയാഭരംകൊണ്ടു കനിഞ്ഞതഹ്ലത്തും
കണ്ണുംപെടാത്തോരറിവീലിതൊന്നും! 39

വിചാരധാരേ! മതി, നിന്റെകണ്ണീ-
രാലന്ധകാരോൽകടബന്ധഗേഹം
തുറക്കുവാൻ കുഞ്ചിക തീർത്തിടാമോ?
വിശുഷ്കബീജത്തെയുയർത്തിടാമോ?. 40

ഇല്ലൊന്നിനും ശക്തിയെനിക്കു, പക്ഷേ
നിസ്സാരമെൻ തൂലികയിങ്കലാളും
ആ നീലമഷ്യഞ്ജനമേകനേത്രം
തെളിച്ചുവെന്നാൽ ചരിതാർത്ഥനാം ഞാൻ! 41

# X

## ജീവിതാശ

(കേക)

ഭർത്താവിന്നകാലികമൃത്യുവും മററനേക-
മാർത്തിയും താങ്ങീടുവാൻ തയ്യലാൾക്കസാധ്യമായ്!
മംഗല്യസൂത്രമററു —ജീവിതപ്രദീപിക-
മങ്ങിയെന്നല്ലാ തീരെക്കെട്ടുപോയെന്നേ വേണ്ടു!
ആ മഞ്ജുസൂനം ഫുല്ലമായപ്പോൾത്തന്നെ സൂക്ഷ്മ-
നാമഗ്നമായീ കാലസിന്ധുവി,ലിരുളേറി!
ജീവിതം ഭാരമായാ ബ്രാഹ്മണകുമാരിക്ക
കേവലം ഗൃഹംപോലും മുൾക്കാട്ടുപോലായ്ത്തീർന്നു!

താങ്ങില്ല, തണലില്ല, "ഭാരതി"യൊരുനാളിൽ
തൻകുലേശ്വരിയാകും ദേവിതൻ ക്ഷേത്രത്തിങ്കൽ
ചെന്നോതി. "അമ്മേ! മമ ജീവിതമരുത്തിനെ-
യിന്നതാണൊരു പാമ്പിന്നൂണാക്കി,ലതേ സൗഖ്യം!"
അതുള്ളിലന്തർയാമിയാകുമജ്ജനിത്രിതൻ
വക്ത്രത്തിൽസ്മിതമൊന്നുമിന്നിമാഞ്ഞതായ്ത്തോന്നി!

സന്ധ്യയായപ്പോഴേക്കും പ്രാർത്ഥനയല്ലു,കാല-
സിന്ധുവാൽ പ്രക്ഷാളിതമായിപ്പോയ് മറഞ്ഞുപോയ്!
ആ ലോകദീപംമങ്ങി, കൃഷ്ണരേഖകളങ്ങി-
ങ്ങാഹന്ത! വീശീ തമഃപാശങ്ങൾ സുദീർഘങ്ങൾ!

രുദ്രാക്ഷമണിമാല പിടിച്ചുജപിക്കുമാ
ഭദ്രാംഗിഭാരതിതൻ പശ്ചിമഭാഗത്തിങ്കൽ

ഉച്ചത്തിലൊരു ചീററൽ കേൾക്കായി, യമൻതന്റെ
യുച്ചണ്ഡകൃപാണികാ വീശലിൻ നാദംപോലെ!
പെട്ടെന്നു തിരിഞ്ഞവൾ നോക്കിനാൾ—മഹാഫണ-
മൊട്ടുക്കവിടുർത്തതാ നിൽക്കുന്നു കാളസർപ്പം.

*         *         *         *

എന്തിനു ഞെട്ടുന്നു നീ,യെന്തിനു വിറച്ചീടു-
ന്നെന്തിനു പാഞ്ഞോടുവാനെമ്പാടും നോക്കുന്നു നീ!
കനിഞ്ഞു താവകീനപ്രാർത്ഥന, ഭുവനൈക-
ജനിത്രി കൈക്കൊണ്ടല്ലോ! മംഗളം ഭവതു തേ!!

*         *         *         *

ഏതൊരുബലത്താലോ പാഞ്ഞവൾ ക്ഷേത്രപ്പടി
വാതലിൽ സാഷ്ടാംഗമായ് യഷ്ടിപോൽ നിപതിച്ചു.
മുക്കാലും ഭയത്തിങ്കൽ മുങ്ങിയ നിനാദമൊ-
ട്ടുൽഗളിക്കയായേവ“മംബികേ! ക്ഷമിച്ചാലും!!
ഞാൻമുമ്പുപറഞ്ഞതു കാര്യ്യമായെണ്ണീടൊല്ലേ
ദുർമ്മതി! അഹോ” ഘോരം! എന്നമ്മേ! പൊറുക്കുക!!

# XI

## * ഇന്ദ്രജാലം

(കാകളി)

ചൊല്ലി "ഫിലിപ്പ്‌നീറി"യോടു, കാത്തോലിക-
പ്പള്ളികൾക്കീശ്വരനായ പോപ്പീവിധം
"സ്വാഗതം ധീമൻ, ഗുണാലയ! താവക-
മാഗതം ചിന്തതൻ ജാഡ്യമകററി മേ
ഈ രമ്യ 'റോമാ' പുരിയിൽനിന്നല്പമാം
ദൂരത്തിലുണ്ടൊരു സന്ന്യാസിനീമഠം
അങ്ങു മഹാത്ഭുതകർമ്മസൗധോപരി
തുംഗകീർത്തിധ്വജം സമ്പ്രതിഷ്ഠിച്ചവൾ
ഈശ്വരാവേശജീവാതുവാലാർത്തരെ-
യാശ്വസ്തയാക്കിട്ടുമേകസന്ന്യാസിനി
ന്നൂനം വസിപ്പുപോൽ ലോകപൂജാബഹു
മാനസൂനഗന്ധസുരഭിലജീവിത!
നന്നായ് തദീയാപദാനങ്ങൾ വർണ്ണിച്ചു-
മെന്നല്ല തദ്ഗുണധോരണി വാഴ്ത്തിയും
ആ നാരിയാൾക്കു സുയോഗ്യമാം സ്ഥാനസ-
മ്മാനാദിനൽകാൻ "ശിപാർശ്' ചെയ്തും മമ
ആലബ്ധമായൊരു ലേഖനം വിജ്ഞയാം
ശ്രീലമഠാധീശ്വരിയിൽ നിന്നും സഖേ!
എന്തിതിൽ ചെയ്യേണ്ടതെന്നു പലവിധം
ചിന്തിക്കെ, ഭാഗ്യാൽ ഭവാനുമണഞ്ഞിതേ!

---

* എമേഴ്സൺ എഴുതിയ ഒരു സംഭവത്തെ അവലംബിച്ചു്.

അന്നിററലിയിലെബ്ബുദ്ധിമാന്മാരിൽവെ-
ച്ചൊന്നാമനായിരുന്നാ മഹാചിന്തകൻ
"ഞാനറിഞ്ഞതത്രിടാം വാസ്തവതത്വ" മെ-
ന്നാനമ്രനായിട്ടുരച്ചു കൃതാദരം
വേഗം ജവനാശ്വമേറിപ്പുറപ്പെട്ടു
ശ്രീഗരുഡോപരി ഗോവിന്ദനെന്നപോൽ
തദ്വാഹനാംഘ്രിതൻ സംഗേന നിസ്സാര-
മദ്ധൂളിക്കൂടിയുമന്നതിയാന്നിതേ!
തന്മുഖാബ്ജത്തിൽ പൊടിഞ്ഞു വിയർപ്പുകൾ
നിർമ്മല സാത്വികബിന്ദുക്കൾ പോലവേ.

ക്ഷീണിതസ്വേദിതഗാത്രനായ് ഭൂരജഃ-
ശ്രേണീവിധൂസരവസ്ത്രനായമ്മഹാൻ
നിർമ്മല സന്ന്യാസിനീപരിസേവ്യമാ-
മമ്മഠത്തിങ്കലണകയായ് സത്വരം
ലേശം വിശേഷങ്ങൾ ചൊല്ലാതെ, യമ്മഠാ-
ധീശയോടോതിയുഴറ്റൊടീ വാക്കുകൾ
"കാണ്മവാൻ വന്നു ഞാൻ കീർത്തിസുരഭിത-
ക്ഷോണിയല്ലിവ്യസന്ന്യാസിനിയെജ്ജവം"

വേഗത്തിലെത്തുമാ വിഖ്യാതയോടു-
ന്നാഗതൻ ചൊല്ലിനാൻ "മൽപദത്തെ ക്ഷണം
ഹേ, സദ്ഗുണാഢ്യേ! കഴുകുക, ധൂളിയാൽ
ധൂസരമായത്തു ദീർഘമാം യാത്രയിൽ"
കന്നു ഞെട്ടിപ്പുറകോട്ടുമാറിത്തദാ
സന്ന്യാസിനീമണി—കേൾപ്പതെന്താണഹോ!

യൽപാദധൂളി ലഭിപ്പതു പുണ്യമെ-
ന്നല്ലേതരാശയാ വാഴ്‌വൂ ജനവ്രജം!
യദ്ദിവ്യകർമ്മമാം പദ്മം പ്രഫുല്ലമായ്!
തദ്ഗീതി പാടുന്നു ലോകമധുവ്രതം!
തിങ്കൾക്കരംകൊണ്ടു യൽകീർത്തിലക്ഷ്മിയാൾ
വെൺകളിതേയ്ക്കുന്നു ദിഗ്ഭിത്തിമേലിലും!
ആ ദിവ്യയോഗിനി കേവലനേകന്റെ
പാദരജസ്സുകഴുകയോ?—വിസ്മയം!
ലോകമുഖോദ്ഗളത്സംകീർത്തനാമൃത-
മാകണ്ഠമാസ്വാദിച്ചീടുകയാലവൾ
കേവലയല്ല—സുരലോകവാസിനി
ദേവതയാണവൾ—തദ്ഭൃത്യർ ഞാൻ മാനുഷർ
ഉഗ്രമായീടും 'മഹ'ത്തിന്റെ ചൂലടി-
യേല്ക്കയകന്ന വിനയലക്ഷ്മിക്കഹോ!
ഞത്തില്ലടുക്കുവാൻ—അത്രയ്ക്കുകന്നുപോയ്
കീർത്തിവിമാനത്തിലേറുമമ്മാനിനി!!

സന്ന്യാസിനി, മുഖഭാവം പകർന്നു പി-
ന്നൊന്നു പരുങ്ങിമാറുന്നതു കാൺകയാൽ
ഹാ! സുസ്മിതം തന്മുഖത്തിലുണ്ടായ് പരി-
ഹാസലതയ്ക്കെഴും മഞ്ജരിപോലവെ.
അമ്മഹാനന്നിമേഷത്തിലിറങ്ങിനാൻ
തന്മഠത്തിൽനിന്നു—നിന്നില്ലൊരല്പവും!
എത്രനാൾ ശാന്ത്യജപോത, മഹങ്കാര-
മത്തദ്വിപത്തിന്റെ മുമ്പിൽ വസിച്ചിടും!

പെട്ടെന്നു പോപ്പിന്നാട്ടത്തെക്കുത്തിയോതിനാൻ
"ഒട്ടും വിചാരകുലനാകൊലാ ഭവാൻ.
ഇല്ലൊരു ദിവ്യകൎമ്മങ്ങളുമങ്ങു പി-
ന്നുള്ളതേതോ വെറും ചെപ്പടിവിദ്യതാൻ
ഹാ! പരിപാവനദിവ്യകൎമ്മത്തിന്റെ
സാപഹാസസ്ഥിതമിന്ദ്രജാലം ദൃഢം.
ഗൎവ്വാഗ്നികൊണ്ടു വരണ്ട ചിത്തോൎവ്വിയിൽ
ദിവ്യകൎമ്മച്ചെടിയേതും മുളച്ചിടാ.
ആ വന്ദ്യയാമീശഭക്തിയും, മങ്ങഹം-
കാരരക്ഷസ്സോടടുക്കാൻ ഭയപ്പെട്ടും
എങ്ങുവിനയമി, ല്ലീശപരാവേശമി-
ല്ലങ്ങു ദിവ്യാത്ഭുതകൎമ്മവുമില്ലതാൻ!"

—:*:—

# XII

## വെള്ളിനക്ഷത്രം

(മഞ്ജരി)

൧

പൂർവ്വദേശത്തിലപൂർവ്വതേജസ്സൊന്നു
നിർവാണസൗഖ്യമൊഴുക്കിടുന്നു
വാസരത്തിൻ ത്രിയാമാദ്ധ്യായം തീർന്നിട്ടു
ഭാസിക്കും പൂർണ്ണവിരാമം പോലെ
ധ്വാന്തസമാവൃതഭൂമിതൻ പ്രത്യാശാ-
കാഞ്ചനകന്ദളമെന്നപോലെ
അന്നാകം തിങ്ങുന്ന ശാശ്വതദീപ്തിതൻ
ബിന്ദു വെളിയിൽ സ്ഫുരിച്ചപോലെ.
ഭാവുകസ്നേഹത്തിൽ സത്യത്തിരിയിലായ്
ഭാസിക്കും സൗന്ദര്യദീപംപോലെ
ചേതനയററ വിശ്വത്തിനുത്തേജന-
ജ്യോതിസ്സുതന്റെ കണികപോലെ
പൃഥ്വീനിവാസികൾക്കീശ്വരൻ കാണിക്കു-
മത്യുന്നതാദർശതാരംപോലെ!

അജ്ഞാതമേതോ മറയിൽ നിന്നാഭയോ-
ടാശു ഭവാനിന്നുദിച്ചനേരം
നൈരാശ്യകൃഷ്ണമാം ഭൂവിൻമുഖത്തിങ്കൽ
വീശുന്നു ഹർഷത്തിൻ വെള്ളിരേഖ!

ആഹ്ലാദശുഭ്രതരംഗങ്ങൾ ഭൂരുഹ-
വ്യൂഹപത്രങ്ങളിളക്കിടുന്നു
ഇല്ലതന്നിക്കിളിയായുഷസ്സന്നോത്തഴ-
മല്ലിന്റെ വക്ത്രം വിളർത്തിടുന്നു
എങ്ങുമമംഗളം മാറ്റാനടിച്ചോ നീ
മംഗളസൂചകപ്പൊൻമഹസ്സേ!
നൂനം മരവിച്ച വിശ്വത്തിൻ ഹൃത്തിലൊ-
രാനന്ദസ്പന്ദനം വീണ്ടുകാണായ്!

൨

ഏതോ മഹത്തായ ദിവ്യചൈതന്യത്തിൻ
ശ്രീതങ്കം സന്ദേശവാഹകൻ നീ!
നിന്നാന്തരാത്ഭുതശക്തിയേറ്റക്ഷണം
നിന്നിദ്രരായ്ത്തീർന്ന പൂങ്കോഴികൾ
നവ്യയുഗോദയവാർത്തയറിയിപ്പൂ
ഭവ്യകാഹളമൂതിയൂതി
പെട്ടെന്നുണർന്നെഴും ശംഖങ്ങൾ, കൂരിരുൾ
ഞെട്ടിടും മാറച്ചനിസ്വനത്തിൽ
ചൊല്ലെഴും നിർമ്മലക്ഷേത്രങ്ങൾ തോറുമേ
പള്ളിയുണർത്തുന്നു ഗാംഭീരമായ്
ചീർത്തതമസ്സു പിളർന്നു നീ നിർമ്മല-
സാത്വികരേഖ വരച്ചിടുമ്പോൾ
നിദ്രതൻ നിസ്തുലാബോധഭൂമിവിട്ടു
ഭദ്രമനസ്സരാം വൃദ്ധഭക്തർ
ആകാശമച്ഛഹരിനാമകീർത്തന-
മാധുരീമോഹനമാക്കിടുന്നു!

പൂമെത്തമേലിലായ് കാണും പുള്ളികളാ-
മാ മാന്മഥാനന്ദവീചികളെ
ഹാ! മനസ്സില്ലാമനസ്സോടുപേക്ഷിപ്പൂ
കാമിനീകാമുകരാം യുവാക്കൾ!
നിന്നാലാണീശനണച്ചസ്സും നിഭ്രസ്സും
നന്നാ * യതിത്തിവെൺകല്ലിടുന്നു.

൩

ചൊന്നീടുമാറുണ്ടു ഗൈർവാണീപണ്ഡിതർ
നിന്നേക്കവിയെന്നും കാവ്യമെന്നും
നിശ്ചയം സത്യമാണമ്മൊഴി, യല്ലെങ്കിൽ
നിൻകരകോമളസ്പർശമേല്ക്കേ,
എന്താണിളകുവാനെൻമൂഢഹൃത്തിലും
ഹന്ത! കവിതതൻ കൊച്ചലകൾ?
ആ മഹനീയമാം വന്ദ്യസരസ്വതീ-
യാമത്തെയാദ്യമൊന്നാരംഭിക്കാൻ
പേരഞ്ചും ദിവ്യമഹാകവേ! നീയല്ലാ-
താരാണു യോഗ്യനും ശക്തിമാനും!
അങ്ങയന്നീടവെ, യോരോ ചെറുലിപി-
യങ്ങിങ്ങകത്തിക്കുറിച്ചു നീളെ
ഒട്ടൊട്ടു മിന്നിയിരുന്നൊരത്താരക-
ക്കൂട്ടങ്ങൾ മങ്ങുന്നു മെല്ലെമെല്ലെ!
അദ്ധ്യയനശീലരായ വടുക്കൾ നി-
ന്നന്തഃപ്രചോദനയാലുണർന്നു

* അതിത്തിവെൺകല്ല്=അതിത്തികളിൽ സ്ഥാപിക്കപ്പെട്ടുള്ള കല്ലുകൾക്ക് വെള്ളിക്കല്ലെന്നു പറയുന്നു!

വേദമന്ത്രങ്ങളാ ലീയാൎദ്രഭ്രമിയെ
മോദപുളകമണിയിക്കവേ

ചേലഞ്ചു മീയാമവൈഭവാൽ നിസ്ത-
മാലിന്യമായി പ്രസന്നമായി
മിന്നിടും സൽകവിമണ്ഡലവക്ത്രതടം
തന്നിൽ തളിൎക്ക നീ ദിവ്യാമൃതം
നിച്ചിലും ശ്രുഷ്ക്കിച്ചിരുന്നതാം പ്രാതിഭ-
പ്പൂച്ചെടിയേററം തളിൎത്തതിങ്കൽ
ഭാവനാമോഹനപ്പൂക്കൾ വിടൎന്നിട്ടു
തൂവുന്നു വാസന മേല്ക്കുമേലേ!

൪

ആകാശസിന്ധുപ്പെരുമീനെന്നെങ്ങമേ
പേർകേട്ട തൂവെള്ളിനക്ഷത്രമേ!
കാമം തമസ്സാപരമാമവസ്ഥയെ-
ക്കാണിപ്പാൻ വന്ന ദിവ്യാക്ഷരമേ!
അക്രൂരിരുൾക്കരിമൎദ്ദിച്ചു മൎദ്ദിച്ചി-
ട്ടുദ്ഗതമുജ്ജ്വലഹീരകമേ!
ക്രൂരിരുൾ നീങ്ങാൻ സമയമായെന്നോൎത്ത
പാരിന്റെ പാവനമാഹ്ലാദമേ!
ഉന്നതാനന്ദപ്രകാശം ചൊരിയുന്ന
സൗന്ദൎയ്യപ്പൊന്മണിദീപകമേ!
നിൻകരവൈഭവാൽ പാരതന്ത്ര്യം വെടി-
ഞ്ഞെന്നാന്തരാത്മാവുയൎന്നുയരും
കാലവും ദേശവും കൂടിക്കടന്നിട്ടു
മേലിലായ് മേലിലായ് പൊങ്ങിപ്പൊങ്ങി

സൗന്ദര്യസ്വർണ്ണച്ചിറകു വിരിച്ചിട്ടാ-
നന്ദനഭസ്സിൽ പറന്നീടുന്നു
എന്നിട്ടൊടുവിലായ് നിന്നിഃലചേൻ ചേ-
ന്നൊന്നിപ്പൂ തേജസ്സേ! ഞാനും നീയും!
പാരം മരവിച്ചു നിശ്ചലമായൊന്നു-
മോരാതിവിടുണ്ടെൻ ദേഹം മാത്രം!

ആ നിത്യനിർമ്മലസൗന്ദര്യനിർമ്മിത-
മാനന്ദസ്വർണ്ണവിമാനത്തിങ്കൽ
ഏറി വിശാലചിദംബരജ്യോതിസ്സി-
ലാറാടി നിത്യം പറക്ക ഹൃത്തേ!

നിൻ ദർശനത്തിനാണെൻ ജീവിതമെന്നു
വന്നാലും വഞ്ചിതനല്ല ഹാ! ഞാൻ
നീ തന്നെയാനന്ദം, നീ തന്നെ സ്വാതന്ത്ര്യം
നീ തന്നെ നിർവൃതി സൗന്ദര്യമേ!

൭

ക്രൂരിരുൾ ദുസ്സഹം വർദ്ധിച്ചു വർദ്ധിച്ചു
പാരം പരവശമായ വിശ്വം
ദീനമായ് ചിന്താനിമഗ്നമായ് നിശ്ചലം
ധ്യാനിച്ചും ധ്യാനിച്ചും കാലം ചെല്ലെ,
ലോകത്തിന്നാശ്വാസകാഞ്ചനദീപം പോ-
ലാകമ്രജ്യോതിസ്സേ! നീയണഞ്ഞു!
അന്ധകാരം ജവം മാറുമെന്നോതി നിൻ-
കാന്തിവിലാസങ്ങളോരോന്നുമേ
നിന്നുജ്ജ്വലാഭ വിളക്കിയ മാർഗ്ഗത്തിൽ
മുന്നോട്ടു മുന്നോട്ടിപ്പൂർവ്വദേശാ

സാന്ദ്രനന്ദം സംശയാഭാവപ്രസന്നമാ-
മാനനത്തോടു ഗമിക്കയായി
വാരൊളിപൂകിയ കാഷായനിൎമ്മല-
വസ്ത്രം ക്രമത്തിലണിയുകയായ്!
പൊൻനാണയങ്ങളോരോന്നുമുപേക്ഷിച്ചു
പൈങ്കിളിനിസ്വനമന്ത്രമാന്നും
പാരിനെപ്പാവനമാക്കാൻശ്ശുഭതീൎത്ഥ-
വാരിബിന്ദുക്കൾ തളിച്ചുകൊണ്ടും
പിന്നെയും മുന്നോട്ടുപോകെ, യുദിക്കുന്നു
വന്ദ്യമാഹാത്മ്യമാം തേജോധാമം
ആ വിശ്വബാന്ധവനാകും ത്രയീമൂൎത്തി—
യാവിൎഭവിക്കവെ നിത്യോജ്ജ്വലം,
ക്രൂരിരുൾനിശ്ശേഷം നീങ്ങി വിളങ്ങുന്നി-
പ്പാരിടം ജ്യോതിൎന്നിലയനമായ്!

ദിവ്യമഹസ്സതിലാറാടിയാറാടി-
യവ്യയകാന്തിയായ് വിശ്വംനില്ക്കെ,
കാമം കൃതാൎത്ഥനായ് പുണ്യജനാചാൎയ്യ!
നീ മറയുന്നു!—നമോ നമസ്തേ!!

# XIII

## നിന്നെ നീ സമർപ്പിച്ചതില്ലല്ലോ

(കേക)

മാർത്താണ്ഡഭൂപാലാപഹൃതമാം രാജ്യത്തോടു-
മാർത്തിസഞ്ചയത്താലെ ദഗ്ദ്ധമാം ചിത്തത്തോടും
ആവിയന്നദീനാഥനേകദാ നിജകുല-
ദൈവമാം ശ്രീകൃഷ്ണന്റെ കാൽത്തളിർ നമിച്ചോതി
"കാരുണ്യനിലയമാം കൃഷ്ണ! നിൻമനോജ്ഞാംഘ്രി-
താരിലെൻരാജ്യമെല്ലാം പണ്ടേ ഞാൻ സമർപ്പിച്ചേൻ!!
എങ്കിലുമതിന്നന്യാധീനമായല്ലോ ഹന്ത!
പങ്കിലമായതിന്നല്ലോ മദ്യശസ്സിതാംശുകം!
ശ്രീയെഴുമത്യുന്നതസ്വർഗ്ഗത്തിൽ നിന്നു വീണു-
പോയല്ലോ ക്ഷണാൽ ഘോരനരകക്കുഴിയിൽ ഞാൻ
ആധിതൻപരമ്പര കൊണ്ടിതാ തെരുതെരെ-
ച്ചേതസ്സു തുരന്തുറായ് നുറുങ്ങീടുന്നു നാഥാ:—"
* അംബരാപഗാഭൂപവാഗ്വീചി തട്ടുള്ളുകൊ-
ണ്ടമ്പലത്തിങ്കൽ നിന്നു മീമട്ടോരശരീരി
സ്സ്വിശുദ്ധഗംഭീരം കേൾക്കായ് "വത്സ! നീയെന്തിനേവം
മുഗ്ദ്ധചിത്തനെപ്പോലെയോതുന്നതുമിത്ഥം
രാജ്യം നീ സമർപ്പിച്ചു—തെല്ലുമേ തകരാറാ-
രാജ്യത്തിനില്ലാ!—ഭദ്രമായതു വിരാജിപ്പൂ!
നിന്നെ നീ സമർപ്പിച്ചതില്ലല്ലോ, ഭവച്ചിത്തം
ഛിന്നമായെങ്കിലപരാധിയാർ? ഞാനോ, നീയോ?"

---

* അമ്പലപ്പുഴ രാജാവ്

# XIV

## നാളെ

മതിയിങ്കലതീവസുന്ദരം.
ദ്യുതിയാം സ്വപ്നശതങ്ങൾ വാക്കുവാൻ
എതിരേ വരുവോരു നാളെയാ
മതിഥേ! സ്വാഗതമോതിടുന്നു ഞാൻ. 1

ഘോരാതപക്ലിശിതമാം പകലിന്നു രാജ-
ത്താരാമണീരുചിരശീതളസന്ധ്യപോലെ
സ്സാരാത്തിയാന്ന മനുജന്നു ശുഭാപ്തിചിന്താ-
ധാരാമൃതപ്രസര, നാളെ! സുഖപ്രദൻ നീ. 2

അമലാഭനിറഞ്ഞ നാളെയാം
സുമമേ! നീ വിടിരുന്നതോത്തു ഞാൻ
അമരുന്നു- മമ പ്രതീക്ഷയാം
സുമരന്ദം ത്വയി പൂണ്ണമാം സദാ!- 3

ഇന്നായി നാളെ വികസി,ച്ചഥ ഞാൻ മണത്തു
നന്നായതിന്നലയുമായതിരുട്ടിലാണ്ടു!
എന്നാകിലെന്തു, മമ മോഹനമായ നാളെ!
നിന്നാകരത്തിലിനി യെത്ര ലസിപ്പു രത്നം! 4

കളി മാററിയിരുട്ടിനുള്ളി 'ലി-
ന്നോ' ളിയിച്ചോരു ദിനാധിനാഥനെ
മിളിതോജ്ജ്വലകാഞ്ചനാഭനായ്
തെളിയിക്കുന്നതു 'നാളെ'യല്ലയോ!- 5

പൗരസ്ത്യഭൂമിയിതിലേറിയ ക്രൂരിരുട്ടാ-
യോരത്തിരസ്കരണി മെല്ലവെ മാററി മേന്മേൽ
ഹാ! രമ്യമാം വിവിധചിത്രഗണം വരയ്ക്കാ-
നാരംഭമാകുമൊരു നാളെ! ജയിക്ക നിത്യം!! 6

ഉരുളേററിതരം പൂട്ടമാശയാ-
മൊരു പാഥോജഗണം വിടുത്തുവാൻ
അരുണോജ്ജ്വലരമ്യമൗലിയായ്
വരുമെൻ സ്നേഹിത! വെൽക വെൽക നീ! 7

ദൂംഗങ്ങളാം വ്യഥകളേകിയുമേററമാശാ-
ഭംഗംകൊടുത്തുമഹിതപ്രദനിന്നന്ത്യം
മാംഗല്യമഞ്ജുമണിദീപമിണക്കിയന്ത-
രംഗത്തിലാക്കുമതിസൗഖ്യദനങ്ങതന്നെ! 8

ധൃതിയൊടയി! ശുഭാപ്തിചിന്തതൻ
കതിപയകാഞ്ചനമിന്നൽരേഖകൾ
മൃതിശരണനിരാശഹൃത്തിലും
പ്രതിനിമിഷം സഖി! ചേർപ്പതില്ലിനീ! 9

പാരം നരന്നാമയമേകുമന്ധ-
കാരത്തിരശ്ശീല വലിച്ചുമാററി
നീരന്ധ്രതോഷപ്രദദീപ്ത്യതേജ:—
പൂരത്തിൽ മുക്കീടണമെന്നെ നാളെ! 10

കൊടിയൊരിരുളിൽ വീണേൻ ദുഃഖമേറീടുമാറാം-
പടികളഥ കടന്നീടുന്നു ഞാൻ മെല്ലെമെല്ലെ
സ്ഫുടിതമലമാമത്തേജസാംരാശിയേ നി-
ന്നടിയിണ പണിയും മേ വിജ്വലിപ്പിക്ക, നാളെ! 11

'ആലസ്യബാധിതനു തൻ തലയൊന്നു ചായ്ക്കാ-
നാലംബമാണു ഭവദങ്കധരിത്രിയെന്നായ്
ഹാ! ലജ്ജവിട്ടരുളിടട്ടെ നരൻ, നിനച്ചാ-
ലാലക്ഷ്യനല്ല മടിയന്നൊരുനാളിലും നീ. 12

ചൊല്ലാമമ്പൊടു 'നാളെ'യാണിനിയു'മി
    ന്നാ'യിബ്ഭവിക്കുന്നതെ-
ന്നെല്ലാം പെരുമതതാപവേദികം; ശരി-
    ക്കെന്നാൽ മുമുക്ഷുതാപവും
ചൊല്ലാന്റഭ്യമശീലവും സുദൃഢമാം
    സന്നിഷ്ഠയും ചേരുമോ-
ക്കല്ലാതില്ലിഹ 'നാളെ'യാം ശുഭദിനം;
    മററാക്കു'മിന്നെ'ന്നുമേ! 13

സ്ഫുടപ്രഭാവത്തൊടു ലോകമാക-
മടക്കിളത്തിങ്കൾ ജയിച്ചുകേറും
ഭടന്റെമേൽ നീ കനകാഭിഷേകം
നടത്തുവാൻ കാത്തുവസിക്കയല്ലീ? 14

ഗാനം മനോഹരമുതിർത്തഥ സിദ്ധദേവ-
സമാസത്തുപോം ദ്വിജവരച്ചിറകിങ്കൽനിന്നും
ആനന്ദവീചികളിളക്കിയതിങ്കലായ് നീ
ദീനവ്രജത്തെ മുഴുകിപ്പതിനോ വരുന്നു? 15

സ്ഫുരിക്കുമുൽക്കണ്ഠയൊടും പ്രതീക്ഷി-
ച്ചിരിപ്പു നിന്നാഗമമന്തരംഗം
ഒരിക്കൽ നിൻദിവ്യമഹസ്സിൽമുങ്ങാ-
തിരിക്കുവാൻ മർത്ത്യനു സാദ്ധ്യമല്ല! 16

വൻമാലിടയ്ക്കെത്തുകിലും നരവ്രജം
തൻമാനസം സോത്സുകമാം ത്വദാപ്തിയിൽ
നിൻമാനനീയം പദപത്മമതൊരുത്തനും
ജന്മാവകാശം ദൃഢമായിരിക്കണം! 17

അനഘ! തവ സമീപത്തെത്തിടുംമുമ്പു ഭീയേ-
റിന നിശയെ മനുഷ്യൻ നിശ്ചയം താണ്ടിടേണം!
കനകലിപികൾ മേലിൽ ക്രൂരിരുട്ടിൻനടുക്കം
മനസി ഹഹ! ശുഭാശാകന്ദളം ചേർത്തിടുന്നു! 18

ചൊല്ലാർന്ന മൂഢബുധദുർജനസജ്ജനാദി-
യെല്ലാവരും തവ സമുജ്ജ്വലപാർശ്വഭൂവിൽ
നില്ലാതൊരിക്കൽ ദൃഢമെത്തണം, മങ്ങവന്നേ
വല്ലായ്മവായ്പ്പു നരർക്കു നശിക്കയുള്ളൂ! 19

ഇന്നുനൽകുമിരുളൊക്കെ മാററി നിൻ-
പൊന്നുപൂശിയ വിഭാതവേളയിൽ
ഒന്നുണർന്നു വിലസീടുവാൻനിന-
യ്ക്കുന്നു, നേരമതിനെത്രവേണമോ? 20

ഹാ! മൽപ്രതീക്ഷയുടെ ചെമ്പനിനീർസുമങ്ങൾ
കാമം വിടുർന്നു പുതുതാമൊളിവീശിനില്ക്കും
ശ്രീമൽപ്രകാശമയമായൊരു നിൻെറ ഭൂവിൽ
ഭീമവ്യഥാരഹിതനായിവനെപ്പൊഴെത്തും? 21

മൃതിഭീതിദരിദ്രതാദിമുററവും
ക്ഷിതിയേലും ദുരിതങ്ങളെന്നിയേ നീ
കതിർവീശി വിളങ്ങിടുന്നിതിന്നാ-
മതിഭീഘ്നം മറതൻെറയപ്പുറത്തായ്! 22

വരുമാൎത്തികൾ ഭസ്മമാക്കിയെന്നെ-
പ്പെരുതാനന്ദമാനായനുഗ്രഹിക്കാൻ
പുരുദിവ്യമഹസ്സിൽ മുങ്ങിനില്ക്കു-
ന്നിരുളാഴിക്കുഴമക്കരെയ്ക്കു ഹാ! നീ! 23

വരുക വരുക വേഗം നിൻപ്രകാശത്തിൽമുങ്ങാ-
തൊരുവനുമുലകത്തിൽ രക്ഷയില്ലേ നിനച്ചാൽ
തിരുവടിയുടെ ദിവ്യം ധ്യാനമേ ലക്ഷ്യമായി-
ക്കരുതിയിഹ സദാ ഞാൻ യാത്രചെയ്യും മഹാത്മൻ!

സകലമൎത്ത്യനുമോൎക്കുകിൽ നിന്നിൽനി-
ന്നകലുമെത്രയുമത്രയുമാമയം
മികവോടിന്നെഴവോരിരുൾമാററി ഹാ!
വികസിതദ്യുതി തൂകുക നാളെ! നീ. 25

ഭീ തിങ്ങിടുന്ന ജലബാധയകററി നീയാം
ജ്യോതിഃ സ്വരൂപനെഴുനെള്ളിടുമിക്ഷണത്തിൽ
സാധിക്കയില്ലിതരകാൎയ്യമരാത്രി മററും
ബാധിച്ച മൎത്ത്യനെതിരേല്ക്കുവതിന്നു നിന്നെ. 26

വാരാൎന്ന കാന്തിച്ചുട തൂകിടും നി-
ന്നാരാമണഞ്ഞീടുവതിന്നുവേണ്ടി
ഘോരാന്ധകാരത്തിൽ നിമീലിതാക്ഷ-
ന്മാരായ് തപം ചെയ്യുകയാം നരന്മാർ. 27

ഇന്നാളിടും ബഹളമാകെ വെടിഞ്ഞു,മല്ല-
ലൊന്നായ് മറന്നു മതിശാന്തിയൊടും നരന്മാർ
നന്നായടച്ചു നയനങ്ങൾ ഭവന്മഹസ്സു-
വന്നാ മനുഷ്യരിലനുഗ്രഹമേകുവോളം, 28

അതീവ നിൻതേജസി മുങ്ങുവാനായ്
പ്രതീക്ഷ ചെയ്യുന്നു നിരന്തരം ഞാൻ
കൃതീഡ്യ! മാറീടുവതില്ല, ഹാ! നിൻ
പ്രതീപകർമ്മാദ്യതമന്ധകാരം 29

ഇരുട്ടിലേക്കങ്ങു പിടിച്ചുതള്ളുവാൻ
വരുന്നൊരിന്നത്തെ വെളിച്ചമെന്തിനോ?
ഒരുത്തനാശിച്ചിടുമോ വൃഥാന്തമാ-
യിരുന്നിടും സൃഷ്ടിയെ ബോധമുള്ളവൻ? 30

നിൻ നിശാന്തകനകോജ്ജ്വലാസിയാ-
ലിന്നിനുള്ള തലപോയനന്തരം
ചിന്നിടുന്ന രുധിരത്തിലൂടവേ
വന്നിടും ജ്വലിതതേജസാം നിധി. 31

തമസഃ പരമായ് വിളങ്ങുമാ-
വിമലജ്യോതിഷി മുങ്ങുമെങ്കിലേ
ശമമുള്ളൂ നരനാം, വിവേകവാൻ
സുമതേ! കാത്തിടുമായതിന്നു താൻ! 32

നിന്നാകരത്തിലെഴുമത്ഭുതദിവ്യരത്നം
നന്നായി 'നാളെ'യൊളിവീശി വിളങ്ങിടുമ്പോൾ
ഇന്നാളിടുന്നിരുളിൽമാത്രമഹോ! തിളങ്ങും
പൊൻനാണയങ്ങളഖിലം പ്രഭമങ്ങി മാറും! 33

മുക്താമയം ജലകണങ്ങൾ ഭവൽപ്രഭാവാൽ
മുക്താമണിപ്രകരമായി ഭവിച്ചശേഷം
രക്താഭമാം തവകരസ്പർശത്തിലേറ്റം
വ്യക്താനുരാഗ, മഥ നിന്നിലഹോ! ലയിക്കും! 34

ഈ നസ്തമിക്കുവതുതാനിനി നാളെയെത്തു-
മെന്നാലെത്തിയും മിഹിരനായതു തന്നെയാകാം
എന്നാൽ കൃതാന്തജലധിസംപ്ലവത്തുലനായി
വന്നാലുമുജ്ജ്വലമഹസ്സതു നവ്യമത്രേ! 35

അനന്താലയയാ ലക്ഷ്മി ചേർന്നുല്ലസിക്കു.
ന്നനന്താഭനാകുന്ന തേജസ്സ്വരൂപൻ
ജനവ്രാതജാഡ്യാന്ധ്യവിധ്വംസനത്താൽ
മനസ്സിൽ പരാനന്ദമേകീടുമിപ്പോൾ. 36

ദൂരത്തൊട്ടതി ദുർഗ്ഗമം പെടും
പരമിന്നാമിരുൾപൂണ്ട ജീവിതം
വിരമിച്ചിനി ഹാ! മഹഃപര-
മ്പരയോടും ത്വയി മുങ്ങിടട്ടെ ഞാൻ! 37

തവ നികടമണഞ്ഞിടാൻ പ്രതീക്ഷി-
ച്ചിവനനിശം വലയുന്നു, നീ കൃപാബ്ധേ!
നവസുഷമയൊടാഗമിക്കയല്ലേ
ശിവ ശിവ! മതസവിധത്തിൽ മാത്ര തോറും! 38

ആർത്തിയാകെയകലാൻ ശുഭത്രയീ-
മൂർത്തിയാം തവ മഹാഗമത്തെ ഞാൻ
പാർത്തിടുന്നി, തിനിയും മമാമയം
ചീർത്തിടാതെ, വരുകെൻ മഹാമതേ! 39

ഇന്നു! കുറച്ചു വെളിവേകിടുവോരഹസ്സു
തന്നേ വധിച്ചു നിണമാർന്നഥ ക്രൂരിരുട്ടിൽ
ചെന്നേറിടുന്ന തവ സംഗമമേ വെടിഞ്ഞു
പിന്നേഷ നാളെ'യുടെ പൊൻപ്രഭപൂകിടും ഞാൻ!

വെളിവേററിടുവോരു നാളെ! നീ-
യൊളിവീശുമ്പൊഴുതിങ്ങൊരോ സുമം
ഫലിതാത്മസുഷുപ്തിഫുല്ലമായ്
തെളിയും തേനൊഴുകും ജിതാമൃതം! 41

നിൻകാന്തിച്ചൂട പൂകിടുന്നതു ദൃഢ-
മർത്ത്യസ്വഭാവം ഭവൽ.
സങ്കാശത്തിലണഞ്ഞിടാൻ സതതമു-
ദ്യുക്തം ജഗന്മണ്ഡലം;
ശങ്കാപേതമിരുട്ടിൽ നിന്നിത വെളി-
ച്ചത്തിങ്കലെത്തുന്നു ഞാൻ,
എൻകാതിൽ പതിയുന്നു നിൻവരവിലെ-
ക്കമ്രം കളാലാപനം; 42

# XV

## ഉൽകണ്ഠ

(അന്നനട)

വരുകനീ വിഭോ! വരുകനീ വിഭോ!
തിരുവടിയെക്കാത്തിരുപ്പു ഞാൻ സദാ
ഇരുളസഹ്യമായ് പെരുകിടുന്നു മേ
വരുക നീ ജവം ഭുവനദീപമേ!
ഭവാനെവിടെയെന്നറിവതില്ല ഞാൻ,
ഭവാനറിഞ്ഞിടാമെവിടെയെന്നിവൻ,
അതിനാൽ നാഥാ! നീയടുത്തണയുക
മതിയിലല്പവും മടിയെഴാതുടൻ!! (വരുക)
അടുത്തിടുമഴുക്കടിച്ചടിച്ചുതാ-
നടന്നടന്നകററിടുന്നു ഞാൻ വിഭോ!
കടുത്തപാറകൾ വലിച്ചുമാററി മുൾ-
ച്ചെടികളെപ്പറിച്ചെറിഞ്ഞിടുന്നു ഞാൻ
മലിനവാസനയകററുവാൻ പനീർ-
സലിലമെങ്ങുമേ തളിച്ചിടുന്ന ഞാൻ (വരു)
സുകൃതഭാസ്കരോദയപിശുനമാം
പ്രഭാതസന്ധ്യപോലെഴും തളിർകളിൽ
മണവുമാഭയും മരന്ദധാരയു-
മിണങ്ങിടും സുമസമുദയങ്ങളാൽ
അലമലംകൃതകുസുമവാടിയായ്
വിലസിടുന്നിതേ വിശിഷ്ടമീവഴി!! (വരും)
അകണ്ടകശിലമശേഷമീവഴി
സുഖസുശീതളം മൃദുലമോഹനം!

ഗഗനമണ്ഡലം സ്ഫുടസുമാവലീ
ഗളിതസൌരഭസുരഭിലം വിഭോ!
ഒരുവിധത്തിലുമൊരുത്സവ-
മരുളുവാൻ ഭവാനിനിയുമില്ലതാൻ (വരുക)

അലമതിന്നകം സദാശ്രുനിർമ്മല-
സലിലധാരയാൽ വിശുദ്ധമാക്കി ഞാൻ
വിമലസുസ്നേഹജ്വലിതദീപമായ്
ചമച്ചിതെൻ ചെറുഗൃഹാന്തർവേദിയെ,
പ്രണയമഗ്നനായൊരുക്കിവച്ചുനൽ-
പ്രഫുല്ലസാരസവരാസനത്തെയും! (വരുക

ത്രിഭുവനരാജ്യമഹാധിരാജനാം
വിഭുഭവാൻ; വെറുമകിഞ്ചനനിവൻ!
അഹോ! ക്ഷണിപ്പു ഞാൻ! പ്രതീക്ഷചെയ്‌വു ഞാൻ
അഹർനിശോൽകണ്ഠാവിവശനാവു ഞാൻ!
മദീയസാഹസം മനസ്സിലോർത്തു മേ
മടി പെരുകിലും മഹാമഹേശ്വര!
വരുന്നു ധീരത പരം, തിരുവടി
കരുണതൻ മഹാസമുദ്രമല്ലയോ! (വരുക

മരുവിടുന്നു ഞാൻ ചെറുകുടിലി,ലി-
ല്ലൊരു വിഭവവും തരുവതിന്നു മേ
ശരി ശരി, യെന്നാൽ മദീയസർവ്വവും
തരുകയാണുടനിവനെക്കൂടി ഞാൻ!
തരുകയെൻ ജോലി-യൊരുകമ്പിളംകാട്ടി-
പ്പരം ഫലപ്രഭൃതിരകണക്കിന്നി
ഇരക്കയില്ലലം പ്രണയസാരമേ!
വെറും ദരിദ്രനല്ലതോർത്തിടുമ്പൊഴം ഞാൻ!

ത്രിഭുവനേശ്വരി! ഭവാനു പാഴ്ത്തുണം
വിഭവവൃന്ദവും മനോജ്ഞഹർമ്മ്യവും
പൊളിഞ്ഞു ദുർബലം കുടിലിതെങ്കിലും
ഖിളങ്ങളേററവും ഭവാനണയുകിൽ!
തിരുവടിതന്റെയെഴുന്നള്ളത്തുകാ-
ത്തിരിപ്പിതെത്രനാം സദോർല്ലൂലികനായ് (വരുക
പൊടി തുടച്ചു ഞാൻ കഴുകി വേണ്ടപോൽ
വെടിപ്പെഴും വരസരോരുഹാസനേ
അടിയിരുത്തുകങ്ങടിയനീശ! നി-
ന്നടി പണിയുവാൻ നിരന്തരോത്സുകനിൻ (വരുക

—:*:—

# XVI

## ഓടക്കുഴൽ

ഗാഥ

കേൾക്കമാറുണ്ടു ഞാൻ നാഥ! ചിലപ്പോൾ നിൻ
തൃക്കുഴലൂതിൻെറ ദിവ്യനാദം!
ഘോരവിഷാദനിശീഥിനീവേളയിൽ
ക്രൂരിരുളാലെ പരീതനായി
മുന്നോട്ടുപോകെ ഞാൻ, ബന്ധുമിത്രാദിക-
ളൊന്നൊന്നായ് മെല്ലെ മറഞ്ഞിടുമ്പോൾ,
പാരം ഗഭീരനിശ്ശബ്ദതയെപ്പിള-
ന്നാരാൽ സുദൂരമാം ഭൂവിൽനിന്നും
കേൾക്കമാറുണ്ടു ഞാൻ നാഥ! ചിലപ്പോൾ നിൻ
തൃക്കുഴലൂതിൻെറ ദിവ്യനാദം!

സാമർത്ഥ്യഹീനനായ് ദുർബലസ്വാന്തനാ-
യാമയഭീമപരവശനായ്
ലോകത്തിൽനിന്നും ബഹിഷ്കൃതനായി ഞാ-
നേകാകിയായിത്തപിച്ചിടുമ്പോൾ
ഏകാന്തമെൻ ചെവിക്കുള്ളിൽ മുഴങ്ങുന്നു
ശോകാന്തകാന്തമാം വേണുനാദം!

കണ്ണീർക്കടലിൻ ഗഭീരതലത്തിങ്കൽ
പൂർണ്ണം നിമഗ്നനായ് തീർന്നിടുമ്പോൾ,
കർണ്ണപുടത്തിൽ പ്രപഞ്ചകോലാഹല-
ബിന്ദുവുമേറാതെയായിടുമ്പോൾ
അവ്യക്തമെങ്കിലും കേൾക്കുമാറുണ്ടു നിൻ
ദിവ്യമുരളീമനോജ്ഞനാദം!

ആഹന്ത! നൈരാശ്യം തന്നിടിയേറേററു
മോഹനലോകം തകർന്നിടുമ്പോൾ
നിശ്ചഞ്ചലനായി സംസാരഹീനനായ്
നില്ലൂവെ, മൽകണ്ണുവീഥിയിങ്കൽ
അങ്ങുദൂരത്തുനിന്നാപതിക്കുന്ന നിൻ
മംഗളമഞ്ജുളവേണുനാദം!

സ്വാതന്ത്ര്യതന്നെച്ചവിട്ടിമെതിപ്പു ഞാ-
നെത്രയും മേലോട്ടുയർന്നിടുമ്പോൾ
ഉച്ചമാമാസ്ഥലത്തിപ്രപഞ്ചാബ്ധിത-
നുച്ചണ്ഡമാരവം കേൾക്കാതാകെ
അജ്ജഗൽപ്രാണനാലാനീതമാവു നിൻ
പൂജ്യമാം മോടക്കുഴൽനിനാദം!

ഹന്ത! ദിനോദയാന്തങ്ങളാകും ലസൽ-
സന്ധ്യകൾതന്നുടെ ശാന്തതയിൽ
ധ്യാനച്ചിറകു വിതിർത്തു ഞാനുന്നത-
വാനത്തിലേക്കു പറന്നീടുമ്പോൾ
മാനുഷസങ്കൽക്കറെയററ നിർമ്മല-
മാനന്ദവിണ്ണുപഥത്തിൽമുററും
ഉല്ലാസദം ഹഹാ! കേൾക്കുമാറുണ്ടു നിൻ
പില്ലാങ്കുഴലിൻെറ ദിവ്യഗീതം!

ഇല്ലാതെയാകവേ ദുർവാസനാനിലൻ,
കല്ലോലമാലയടങ്ങിടുമ്പോൾ
ശാന്തമായീടുമുൾപ്പാലാഴിയിൽനിന്നു
കാന്തം ശ്രവിപ്പു നിൻ വേണുഗാനം!

കാളിയൻതന്റെ ഫണങ്ങളോരായിരം
കാൽത്തളിർകൊണ്ടു വിനമ്രമാക്കി
കാളിന്ദിതൻ വിഷബാധയകററിയ
കമ്രദിവ്യാമൃതപാദ! കൃഷ്ണ!
ഭീകരഹിംസ്രനിഷേവ്യനല്ലസ്സാധു-
ഗോകുലപാലകനല്ലയോ നീ!
ഘോരവനത്തിൽ സദാഗതിശക്തിയാൽ
പാരം ഭ്രമിച്ചു പുലമ്പിയതാം
കീചകംതൻ ചെറുഖണ്ഡം ഭവത്സംഗ-
മേല്ക്കവെ, ദിവ്യഗാനാത്മകമായ്!

ഹന്ത! ഭഗവൻ! ഭവദ്വേണുനാദമാം
ബന്ധുരപീയൂഷവർഷമേല്ക്കേ,
നന്ദനോദ്യാനം നമിക്കുന്ന മോഹന-
വൃന്ദാവനത്തിലായങ്ങുമിങ്ങും
വീതപത്രങ്ങളായ് നിന്ന വൃക്ഷങ്ങളു-
മേതോ മഹത്തായ ചോദനത്താൽ
സ്വാന്താനുരാഗബഹിഃപ്രകാശംപോലെ
പൂന്തളിർത്തൊത്തുകൾ പൂണ്ടുനിന്നു!
ഗാഢമേ ലജ്ജയാൽ നിർത്തിക്കുയിലുകൾ
സാനന്ദം ദത്തശ്രവണങ്ങളായ്!
ആഹാരവുംകൂടി വിട്ടപ്പശുവ്രജം
മോഹനം നിൻഗാനമാധുരിയിൽ
ഹാ! നീന്തി നീന്തി നിൻ ചാരത്തുവന്നു നി-
ന്നാനന്ദഫുല്ലനയനങ്ങളായ്!

അസ്സുധയിങ്കലോലിച്ചു മറഞ്ഞുപോൽ
ഹിംസ്രജന്തുക്കൾ തൻ ക്രൂരതയും!
ഭക്ഷണാഭക്ഷകഭാവമൃഗങ്ങളും
ഭംഗിയിൽ ചേർന്നു കളിച്ചുവത്രേ!
സന്തതം ശ്രീയാൽ സമാലിംഗിതകളാം
സദ്ഗുണഭൂഷണഗോപികമാർ
ചേലിലീഗ്ഗീതം ശ്രവിക്കെ, നാനാതര-
ജോലികളെല്ലാം മറന്നുവേഗം
ബന്ധുമിത്രാദികൾ തന്നെയും വിട്ടിട്ടു
ഹന്ത! തൻ വസ്ത്രവിഭൂഷകളും
നേരേയണിയുവാനോക്കാതെ നിസ്ത്രപം
ചാരേ വളഞ്ഞിതു നിന്നെ നാഥ!
വേദാന്തവേദ്യ! നിൻ തൂപ്പൂങ്കുഴൽപുണ്യ-
നാദമൊരിക്കൽ ശ്രവിച്ചുപോയാൽ
വിസ്മരിച്ചീടുന്നുവല്ലോ ക്ഷണത്തിലീ
വിശ്വം തദീയമാം സ്വസ്വഭാവം!!

൨

ആ വിശ്വരമ്യമാം ഭോഗത്തിനും തിക്ത-
ഭാവമണക്കും നിൻ വേണുനാദം
എൻ കർണ്ണവീഥിയിലേറും ചിലപ്പൊഴു-
തെങ്കിലുമന്നേരമൊക്കെ ദേവ!
വേഗം മറയുന്നുവല്ലോ മഹാഭവ-
സാഗരഭീകരാരാവംമൂലം!
തിക്തമധുരഫലങ്ങൾ ഫലിച്ചിടും
പുത്തൻചെടികൾ വളർന്നു പൊങ്ങാൻ
ഹാ! മിക്കവാറും തകർന്ന മൺപാത്രത്തി-
ലാമയത്തോടു ഞാൻ വെള്ളമേന്തി

സേചനത്തിന്നൊരുങ്ങുമ്പോൾ മുഴങ്ങുന്നു
മേചകവർണ്ണ! നിൻ വേണുനാദം!
നൂനമഗ്ഗീതിയിൽ സർവ്വം ലയിക്കവെ
താനേ പതിക്കുന്നു മൺകുടം മേ!
പൊട്ടിത്തകർന്നൊരാ മൺകലശം താഴെ-
യിട്ടു ഞാനഗ്ഗാനം ലക്ഷ്യമാക്കി
സർവവും വിസ്മരിച്ചോടിയണയുന്നു
നിർവാണദായക! നിന്നടുക്കൽ!
ആകാശചുംബിയായ് മാർഗ്ഗം തടുത്തിട്ടു-
മാകമ്രതുംഗഹർമ്മ്യാവലിയും
ശ്യാമളച്ഛായ തപസ്സിലും വീശുന്ന
വാമാജനങ്ങൾതൻ വാർമിഴിയും
കാണപ്പെടുന്നതി,ല്ലുൽകണ്ഠയിലലം
താണുഞാൻ പായുകയല്ലോ ചെയ്‌വൂ!
മുള്ളും ശിലയും ചവിട്ടിമെതിച്ചു ഞാൻ
മുന്നോട്ടുമുന്നോട്ടുഴന്നിടുമ്പോൾ
ബന്ധുരവിസ്തൃതബാഹ്യപ്രപഞ്ചവും
ഹന്ത! പൊടിഞ്ഞുതകർന്നിടുന്നു!
        മഞ്ജുളമഞ്ജീരരാജൽപദങ്ങളും
മഞ്ഞപ്പൂഞ്ചേലതൻ വീചികളും
മാറത്തു പൊന്മണിമാലയു,മാമയം
മാറിടും മാറെയും പുഞ്ചിരിയും
ഭക്തനെഞ്ചാധിക്കുമബ് ഭവൽകാന്തിയെ
ക്കത്തിപ്പിളക്കുന്ന കണ്മുനയും
സുന്ദരദിവ്യാഭരണവും പൊന്മുടി
തന്നിലെ മായൂരപിഞ്ഛികയും

വസ്ത്രതോരസ്സിലല്ലാപാദമസ്തകം
നൎത്തനംചെയ്തിടും ശ്രീദേവിയും
ആലോകഗോകുലവൃന്ദാവനാലങ്കൃത-
മാലോകനീയമാം ചമ്മട്ടിയും
മന്മനോദൃഷ്ടിതൻ മുന്നിൽ തിളങ്ങുന്നി-
തിമ്മട്ട ചിന്മയി! നിൻസ്വരൂപം!
മാൎഗ്ഗഭ്രമമെഴാതോടിയണയുന്നു
മുക്തിദേ! ഞാൻ നിന്റെ സന്നിധിയിൽ!

*         *         *         *

സാദരം ദേവി! നിന്നന്തഃപുരത്തിന്റെ
വാതലിൽ മുട്ടീടുമി'ഗ്ഗോപി'യെ
സൎവ്വമുപേക്ഷിച്ചു നിന്നടുത്തെത്തിടും
ത്വദ്ഗതപ്രാണനാമിസ്സാധുവെ
അപ്രതിരോധ്യമാമാകൎഷണത്തിനാൽ
ത്വൽപദലിപ്സുവാമിമ്മൂഢനെ
തെല്ലുംതിരസ്കരിക്കാതെയംഗീകരി-
ച്ചുല്ലാസമേകുക ജീവനാഥേ!
പ്രേമമനോജ്ഞമുരളീലഹരിയി-
ലാമഗ്നമാകട്ടെ ഹൃത്തടം മേ!

# XVII

## എന്റെ ക്ഷേത്രപ്രവേശനം

(പാന)

൧

ചെന്നു നിർമ്മലക്ഷേത്രമേറീടുവാ-
നുന്നതകുലജാതാഭിമാനി ഞാൻ
ഹന്ത! ചിത്ര, മദ്ദേവനികേതനം
ബന്ധിതതൽകവാടം ലസിപ്പിതേ!
നിർഭ്ഭയം കാമരൂപരാം കിങ്കരർ
നിദ്രിതദ്വാരമശ്ശിവവേശ്മനി
നിന്നിരുന്നു പുരോഗമനം മമ
നിർന്നിമേഷം നിഷേധിച്ചുകൊണ്ടുതാൻ;
"വിശ്രുതജാതിവംശജനാണിവൻ,
വൈശ്രവണസമാനധനനിവൻ,
കേവലമർത്ത്യനെന്നെന്നെയോർക്കയോ
ദേവഗേഹപ്രവേശാധികാരി ഞാൻ!"
ഈ വിധമൊക്കെയെത്രയുരക്കിലും
ഭാവഭേദമക്കിങ്കരർക്കില്ലഹോ!
"ജാതരൂപമയോപഹാരങ്ങൾ താൻ
ജാതമോദമടിയറവയ്ക്കുവാൻ
വന്നിരിപ്പു ഞാൻ!" എന്നരുളീടിലു-
മൊന്നിനൊന്നവർ തീർന്നിതു ധൃഷ്ടരായ്!

നിർമ്മമനാമകിഞ്ചനവല്ലഭൻ
തൻമണിയറയ്ക്കുള്ളിൽ നിന്നും തദാ
സതപരം കേട്ടപോൽ തോന്നിഞാനൊരു
സാപഹാസച്ചിരിതൻ പ്രതിധ്വനി!
ഹന്ത! ലജ്ജാവശനായ് ഹതാശനായ്
പിൻതിരിഞ്ഞാ,ശ്രമത്തിൽനിന്നന്നുഞാൻ!!

൨

വീണ്ടുമെത്തി നടേതിലുമുൾബലം
പൂണ്ടുഞാൻ ചിലകാലം കഴിയവെ
നിന്നിടുന്ന തക്കിങ്കരരന്നു,മാ-
മന്ദിരം പണ്ടുപോലെതാൻ മദ്രിതം!
ഓതി മാറ്റും തടുക്കമവരൊടായ്
"നീതിവിട്ടുനടക്കായ്ക നിങ്ങളും
അദ്യ നിസ്സാരനല്ലഞാ,നന്നത-
വിദ്യയാലിബ്ഭുവനം വിളക്കുവോൻ!
ഉത്തരപൂർവമീമാംസയും, പര-
മുത്തമന്യായപാണിനീയങ്ങളും
ആഗമങ്ങളുമപ്പുരാണങ്ങളു-
മത്ഭുതമാമുപനിഷജ്ജാലവും
സുന്ദരകാവ്യനാടകാദ്യങ്ങളു-
മെന്നുടെ ചിത്തഭൂഷകളാക്കിഞാൻ
സർവവിദ്യകൾകൊണ്ടും സുപൂജിതൻ!
അപ്രിരോധ്യനേതിടത്തുമിവൻ"
എന്നുരച്ചു ബലാലകത്തേകിലായ്
ചെന്നുമുട്ടിഞാനത്യന്തധൃഷ്ടനായ്!

ക്രൂരകിങ്കരന്മാരാലിവനുടൻ
ദൂരെ നിഷ്കാസിതനായ് പതിച്ചുപോയ്!
ദേവസാന്നിദ്ധ്യമാർന്നിയാ, മഹാം-
ഭാവമക്ഷികൾ മൂടിനിന്നീടവേ;
ലൗകികവിദ്യയാകുമവിദ്യയാ-
ലാകവെ പുറംപൂച്ചെഴുമെന്നിലായ്
പാവനജ്ഞാനശക്തിരഹിതനായ്
കേവലം ശിശുവാകുമിവനിലായ്
തുള്ളിത്തുള്ളിയായ് വീണതായ് തോന്നിയ-
ന്നുള്ളിൽനിന്നുമനുകമ്പതൻകണം!
ഇത്തവണയും ഭഗ്നാശനായി ഞാൻ
ചിത്തതീവ്രക്ഷതാധികദുഃഖനായ്
കോവിലിൽ നിന്നിറങ്ങിനേൻ ഗർവ്വസം-
ഭാവിതമാമുപായനത്തോടുടൻ!

൩

പിന്നെയും ചിലനാൾ കഴിഞ്ഞെത്തിയാ-
മന്ദിരത്തിലായ് വിഹ്വലഹൃത്തു ഞാൻ
കമ്പിതാംഗനായ് നമ്രവദനനായ്
നമ്പിനമ്പിത്തെരുതെരെദ്ദേവനെ!
പാരമാധനമാനാദിരാക്ഷസ-
വീരരൊക്കെ, മഹേശകൃപാസിയാൽ
ഛിന്നകണ്ഠരായ് തീരവെ, യെത്തിനാ
ളുന്നതശക്തിലക്ഷ്മി മഹേശ്വരി
സത്പസദ്ഗുണം കൊണ്ടുചമച്ചതാ-
മുത്തമവിനയാംശുകം ചാർത്തിയും

നിർമ്മലതാദ്യുതിയുമാദ്ധ്യാത്മിക-
പ്പൊന്മഹസ്സും ശിവകരം പൂകിയും
കേവലമെൻെറ സത്തയിൽ രാജിച്ചു;
സാവധാനമവിടാൻെറ ഞാൻ സുഖം!

അംബരം ലഘുമൂല്യം, ലവവുമാ-
ഡംബരമില്ല, യില്ലഭിമാനവും
'വിദ്യയെന്നോർത്തതൊക്കെ, യവിദ്യതൻ-
ഹൃദ്യമോഹനപ്പുഞ്ചിരിക്കൊഞ്ചലാം
ഉച്ചവംശധനാദ്യഭിമാനമാ
സച്ചിദാനന്ദമാർഗ്ഗസകണ്ടകം
എന്നറിഞ്ഞു ഞാൻ മുന്നോട്ടു മെല്ലവെ
വിന്യസിച്ചു പദങ്ങൾ—നോക്കും വിധൗ
പാരമത്ഭുതം!—കണ്ടതില്ലങ്ങെഴും
ക്രൂരകിങ്കരന്മാരെ യൊരേടവും
ദ്വാരമദ്ധ്യവിടവിലൂടെന്നിമായ്
വാരൊളിതൂകി ദിവ്യദീപപ്രഭം
ധൃഷ്ടനായില്ല വാതിലിൽ തള്ളുവാ-
നൊട്ടുമന്നു പഴയപോൽ—ഓതിഞാൻ

"ഏഴയാണിവൻ ദാസരിൽ ദാസനാം
താഴെയാരുമെനിക്കില്ല ഭൂമിയിൽ!
വിദ്യയുമില്ല വംശവുമില്ല, സ-
മ്പത്തുമില്ല, ബന്ധുക്കളുമില്ല മേ
പാവനാംഗ! ഭവാൻതന്നെ സർവവും
ദേവദേവ! ഭവാൻതന്നെയാശ്രയം;

ഭക്തിനമ്രമാം ചിത്താബ്ജവും ഘോ-
രസങ്കടസാന്ദ്രമിഴികളും
മാത്രമാണെനിക്കുള്ളോരുപായനം
മംഗളമായുരരീകരിക്കണേ!!”

നിഷ്കളങ്കമിതോതി—യകത്തുനി-
ന്നക്കവാടം ഝടിതി തുറന്നിതേ!
ക്ഷേത്രപുണ്യപ്രവേശാധികാരിയായ്
അത്ര ദിവ്യം മഹസ്സിലായേറിഞ്ഞാൻ!!

— ശുഭം. —

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

Cl. No. MAI Acc. No. 13415

This book should be returned on or before the date stamped below.

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MAI GOV-S Acc. No. 13415

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

Cl. No. MAI
GOV-S
Acc. No. 13415

Author ഗോവിന്ദപ്പിള്ള, പി.കെ.

Title സാഹിത്യചന്ദ്രിക

MAI
GOV-S
13415

ഗോവിന്ദപ്പിള്ള, പി.കെ.
സാഹിത്യ ചന്ദ്രിക